കേരള സർക്കാർ

11245

12175

# കേരളാ ഫിഷറീസ് വകുപ്പിന്റെ ഭരണ റിപ്പോർട്ട്

## 1992-93

എറണാകുളം ഗവൺമെന്റ് പ്രസ്സിൽനിന്നും ഗവൺമെന്റ് പ്രസ്സുകളുടെ സൂപ്രണ്ടിനാൽ അച്ചടിപ്പിക്കപ്പെട്ടത്
1994

11245

# കേരളാ ഫിഷറീസ് വകുപ്പിൻെറ
# ഭരണ റിപ്പോർട്ട്
# 1992—93

40/329—1

©
കേരള സർക്കാർ
1994

11245

# മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്

**സർക്കാർ ഉത്തരവ് (അച്ചടിച്ചത്) നമ്പർ 12/94/മ.തു.വ. തീയതി, തിരുവനന്തപുരം, 5–5–1994**

സംഗ്രഹം.—കേരള ഫിഷറീസ് വകുപ്പ് 1992–93-ലെ ഭരണ റിപ്പോർട്ട് പ്രത്യവലോകനം ചെയ്ത് പുറപ്പെടുവിക്കുന്ന ഉത്തരവ്.

## ഉത്തരവ്

1. റിക്കാർഡ് ചെയ്യുന്നു.

2. കേരള ഫിഷറീസ് വകുപ്പിന്റെ 1992–93-ലെ ഭരണറിപ്പോർട്ടാണിത്.

3. റിപ്പോർട്ട് വർഷം ശ്രീമതി കെ. സി. വത്സലകുമാരി, ഐ. എ. എസ്. ഫിഷറീസ് ഡയറക്ടറായി സേവനം അനുഷ്ഠിച്ചു. അഡീഷണൽ ഡയറക്ടറായി റിപ്പോർട്ട് വർഷം ശ്രീമതി ഇ. സരോജിനി ദേവി സേവനം അനുഷ്ഠിച്ചു. മറൈൻ എൻഫോഴ്സ്മെന്റിന്റേയും വിജിലൻസിന്റെയും ചുമതലയുള്ള സൂപ്രണ്ട് ഓഫ് പോലീസായി ശ്രീ. കെ. എസ്. വിഷ്ണു നമ്പൂതിരി 31–3–1993 വരെയും ശ്രീ. ടി. എം. രംഗനാഥൻ 8–2–1993 മുതൽ വർഷാവസാനം വരെയും സേവനമനുഷ്ഠിച്ചു. ചീഫ് സിവിൽ എഞ്ചിനീയറായി 31–1–1993 വരെ ശ്രീ. പി. ആർ. സോമശേഖരൻ നായരും, 1–2–1993 മുതൽ 31–3–1993 വരെ ശ്രീ. ഇ. സരോജിനി ദേവി അഡീഷണൽ ചാർജും വഹിച്ചു. അഡ്മിനിസ്ട്രേററീവ് ആഫീസറായി ശ്രീ. രാജേന്ദ്രഹരി 21–3–1992 മുതൽ 10–7–1992 വരെയും, അഡീഷണൽ ഡകറക്ടറായ ശ്രീമതി ഇ. സരോജിനി ദേവി 10–7–1992 മുതൽ 22–7–1992 വരെ അഡ്മിനിസ്ട്രേററീവ് ആഫീസറുടെ അധിക ചുമതലയും വഹിച്ചു. 24–7–1992 മുതൽ 25–7–1992 വരെ ശ്രീ. സി. ഡി. ജോണും, 26–7–1992 മുതൽ 8–10–1992 വരെ ശ്രീമതി ഇ. സരോജിനിദേവിയും അഡീഷണൽ ചാർജ് വഹിച്ചു. 9–10–1992 മുതൽ 31–10–1992 വരെ ശ്രീമതി ബി. പത്മകുമാരിയും, 31–10–1992 മുതൽ 11–11–1992 വരെ ശ്രീ. എൻ. വേലപ്പനും, 12–11–1992 മുതൽ വർഷാവസാനം വരെ ശ്രീ. കെ. ജി. ബാലചന്ദ്രനും അഡ്മിനിസ്ട്രേററീവ് ആഫീസറായി സേവനം അനുഷ്ഠിച്ചു.

4. റിപ്പോർട്ട് വർഷം 553,173 മെട്രിക് ടൺ കടൽ മത്സ്യം കരയ്ക്കടുപ്പിച്ചു. ഇതിൽ 42,376 മെട്രിക് ടൺ ചെമ്മീനും 35,993 മെട്രിക് ടൺ നെയ്ചാളയും 34,995 മെട്രിക് ടൺ അയിലയും 744 മെട്രിക് ടൺ ഏട്ടയും 18,052 മെട്രിക് ടൺ ചാളമത്തിയും 51,649 മെട്രിക് ടൺ നെത്തലും 56,022 മെട്രിക് ടൺ നരിമീനും 5,846 മെട്രിക് ടൺ മുള്ളനും 3,849 മെട്രിക് ടൺ സ്രാവു വർഗ്ഗങ്ങളും 23,993 മെട്രിക് ടൺ മാന്തലും 70,816 മെട്രിക് ടൺ പാരമത്സ്യവും ഉൾപ്പെടുന്നു.

5. നടപ്പുവർഷാരംഭം 483·78 ലക്ഷം രൂപ ബോട്ടുകളുടെ കുടിശ്ശിക ഇനത്തിൽ പിരിഞ്ഞുകിട്ടാനുണ്ടായിരുന്നു. തൻവർഷം 17,30,016 രൂപ പിരിച്ചെടുത്തിട്ടുണ്ട്. മുൻവർഷം 8,82,976 രൂപ ഈ ഇനത്തിൽ പിരിച്ചെടുത്തിരുന്നു.

6. ഡിപ്പാർട്ടുമെൻറ് ഹയർ പർച്ചേസ് വ്യവസ്ഥയിൽ വിതരണം ചെയ്തിട്ടുള്ള ബോട്ടുകളിൽ 153 എണ്ണം നടപ്പുവർഷം പ്രവർത്തിച്ചു.

7. ഗവൺമെൻറ് ഉടമയിൽ ശക്തികുളങ്ങര, ബേപ്പൂർ എന്നിവിടങ്ങളിലുള്ള ബോട്ടുനിർമ്മാണ ശാലകളുടെ പ്രവർത്തനം നടന്നുവരുന്നു.

8. വിഴിഞ്ഞം, നീണ്ടകര, എറണാകുളം, ബേപ്പൂർ, കണ്ണൂർ എന്നിവിടങ്ങളിൽ മത്സ്യത്തൊഴിലാളി പരിശീലന കേന്ദ്രങ്ങൾ റിപ്പോർട്ടു വർഷവും പ്രവർത്തിച്ചു. നടപ്പുവർഷം പട്ടികജാതി/പട്ടിക വർഗ്ഗത്തിൽപ്പെട്ട 4 പേരുംപ്പെടെ 11 പേർ വീതമുള്ള രണ്ട് ബാച്ചിന് ബോട്ട് സ്രാങ്ക് കോഴ്സിൽ പരിശീലനം നൽകി. സീ റെസ്ക്യു ട്രെയിനിംഗ് കോഴ്സിന് നടപ്പുവർഷം 256 പേർക്ക് പരിശീലനം നൽകി. കൂടാതെ മത്സ്യ സംസ്ക്കരണം, വിവിധ ഇനം മത്സ്യോല്പന്നങ്ങൾ നിർമ്മിക്കൽ ശാസ്ത്രീയ ചെമ്മീൻ കൃഷിയിൽ പരിശീലനം നൽകുക എന്നീ വിഷയങ്ങളിൽ 73 ഹരിജൻ വനിതകൾക്ക് പരിശീലനം നൽകി. എറണാകുളം ഉദ്യോഗസ്ഥ പരിശീലന കേന്ദ്രത്തിൽ ഇതുവരെ 30 ബാച്ചുകളിലായി 416 പേർക്ക് പ്രായോഗിക പരിശീലനം നൽകിയിട്ടുണ്ട്.

9. തിരുവനന്തപുരം, കരുനാഗപ്പള്ളി, അർത്തുങ്കൽ, എറണാകുളം, ചാവക്കാട്, താനൂർ. ബേപ്പൂർ, കണ്ണൂർ എന്നിവിടങ്ങളിൽ മേഖലാ ഫിഷറീസ് സാങ്കേതിക ഹൈസ്ക്കൂളുകൾ റിപ്പോർട്ടുവർഷവും പ്രവർത്തനം തുടർന്നു. 1992 മാർച്ചുമാസത്തിൽ എസ്. എസ്. എൽ. സി. പരീക്ഷക്കിരുന്ന 191 വിദ്യാർത്ഥികളിൽ 166 വിദ്യാർത്ഥികൾ വിജയിച്ചു. ഈ സ്കൂളുകളിലെ വൊക്കേഷണൽ ഹയർ സെക്കൻററി കോഴ്സുകളുടെ ഒന്നും രണ്ടും വർഷം ക്ലാസുകളും റിപ്പോർട്ടുവർഷം തുടർന്നു.

10. മൽസ്യബന്ധന തുറമുഖങ്ങളുടേയും ലാൻറിംഗ് സെൻററുകളുടേയും നിർമ്മാണ ജോലികൾ കേന്ദ്രാവിഷ്കൃത പദ്ധതിയിൽപ്പെടുത്തി റിപ്പോർട്ടുവർഷവും തുടർന്നു. നീണ്ടകര തുറമുഖത്തിൻെറ അററകുററപ്പണികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പുതിയാപ്പ, തങ്കശ്ശേരി, മുനമ്പം മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിൻെറ 1-ാം ഘട്ടം പൂർത്തിയായി. രണ്ടും മൂന്നും ഘട്ടങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. മാപ്പിളബേ ചോംബാൽ മത്സ്യബന്ധന തുറമുഖങ്ങളുടെ ജോലികൾ ആരംഭിച്ചു. യന്ത്രവൽകൃത ബോട്ടുകൾ കരയ്ക്കടുപ്പിക്കുന്നതിനുള്ള കേന്ദ്രങ്ങളുടെ പണി നടന്നുകൊണ്ടിരിക്കുന്നു.

11. ലാൻറിംഗ് കേന്ദ്രങ്ങളായ ചേററുവായിലേയും തോട്ടപ്പള്ളിയിലേയും പണികൾ നടന്നുകൊണ്ടിരിക്കുന്നു. പാലക്കോട് ലാൻറിംഗ് സെൻററിനുവേണ്ട നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്. പരമ്പരാഗത ലാൻറിംഗ് കേന്ദ്രങ്ങളുടെ പണി നടന്നുകൊണ്ടിരിക്കുകയാണ്. വിഴിഞ്ഞം സൗത്തിൻെറ പണിപൂർത്തിയാകാറായി. ചാലിൽഗോപാലപേട്ട ലാൻറിംഗ് കേന്ദ്രത്തിൻെറ പണി ആരംഭിച്ചു.

12. 1980-ലെ കടൽ മത്സ്യബന്ധന നിയന്ത്രണ നിയമത്തിലും റൂളുകളിലും വിഭാവന ചെയ്തിട്ടുള്ള മത്സ്യബന്ധന നിയന്ത്രണവും സംരക്ഷണ പ്രവർത്തനവും റിപ്പോർട്ടുവർഷവും തുടർന്നു.

13. ഉൾനാടൻ ജലാശയങ്ങളിലെ പട്രോളിംഗ് നടപ്പുവർഷവും കാര്യക്ഷമമായി തുടർന്നു.

14. ഉൾനാടൻ ജലാശയങ്ങളിൽനിന്നും നടപ്പുവർഷം 9,135·78 ലക്ഷം രൂപയ്ക്കുള്ള 42390 മെട്രിക് ടൺ മത്സ്യം പിടിച്ചെടുത്തു.

15. ഉൾനാടൻ ജലാശയങ്ങളുടെ മത്സ്യബന്ധനത്തിന് റിപ്പോർട്ട് വർഷവും സ്ഥിര ഉപകരണങ്ങളായ ചീനവലയും ഊന്നി വലയുമാണ് ഉപയോഗിച്ചിരുന്നത്.

16. ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിലെ കരി പൊക്കാളി നിലങ്ങളിൽ ചെമ്മീൻ കെട്ട് നടപ്പുവർഷവും പ്രചാരത്തിലുണ്ടായിരുന്നു. ലൈസൻസ് ഫീസിനത്തിൽ റിപ്പോർട്ടുവർഷം 1,88,567 രൂപ പിരിഞ്ഞു കിട്ടിയിട്ടുണ്ട്.

17. ചെറുചാലുകൾ, ചെറുകിട ജലാശയങ്ങൾ എന്നിവ ലേലം ചെയ്തു കൊടുത്ത വകയിൽ 1,32,183 രൂപ പിരിഞ്ഞുകിട്ടിയിട്ടുണ്ട്.

18. ഓരുജല മൽസ്യം വളർത്തൽ കേന്ദ്രങ്ങളായ ആയിരംതെങ്ങ്. ആറാട്ടുപുഴ പാലൈക്കരി, ഞാറയ്ക്കൽ, മാലിപ്പുറം, കടപ്പുറം, പൊയ്യപരപ്പ് എരഞ്ഞോളി എന്നീ കേന്ദ്രങ്ങൾ റിപ്പോർട്ടുവർഷവും പ്രവർത്തിച്ചു.

19. നടപ്പുവർഷം അഴിക്കോട് ചെമ്മീൻ കുഞ്ഞുല്പാദന കേന്ദ്രത്തിൽ 75·47 ലക്ഷം ചെമ്മീൻ കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ചു വിതരണം ചെയ്തു.

20. സംസ്ഥാനത്തുള്ള ജലസംഭരണികളിൽ മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിക്കൽ, മത്സ്യം പിടിക്കൽ, മത്സ്യവിൽപ്പന എന്നീ പ്രവർത്തനങ്ങൾ റിപ്പോർട്ടുവർഷവും തുടർന്നു. നടപ്പുവർഷം 18,05,750 രൂപക്കുള്ള മത്സ്യം പിടിച്ച് വിൽപ്പന നടത്തിയിട്ടുണ്ട്.

21. റിപ്പോർട്ടുവർഷം ഡിപ്പാർട്ടുമെന്റ് മേൽനോട്ടത്തിൽ 67·24 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് ഉൾനാടൻ മത്സ്യകൃഷിക്ക് വിതരണം ചെയ്തിട്ടുണ്ട്.

22. ഉൾനാടൻ മത്സ്യ കർഷകരുടെ ഉന്നമനത്തിനും മത്സ്യകൃഷിയുടെ ഉന്നമനത്തിനും വേണ്ടി കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ കേരളത്തിൽ 14 ജില്ലകളും കേന്ദ്രമാക്കി മത്സ്യകർഷക വികസന ഏജൻസികൾ പ്രവർത്തിച്ചുവരുന്നുണ്ട്. കൊല്ലം, എറണാകുളം, കണ്ണൂർ ജില്ലകളിൽ ഓരുജല മത്സ്യകർഷക വികസന ഏജൻസികൾ പ്രവർത്തിക്കുന്നു. ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ പുതിയ ഓരുജല മത്സ്യകർഷക വികസന ഏജൻസി റിപ്പോർട്ടുവർഷം രജിസ്റ്റർ ചെയ്തു.

23. യന്ത്രത്തകരാറുമൂലമോ മററ് സാങ്കേതിക തകരാറുകാരണമോ കായംകുളം, കൊയിലാണ്ടി ഒഴികെയുള്ള ഐസ് പ്ലാൻറുകൾ പ്രവർത്തിച്ചില്ല.

24. മത്സ്യത്തൊഴിലാളി ക്ഷേമ സംഘങ്ങളുടെ പ്രവർത്തനം ഏകീകരിച്ചു സഹകരണ മേഖലയിൽ കൊണ്ടുവന്നിട്ടുണ്ട്. കടൽ മേഖലയിൽ ഇപ്രകാരമുള്ള 81 ക്ഷേമ വികസന സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 1-10-1992 മുതൽ 127 ക്ഷേമ വികസന സഹകരണ സംഘങ്ങൾ രൂപീകരിച്ചു. ഉൾനാടൻ മേഖലയിൽ ഇപ്രകാരമുള്ള 23 ഉൾനാടൻ ക്ഷേമ വികസന സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. സ്പെഷ്യൽ കമ്പോണൻറ് പ്ലാൻ, ട്രൈബൽ സബ് പ്ലാൻ ഇവയുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് 72 പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്.

25. ഗൈഡുലൈററുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പു വർഷവും തുടർന്നു.

26. മത്സ്യത്തൊഴിലാളികൾക്കുവേണ്ടി സബ്സിഡി നിരക്കിൽ ഏറെറടുത്തിരുന്ന 30,000 ഭവനങ്ങളിൽ ഇതുവരെയായി 28,150 എണ്ണം പൂർത്തിയായി. 850 വീടുകളുടെ പണി പല ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. കുടിയൊഴിപ്പിക്കപ്പെട്ട മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള വിഴിഞ്ഞം റീഹാബിലിറേറഷൻ പദ്ധതി സർക്കാരിൻെറ ധനസഹായത്തോടെ നടപ്പിലാക്കിവരുന്നു. ഏറെറടുത്ത 957 വീടുകളിൽ 810 എണ്ണം പൂർത്തിയായി. 147 വീടുകളുടെ പണി പല ഘട്ടങ്ങളിലായി നടന്നുകൊണ്ടിരിക്കുന്നു. ഇതിൽ 403 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നുണ്ട്. പള്ളിത്തോട് ഡിസ്പെൻസറിയുടെ പണി റിപ്പോർട്ടു വർഷം പൂർത്തിയായി.

27. റിപ്പോർട്ടുവർഷം 8 റോഡുകളുടെ പണി നടന്നു.

28. രജിസ്ററർ ചെയ്ത മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിനുള്ള പദ്ധതി റിപ്പോർട്ടുവർഷവും തുടർന്നു. ഈ ഇനത്തിൽ 129·98 ലക്ഷം രൂപ വിദ്യാഭ്യാസാനുകൂല്യമായി വിതരണം ചെയ്തു.

29. റിപ്പോർട്ടുവർഷം ഫിഷറീസ് വകുപ്പിൻെറ അധീനതയിലുള്ള വസ്തുക്കളിലെ ഫലവൃക്ഷങ്ങൾ പാട്ടത്തിനുകൊടുത്ത വകയിൽ 1,59,720 രൂപ പിരിഞ്ഞുകിട്ടിയിട്ടുണ്ട്.

30. റിപ്പോർട്ടുവർഷം മലമ്പുഴയിലെ ശുദ്ധജല ഗവേഷണ കേന്ദ്രം പ്രവർത്തിക്കുകയും 42·29 ലക്ഷം ഫിംഗർലിംഗ്സും 17 ലക്ഷം ഹാച്ച്ലിംഗ്സും ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുകയും ചെയ്തു.

31. പന്നിവേലിച്ചിറ, പോളച്ചിറ, പരപ്പനങ്ങാടി എന്നിവിടങ്ങളിലെ മത്സ്യ കുഞ്ഞുല്പാദന കേന്ദ്രങ്ങൾ റിപ്പോർട്ടുവർഷവും പ്രവർത്തിച്ചു.

32. 8-ാം പഞ്ചവൽസര പദ്ധതിയുടെ ഒന്നാം വർഷമായ 1992-93-ൽ സംസ്ഥാന പദ്ധതികൾക്ക് 2,450·00 ലക്ഷം രൂപ വകയിരുത്തിയിരുന്നു. എന്നാൽ സംസ്ഥാനത്തെ സാമ്പത്തിക ഞെരുക്കം മൂലം സംസ്ഥാന പദ്ധതിയിൽ 722 ലക്ഷം രൂപ കുറവു ചെയ്തിരുന്നു. 50 ശതമാനം കേന്ദ്ര സഹായമുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് 790·00 ലക്ഷം രൂപയും 100 ശതമാനം കേന്ദ്ര സഹായമുള്ള പദ്ധതികൾക്ക് 900·25 ലക്ഷം രൂപയും എൻ. സി. ഡി. സി., ഹഡ്കോ എന്നിവയുടെ ധനസഹായമുള്ള പദ്ധതികൾക്ക് 546·00 ലക്ഷം രൂപയും അടക്കം 3,964·251 ലക്ഷം രൂപ

വകയിരുത്തിയിരുന്നു. സംസ്ഥാന പദ്ധതിയിൽ 1,186·00 ലക്ഷം രൂപയും 50 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയിൽ 640·56 ലക്ഷം രൂപയും 100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയിൽ 900·25 ലക്ഷം രൂപയും മററ് ഏജൻസികളുടെ ധനസഹായമുള്ള പദ്ധതിയിൽ 546·00 ലക്ഷം രൂപയും ചെലവായിട്ടുണ്ട്. മൊത്തം ചെലവുവന്നിട്ടുള്ള 3,272·81 ലക്ഷം രൂപ 1992–93-ലെ പദ്ധതി അടങ്കലിന്റെ 82,56 ശതമാനം ആണ്.

33. റിപ്പോർട്ടുവർഷം 1,83,44,173 രൂപ വരവുണ്ടായിട്ടുണ്ട്. ഫിഷറീസ് പ്ലാനിൽ 3,272.81 ലക്ഷം രൂപയും നോൺ പ്ലാനിൽ 850·83 ലക്ഷം രൂപയും ചെലവായിട്ടുണ്ട്.

റിപ്പോർട്ടുവർഷം ഫിഷറീസ് വകുപ്പിന്റെ പ്രവർത്തനം പൊതുവെ തൃപ്തികരമായിരുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

സി. ചന്ദ്രൻ,
സെക്രട്ടറി.

## ഉള്ളടക്കം


പേജ്

I ഭരണസംവിധാനം:

(എ) ഡയറക്ടറേററ് .. 1

(ബി) മററ് ആഫീസുകൾ .. 3

II മത്സ്യവികസനവും ചൂഷണവും:

(എ) സമുദ്ര മത്സ്യ സമ്പത്ത് .. 15

1. സമുദ്ര മത്സ്യാവലോകനം .. 15
2. ചെറിയ യന്ത്രവൽകൃത ബോട്ടുകളുടെ പ്രവർത്തനം .. 17
3. ബോട്ടു നിർമ്മാണ ശാലകൾ .. 18
4. യന്ത്രവൽകൃത മത്സ്യബന്ധന പരിശീലനം .. 19
5. ഉദ്യോഗസ്ഥ പരിശീലന കേന്ദ്രം .. 20
6. മേഖലാ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകൾ .. 21
7. പരിശീലനം .. 23
8. മത്സ്യബന്ധന തുറമുഖങ്ങളും ലാൻറിംഗ് കേന്ദ്രങ്ങളും .. 23
9. കടൽ മത്സ്യബന്ധന നിയന്ത്രണം നടപ്പാക്കലും കടലിലെ സംരക്ഷണ പ്രവർത്തനങ്ങളും .. 25
10. ശംഖുഫിഷറി .. 26

(ബി) ഉൾനാടൻ മത്സ്യകൃഷി, മത്സ്യ വികസന പ്രവർത്തനങ്ങൾ

1. ഉൾനാടൻ മത്സ്യ ബന്ധനാവലോകനം .. 26
2. ഓരുജല സമ്പത്ത്

(എ) സ്ഥിരമായ ഉപകരണങ്ങൾ .. 26

(ബി) മററുവലകൾ, ചൂണ്ടകൾ, മുതലായവ പ്രഫീനെററ് .. 27

(സി) നെൽപ്പാടങ്ങളിലെ ചെമ്മീൻ കെട്ട് .. 27

പേജ്

(ഡി) ജലസേചന തോടുകളിൽനിന്നും, ഉൾനാടൻ ജലാശയങ്ങളിൽനിന്നും മത്സ്യം പിടിക്കുന്നതിനുള്ള അവകാശം ലേലം ചെയ്യൽ .. 27

(ഇ) ഓരുജല മത്സ്യം വളർത്തു കേന്ദ്രങ്ങൾ .. 28

3. ശുദ്ധജല മത്സ്യ സമ്പത്ത്

(എ) ജലസംഭരണികളിലേയും ജലസേചന തോടുകളിലേയും മത്സ്യ സമ്പത്ത് .. 29

(ബി) മത്സ്യക്കുഞ്ഞുല്പാദനവും ശേഖരണവും വിതരണവും .. 30

(സി) ശുദ്ധജല അക്വേറിയം, മലമ്പുഴ .. 31

(ഡി) ഉൾനാടൻ മത്സ്യകൃഷി .. 31

(ഇ) മത്സ്യകർഷക വികസന ഏജൻസികൾ .. 31

(എഫ്) ഓരുജല മത്സ്യകർഷക വികസന ഏജൻസികൾ .. 33

(ജി) ഉൾനാടൻ ജലാശയങ്ങളിലെ സർവേ .. 34

(എച്ച്) മത്സ്യരോഗം .. 34

III. മററു സംരംഭങ്ങൾ:

1. മത്സ്യ സൂക്ഷിപ്പും വിതരണവും .. 35

2. മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങൾ .. 35

3. മററു സംരംഭങ്ങൾ .. 35

(എ) ഗൈഡു ലൈററുകൾ .. 35

(ബി) പുനരധിവാസവും ഭവനനിർമ്മാണവും .. 36

(സി) ഡിസ്പെൻസറികൾ .. 36

(ഡി) റോഡുകൾ .. 36

(ഇ) വിദ്യാഭ്യാസാനുകൂല്യങ്ങൾ .. 36

(എഫ്) ഫലവൃക്ഷങ്ങൾ പാട്ടത്തിനുകൊടുത്ത വകയിലുണ്ടായ വരുമാനം .. 36

IV. മത്സ്യ ഗവേഷണം:

(എ) സമുദ്ര മൽസ്യ ഗവേഷണം .. 36

(ബി) ശുദ്ധജല മത്സ്യ ഗവേഷണം .. 37

V. മത്സ്യബന്ധനം: 8-ാം പഞ്ചവൽസര പദ്ധതി (1992—97) .. 38

ഒന്നാം വർഷം 1992-93-ലെ പദ്ധതി പ്രവർത്തനങ്ങൾ .. 38

പേജ്

VI. പൊതുവിഭാഗം:

1. കയററുമതിയും വിദേശമാർക്കററുകളും .. 57
2. വരവും ചെലവും .. 57
3. വിവിധ പരിശീലനത്തിന് അയക്കപ്പെട്ട ഉദ്യോഗസ്ഥൻമാർ .. 57
4. മലയാളം ഭരണഭാഷയായി ഉപയോഗിക്കുന്നതിലുണ്ടായ പുരോഗതി .. 57
5. പട്ടികജാതി/പട്ടികവർഗ്ഗക്കാരായ ഉദ്യോഗസ്ഥൻമാരുടെ വിവരങ്ങൾ .. 57
6. ഇരുപതിന പരിപാടിയിൽപ്പെടുന്ന പദ്ധതികൾ 58
7. പൊതുവിലുള്ളവ .. 58

VII. അനുബന്ധങ്ങൾ:

1 (എ) 1991-92 വർഷത്തിൽ ത്രൈമാസംതോറും കരയ്ക്കടുപ്പിക്കപ്പെട്ട മത്സ്യങ്ങളുടെ വർഗ്ഗം തിരിച്ചുള്ള കണക്കുകളും അവയുടെ മൂല്യവും .. 59

(ബി) 1992-93 വർഷത്തിൽ ത്രൈമാസംതോറും കരയ്ക്കടുപ്പിക്കപ്പെട്ട മത്സ്യങ്ങളുടെ വർഗ്ഗം തിരിച്ചുള്ള കണക്കുകളും അവയുടെ മൂല്യവും .. 61

2 (എ) 1991-92 വർഷത്തിൽ ബോട്ടുകളിൽനിന്നും പിരിച്ചെടുത്ത കുടിശ്ശിക ജില്ലതിരിച്ചുള്ള കണക്കുകൾ .. 63

(ബി) 1991-92 വർഷാവസാനം ബോട്ടുകളിൽനിന്നും പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശികയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ .. 64

(സി) 1992-93 വർഷത്തിൽ ബോട്ടുകളിൽനിന്നും പിരിച്ചെടുത്ത കുടിശ്ശിക ജില്ല തിരിച്ചുള്ള കണക്കുകൾ .. 65

3. 1988-89 മുതൽ 1992-93 വരെയുള്ള കാലഘട്ടത്തിൽ വർഷം തോറും മത്സ്യബന്ധന ബോട്ടുകളിൽനിന്നും പിരിച്ചെടുത്ത കുടിശ്ശികയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ .. 66

4. 1992 മാർച്ച് മാസത്തിൽ കേരളത്തിലെ റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളുകളിൽനിന്നും എസ്. എസ്. എൽ. സി. പരീക്ഷയ്ക്കിരുന്നവരുടേയും പരീക്ഷ പാസ്സായവരുടേയും വിവരങ്ങൾ .. 67

പേജ്

5. (എ) 1991–92-ലെ ഉൾനാടൻ മത്സ്യങ്ങളുടെ വർഗ്ഗം തിരിച്ചുള്ള തൂക്കവും, മൂല്യവും .. 68

(ബി) 1992–93-ലെ ഉൾനാടൻ മത്സ്യങ്ങളുടെ വർഗ്ഗം തിരിച്ചുള്ള തൂക്കവും, മൂല്യവും .. 69

6. 1992–93-ൽ ചീനവലകൾക്കും ഊന്നിവല കൾക്കും നൽകിയ ലൈസൻസുകളുടേയും പിരിച്ചെടുത്ത തുകയുടേയും ജില്ല തിരിച്ചുള്ള കണക്കുകൾ .. 70

7. 1992–93-ൽ നൽകിയ ഫ്രീനെററ് ലൈസൻസുകളുടേയും പിരിച്ചെടുത്ത തുകയുടേയും ജില്ല തിരിച്ചുള്ള കണക്കുകൾ .. 72

8. 1992–93 കാലയളവിൽ ചെമ്മീൻ വാററുന്നതിന് നൽകിയ ലൈസൻസുകളുടേയും ഈടാക്കിയ തുകയുടേയും ജില്ലാടിസ്ഥാനത്തിലുള്ള കണക്കുകൾ .. 72

9. 1992–93-ൽ ചെറു ചാലുകൾ, ചെറുകിട ജലാശയങ്ങൾ ഇവ ലേലം ചെയ്തു കൊടുത്തവകയിൽ ഫിഷറീസ് വകുപ്പിൻെറ വരവു സംബന്ധിച്ച കണക്കുകൾ .. 73

10. 1992–93-ൽ മത്സ്യ വയലുകളിലെ പ്രവർത്തനം കുറിക്കുന്ന സ്റേററ്മെൻറ് .. 74

11. 1992–93 കാലഘട്ടത്തിൽ ജലസംഭരണികളിലെ മത്സ്യവളർത്തലും മത്സ്യബന്ധന പ്രവർത്തനങ്ങളും .. 75

12. 1992–93 കാലഘട്ടത്തിൽ ഡിപ്പാർട്ടുമെൻറ് മേൽനോട്ടത്തിൽ ഉല്പാദിപ്പിക്കപ്പെട്ട മത്സ്യക്കുഞ്ഞുങ്ങളുടെ കണക്കുകൾ .. 77

13. 1992–93 കാലഘട്ടത്തിൽ ഡിപ്പാർട്ടുമെൻറ് മേൽനോട്ടത്തിൽ സംഭരിച്ചതും വിതരണം നടത്തിയതുമായ മത്സ്യക്കുഞ്ഞുങ്ങളുടെ കണക്കുകൾ .. 79

14. 1992–93 കാലഘട്ടത്തിൽ ഐസ് ഉല്പാദന ശാലകളിലേയും ശീതസംഭരണികളിലേയും പ്രവർത്തനം .. 80

15. 1992–93-ൽ നിലവിലുള്ള സഹകരണ സംഘങ്ങളുടെ പട്ടിക .. 82

16. (എ) 1991–92-ലെ സമുദ്രമത്സ്യ ഉല്പന്നങ്ങളുടെ ഇനം തിരിച്ചുള്ള കയററുമതി വിവരങ്ങൾ .. 83

| | | പേജ് |
|---|---|---|
| | (ബി) 1992–93-ലെ സമുദ്രമത്സ്യ ഉല്പന്നങ്ങളുടെ ഇനം തിരിച്ചുള്ള കയററുമതി വിവരങ്ങൾ .. | 83 |
| 17. | 1992–93-ൽ ഫിഷറീസ് വകുപ്പു സ്ഥലത്തുള്ള ഫലവൃക്ഷങ്ങൾ പാട്ടത്തിനുകൊടുത്ത വകയിൽ പിരിഞ്ഞുകിട്ടിയ തുകയുടെ വിവരങ്ങൾ .. | 84 |
| 18. | 1991–92-ലേയും 1992–93-ലേയും വരവു സംബന്ധിച്ചുള്ള കണക്കുകൾ .. | 84 |
| 19. | 1991–92-ലേയും 1992–93-ലേയും പ്ലാനിലും നോൺ പ്ലാനിലും ഉണ്ടായ ചെലവിനങ്ങൾ .. | 86 |

# കേരളാ ഫിഷറീസ് വകുപ്പിന്റെ 1992-93-ലെ ഭരണ റിപ്പോർട്ട്

## ഭരണ സംവിധാനം

### (എ) ഡയറക്ടറേററ്

റിപ്പോർട്ടുവർഷം 14-1-1992-ലെ ജി.ഒ. (ആർ.ററി.) 436/92/ജി.എ.ഡി. ഉത്തരവുപ്രകാരം നിയമിതയായ ശ്രീമതി കെ. ബി. വത്സലകുമാരി, ഐ.എ.എസ്. 16-1-1992 മുതൽ ഫിഷറീസ് ഡയറക്ടറായി സേവനം അനുഷ്ഠിച്ചുവരുന്നു.

1-4-1991 മുതൽ 30-4-1993 വരെ ശ്രീമതി ഇ. സരോജിനി ദേവി അഡീഷണൽ ഡയറക്ടറായി സേവനം അനുഷ്ഠിച്ചു.

14-1-1992 ജി.ഒ. (ആർ.ററി.) നമ്പർ 274/92/ഹോം ഉത്തരവു പ്രകാരം 22-1-1992 മുതൽ 31-1-1993 വരെ ശ്രീ. കെ. എസ്. വിഷ്ണു നമ്പൂതിരി മറൈൻ എൻഫോഴ്സ്മെന്റ് ആന്റ് വിജിലൻസ് സൂപ്രണ്ട് ഓഫ് പോലീസ് ആയി സേവനം അനുഷ്ഠിച്ചു. 29-1-1993-ലെ ജി.ഒ. (ആർ.ററി.) 500/93/ഹോം നമ്പർ ഉത്തരവുപ്രകാരം നിയമിതനായ ശ്രീ. ടി. എം. രംഗനാഥൻ 8-2-1993 മുതൽ സൂപ്രണ്ട് ഓഫ് പോലീസ് ആയി സേവനം അനുഷ്ഠിച്ചു വരുന്നു.

റിപ്പോർട്ടുവർഷം ശ്രീ. പി. ആർ. സോമശേഖരൻ നായർ ഡയറക്ടറേറ്റിൽ ചീഫ് സിവിൽ എഞ്ചിനീയറായി സേവനം തുടർന്നു. 1-2-1993 മുതൽ 31-3-1993 വരെ ലീവിൽ പോയി. അഡീഷണൽ ഡയറക്ടർ ശ്രീമതി ഇ. സരോജിനി ദേവി അഡീഷണൽ ചാർജ് വഹിച്ചു. 20-3-1992-ലെ ജി.ഒ. (ആർ.ററി.) നമ്പർ 2493/92-ലെ ജി.എ.ഡി. ഉത്തരവുപ്രകാരം ശ്രീ. എം. എസ്. രാജേന്ദ്രഹരി 21-3-1992 മുതൽ 10-7-1992 വരെ അഡ്മിനിസ്ട്രേററീവ് ഓഫീസറായി സേവനം അനുഷ്ഠിച്ചു. 10-7-1992 മുതൽ 22-7-1992 വരെ അഡീഷണൽ ഡയറക്ടർ ശ്രീമതി ഇ. സരോജിനി ദേവി അധിക ചുമതല വഹിച്ചു. ശ്രീ. സി. ഡി. ജോൺ 24-7-1992 മുതൽ 25-7-1992 വരെ അഡ്മിനിസ്ട്രേററീവ് ഓഫീസറായി സേവനം അനുഷ്ഠിച്ചു. 26-7-1992 മുതൽ 8-10-1992 വരെ അഡീഷണൽ ഡയറക്ടർ ശ്രീമതി ഇ. സരോജിനിദേവി അധിക ചുമതല വഹിച്ചു. ബി. പത്മകുമാരി 9-10-1992 മുതൽ 31-10-1992 വരെ അഡ്മിനിസ്ട്രേററീവ് ഓഫീസറായി സേവനം അനുഷ്ഠിച്ചു. ശ്രീ. എൻ. വേലപ്പൻ 31-10-1992 മുതൽ 11-11-1992 വരെ അഡ്മിനിസ്ട്രേററീവ് ഓഫീസറായി സേവനം അനുഷ്ഠിച്ചു. 12-11-1992 മുതൽ ശ്രീ. കെ. ജി. ബാലചന്ദ്രൻ അഡ്മിനിസ്ട്രേററീവ് ഓഫീസറായി സേവനം അനുഷ്ഠിച്ചു വരുന്നു.

11-9-1991-ലെ ജി.ഒ. (ആർ.ററി.) നമ്പർ 4058/91/ഫൈനാൻസ് ഉത്തരവുപ്രകാരം 13-9-1991 മുതൽ ശ്രീ. പി. എ. കെ. നീലകണ്ഠൻ ഫൈനാൻസ് ഓഫീസറായി സേവനം അനുഷ്ഠിച്ചു വരുന്നു.

ഡയറക്ടറേററിലെ ഫിഷറീസ് കോ-ഓപ്പറേററീവ് വിഭാഗം ഡെപ്യൂട്ടി രജിസ്ട്രാറായി 28-2-1993 വരെ ശ്രീ. ജി. ഭാസ്കരൻ സേവനം അനുഷ്ഠിച്ചു.

കോ-ഓർഡിനേഷൻ ഓഫീസറായി 11-3-1992 മുതൽ 31-3-1992 വരെ ശ്രീ. കെ. സാമുവൽ കോശി സേവനം അനുഷ്ഠിച്ചു. 1-4-1992 മുതൽ 28-11-1992 വരെ ശ്രീ. ജയസേനൻ കോ-ഓർഡിനേഷൻ ഓഫീസറായി സേവനം അനുഷ്ഠിച്ചു.

ഡയറക്ടറേററിലെ മറൈൻ വിഭാഗം ഡെപ്യൂട്ടി ഡയറക്ടറായി 11-11-1991-ലെ ജി.ഒ. (ആർ.ററി.) നമ്പർ 410/91/എഫ്. ആൻറ് പി.ഡി. ഉത്തരവുപ്രകാരം 8-11-1991 മുതൽ 25-5-1992 വരെ ശ്രീ. തങ്കച്ചൻ സേവനം അനുഷ്ഠിച്ചു. 25-5-1992 മുതൽ ശ്രീ. അരവിന്ദാക്ഷൻ മറൈൻ വിഭാഗം ഡെപ്യൂട്ടി ഡയറക്ടറായി സേവനം അനുഷ്ഠിച്ചു വരുന്നു.

ഇൻലാൻറ് വിഭാഗം ഡെപ്യൂട്ടി ഡയറക്ടറായി 19-9-1988 മുതൽ 22-12-1992 വരെ ശ്രീ. സി. കെ. ഋഷികേശൻ നായർ സേവനം അനുഷ്ഠിച്ചു. 22-12-1992 മുതൽ 31-12-1992 വരെ ശ്രീമതി മീനാക്ഷി അമ്മ സേവനം അനുഷ്ഠിച്ചു. 1-1-1993 മുതൽ ശ്രീ. സി. കെ. ഋഷികേശൻ നായർ സേവനം തുടരുന്നു.

ഐസ് പ്ലാൻറ് ആൻറ് കോൾഡ് സ്റേറാറേജ് വിഭാഗം ഡെപ്യൂട്ടി ഡയറക്ടറായി 23-2-1992 മുതൽ 1-6-1992 വരെ ശ്രീ. ഡി. സജ്ജീവ ഘോഷ് സേവനം അനുഷ്ഠിച്ചു. 2-6-1992 മുതൽ ശ്രീ. എസ്. രവീന്ദ്രൻ നായർ സേവനം അനുഷ്ഠിച്ചു വരുന്നു.

ഡയറക്ടറേററിലെ മറൈൻ എൻഫോഴ്സ്മെൻറ് ഡെപ്യൂട്ടി ഡയറക്ടറായി ശ്രീ. കെ. തങ്കപ്പൻ 17-1-1992 മുതൽ 30-4-1992 വരെ സേവനം അനുഷ്ഠിച്ചു. 20-3-1992-ലെ ജി.ഒ. (ആർ.ററി.) നമ്പർ 110/92/എഫ്. ആൻറ് പി.ഡി. ഉത്തരവു പ്രകാരം നിയമിതനായ ശ്രീ. കെ. അപ്പുക്കുട്ടൻ പിള്ള 30-4-1992 മുതൽ മറൈൻ റഗുലേഷൻ ഡെപ്യൂട്ടി ഡയറക്ടറായി സേവനം അനുഷ്ഠിച്ചു വരുന്നു.

ഡയറക്ടറേററിലെ സ്ററാററിസ്ററിക്കൽ വിഭാഗത്തിൽ ഇൻലാൻറ് സർവേയുടെ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ ശ്രീ. എ. എം. ജോസഫ് നടപ്പുവർഷം സേവനം തുടരുന്നു. ഡെപ്യൂട്ടി ഡയറക്ടർ സ്ററാററിസ്ററിക്കൽ തസ്തികയിൽ ശ്രീ. പി. ശിവരാമൻ നടപ്പു വർഷവും സേവനം തുടരുന്നു. 9-3-1992 മുതൽ 27-12-1992 വരെ ശ്രീ. പി. ശിവരാമൻ (ഡെപ്യൂട്ടി ഡയറക്ടർ സ്ററാററിസ്ററിക്സ്) റിസർച്ച് ഓഫീസറുടെ അധിക ചുമതല വഹിച്ചു. 22-12-1992-ലെ ഇ.ബി. (1) 6114/92/ഡി.ഒ.എസ്. ഉത്തരവുപ്രകാരം റിസർച്ച് ഓഫീസറായി ശ്രീ. ബി. ക്രിസ്തു ദാസൻ 28-12-1992 മുതൽ സേവനം അനുഷ്ഠിച്ചു വരുന്നു. സ്ററാററിസ്ററിക്കൽ ഓഫീസർ തസ്തികയിൽ ശ്രീമതി പി. സുനന്ദിനി 5-3-1991 മുതൽ 31-3-1993 വരെ സേവനം അനുഷ്ഠിച്ചു.

ഡയറക്ടറേററിലെ പ്ലാനിംഗ് ആൻറ് മോണിട്ടറിംഗ് വിഭാഗം അസിസ്ററൻറ് ഡയറക്ടറായി 25-11-1991 മുതൽ വർഷാവസാനം വരെ ശ്രീമതി എ. ആർ. ഷീല സേവനം അനുഷ്ഠിച്ചു വരുന്നു.

ഡയറക്ടറേററിലെ എക്സ്ററൻഷൻ വിഭാഗത്തിൽ പ്രോപ്പഗണ്ടാ അസിസ്ററൻറായി 20–12–1990 മുതൽ ശ്രീമതി രമണി ചെറിയാൻ സേവനം അനുഷ്ഠിച്ചു വരുന്നു.

ഡയറക്ടറേററിലെ അഡ്മിനിസ്ട്രേററീവ് അസിസ്ററൻറായി റിപ്പോർട്ടുവർഷം 1–4–1991 മുതൽ 30–6–1992 വരെ ശ്രീമതി വി. എസ്. കൃഷ്ണകുമാരി സേവനം അനുഷ്ഠിച്ചു. 30–6–1992 മുതൽ 9–7–1992 വരെ സീനിയർ സൂപ്രണ്ടായ ശ്രീ. കെ. കെ. വാസു അഡ്മിനിസ്ട്രേററീവ് അസിസ്ററൻറിൻെറ അധിക ചുമതല വഹിച്ചു. 9–7–1992 മുതൽ വർഷാവസാനം വരെ ശ്രീ. കെ. കേശവ അയ്യർ അഡ്മിനിസ്ട്രേററീവ് അസിസ്ററൻറായി തുടരുന്നു.

ഡയറക്ടറേററിൽ മൂന്നു സീനിയർ സൂപ്രണ്ട് തസ്തികകളിൽ ഒന്നിൽ ശ്രീ. കെ. കെ. വാസു 6–7–1991 മുതൽ 5–5–1993 വരെ സീനിയർ സൂപ്രണ്ടായി സേവനം അനുഷ്ഠിച്ചു. രണ്ടാമത്തെ തസ്തികയിൽ 31–3–1992 മുതൽ 25–8–1992 വരെ ശ്രീ. കെ. സി. രാജൻ സീനിയർ സൂപ്രണ്ടായി സേവനം അനുഷ്ഠിച്ചു. ശ്രീ. ജി. ഭാസ്ക്കരൻ 25–8–1992 മുതൽ 26–8–1992 വരെ സീനിയർ സൂപ്രണ്ടായി സേവനം അനുഷ്ഠിച്ചു. കെ. സുന്ദരേശ്വരൻ നായർ 27–8–1992 മുതൽ 4–11–1992 വരെ സീനിയർ സൂപ്രണ്ടായി സേവനം അനുഷ്ഠിച്ചു. 5–11–1992 മുതൽ 25–11–1992 വരെ സീനിയർ സൂപ്രണ്ടായി ശ്രീ. ജി. ഭാസ്ക്കരൻ അഡീഷണൽ ചാർജ് വഹിച്ചു. 26–11–1992 മുതൽ 12–2–1993 വരെ ശ്രീ. കെ. സുന്ദരേശ്വരൻ നായർ സീനിയർ സൂപ്രണ്ടായി സേവനം അനുഷ്ഠിച്ചു. 12–2–1993 മുതൽ വർഷാവസാനം വരെ ശ്രീ. ജി. ഭാസ്കരൻ അഡീഷണൽ ചാർജ് വഹിച്ചു. മൂന്നാമത്തെ തസ്തികയിൽ ശ്രീ. എം. കെ. കൊച്ചുകുഞ്ഞ് 30–8–1990 മുതൽ 3–5–1992 വരെ സേവനം അനുഷ്ഠിച്ചു. കെ. സുന്ദരേശ്വരൻ നായർ 4–5–1992 മുതൽ 26–8–1992 വരെ സീനിയർ സൂപ്രണ്ടായി സേവനം അനുഷ്ഠിച്ചു. ശ്രീ. ജി. ഭാസ്ക്കരൻ 27–8–1992 മുതൽ വർഷാവസാനംവരെ സീനിയർ സൂപ്രണ്ടായി സേവനം അനുഷ്ഠിച്ചു.

കടൽ മത്സ്യബന്ധന നിയന്ത്രണ നിയമം അനുസരിച്ച് ഇമ്പൗണ്ട ചെയ്ത് കസ്ററഡിയിലെടുത്ത ബോട്ട് അഡ്ജൂഡിക്കേഷൻ നടത്തുന്ന സന്ദർഭത്തിൽ അഡ്ജൂഡിക്കേററിംഗ് ഓഫീസർമാർക്കും ഇമ്പൗണ്ടിംഗ് ഓഫീസർമാർക്കും അവശ്യംവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനു വേണ്ടി മറൈൻ എൻഫോഴ്സ്മെൻറ് പോലീസ് സൂപ്രണ്ടാഫീസിൽ 20–6–1991 തീയതിയിലെ ജി.ഒ. (ആർ.ററി) 262/91/എഫ്. ആൻറ് പി.ഡി. ഉത്തരവുപ്രകാരം ലീഗൽ ആഫീസർ (ടെക്നിക്കൽ) തസ്തിക സൃഷ്ടിക്കുകയുണ്ടായി. 12–8–1991 മുതൽ ശ്രീ. കെ. എസ്. സലിം ലീഗൽ ആഫീസർ (ടെക്നിക്കൽ) ആയി സേവനം അനുഷ്ഠിച്ചു വരുന്നു.

## (ബി) മററ് ആഫീസുകൾ

1. ദക്ഷിണമേഖല.—ദക്ഷിണമേഖല ജോയിൻററ് ഡയറക്ടറായി ജി.ഒ. (ആർ. ററി.) 410/91/എഫ്. ആൻറ് പി.ഡി. ഉത്തരവുപ്രകാരം നിയമിതനായ ശ്രീ. ററി. എൻ. ശിവദാസൻ ആശാരി 6–11–1991 മുതൽ സേവനം അനുഷ്ഠിച്ചു വരുന്നു. ജോയിൻററ് ഡയറക്ടറാഫീസിലെ അഡ്മിനിസ്ട്രേററീവ് അസിസ്ററൻറായി ശ്രീമതി ററി. കെ. കല്യാണി 1–9–1989 മുതൽ 18–2–1993 വരെ സേവനം അനുഷ്ഠിച്ചു. 9–2–1993 മുതൽ

9–5–1993 വരെ അസിസ്ററൻറ് രജിസ്ട്രാറായ ശ്രീമതി പി. വസന്ത കുമാരി അമ്മ അഡ്മിനിസ്ട്രേററീവ് അസിസ്ററൻറിൻെറ അധിക ചുമതല വഹിച്ചു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം എന്നീ ജില്ലകളിലെ ഫിഷറീസ് പ്രവർത്തനങ്ങൾ ദക്ഷിണമേഖല, ജോയിൻറ് ഡയറക്ടറുടെ മേൽനോട്ടത്തിൽ നടക്കുന്നു.

തിരുവനന്തപുരം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറായി ശ്രീ. എം. സൈമൺ 7–11–1991 മുതൽ വർഷാവസാനംവരെ സേവനം അനുഷ്ഠിച്ചു.

കൊല്ലം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറായി 27–1–1992 മുതൽ 17–6–1992 വരെ ബ്രാക്കിഷ്വാട്ടർ ഫിഷ് ഫാർമേഴ്സ് ഡെവലപ്പ്മെൻറ് ഏജൻസിയുടെ ചീഫ് എക്സിക്യൂട്ടീവ് ആയിരുന്ന ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. രവീന്ദ്രൻ നായർ അധികചുമതല വഹിച്ചു. 17–6–1992 മുതൽ വർഷാവസാനംവരെ ശ്രീ. കെ. തങ്കപ്പൻ ഡെപ്യൂട്ടി ഡയറക്ടറായി സേവനം അനുഷ്ഠിച്ചുവരുന്നു.

ആലപ്പുഴ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറായി 16–11–1991 മുതൽ 31–3–1992 വരെ ശ്രീ. പി. വി. ഗോവിന്ദൻ സേവനം അനുഷ്ഠിച്ചു. 1–4–1992 മുതൽ വർഷാവസാനംവരെ ശ്രീ. കെ. ഉണ്ണികൃഷ്ണൻ നായർ ഡെപ്യൂട്ടി ഡയറക്ടറായി സേവനം അനുഷ്ഠിച്ചുവരുന്നു.

കോട്ടയം ഫിഷറീസ് അസിസ്ററൻറ് ഡയറക്ടറായി 8–7–1991 മുതൽ ശ്രീ. ജി. തോമസ് സേവനം അനുഷ്ഠിച്ചു വരുന്നു.

പത്തനംതിട്ട ഫിഷറീസ് അസിസ്ററൻറ് ഡയറക്ടറായി ശ്രീമതി ബി. രമാദേവി 25–3–1989 മുതൽ 28–7–1992 വരെ സേവനം അനുഷ്ഠിച്ചു. 29–7–1992 മുതൽ 3–12–1992 വരെ പോളച്ചിറ അസിസ്ററൻറ് ഡയറക്ടറായ കെ. സുധാകരൻ പത്തനംതിട്ട അസിസ്ററൻറ് ഡയറക്ടറുടെ അധിക ചുമതല വഹിച്ചു. 4–12–1992 മുതൽ വർഷാവസാനംവരെ ശ്രീ. എസ്. വിശേശ്വരൻ പത്തനംതിട്ട അസിസ്ററൻറ് ഡയറക്ടറായി സേവനം അനുഷ്ഠിച്ചുവരുന്നു.

പോളച്ചിറ നാഷണൽ ഫിഷ് സീഡ് ഫാമിൽ ഫിഷറീസ് അസിസ്ററൻറ് ഡയറക്ടറായി 6–12–1991 മുതൽ 15–4–1992 വരെ പത്തനംതിട്ട ഫിഷറീസ് അസിസ്ററൻറ് ഡയറക്ടർ ശ്രീമതി ബി. രമാദേവി അധിക ചുമതല വഹിച്ചു. 15–4–1992 മുതൽ വർഷാവസാനംവരെ ശ്രീ. കെ. സുധാകരൻ പോളച്ചിറ അസിസ്ററൻറ് ഡയറക്ടറായി സേവനം അനുഷ്ഠിച്ചുവരുന്നു. റിസർച്ച് ഓഫീസറായി ശ്രീ. എ. ഗോപാലകൃഷ്ണൻ നായർ സേവനം അനുഷ്ഠിച്ചു വരുന്നു.

2. <u>മദ്ധ്യമേഖല</u>.—മദ്ധ്യമേഖല ഫിഷറീസ് ജോയിൻറ് ഡയറക്ടറായി 28–5–1988 മുതൽ 25–5–1992 വരെ ശ്രീ. കെ. എം. ശശിധരൻ സേവനം അനുഷ്ഠിച്ചു. 25–5–1992 മുതൽ ശ്രീ. എം. എസ്. നസീർ അഹമ്മദ് മദ്ധ്യമേഖല ജോയിൻറ് ഡയറക്ടറായി സേവനം അനുഷ്ഠിച്ചു വരുന്നു. ഈ ആഫീസിലെ അഡ്മിനിസ്ട്രേററീവ് അസിസ്ററൻറായി ശ്രീ. കെ. കേശവ അയ്യർ 6–1–1990 മുതൽ 4–7–1992 വരെ സേവനം അനുഷ്ഠിച്ചു. 4–7–1992 മുതൽ 10–8–1992 വരെ ജൂനിയർ സൂപ്രണ്ടായ ശ്രീ. വി. കൃഷ്ണപൈ അധികചുമതല വഹിച്ചു. 10–8–1992 മുതൽ വർഷാവസാനംവരെ ശ്രീ. കെ. കെ. പാർത്ഥസാരഥി പണിക്കർ അഡ്മിനിസ്ട്രേററീവ് അസിസ്ററൻറായി സേവനം അനുഷ്ഠിച്ചുവരുന്നു.

എറണാകുളം, തൃശ്ശൂർ, പാലക്കാട്, ഇടുക്കി എന്നീ ജില്ലകളിലെ ഫിഷറീസ് പ്രവർത്തനങ്ങൾ മദ്ധ്യമേഖല ജോയിൻറ് ഡയറക്ടറുടെ നിയന്ത്രണത്തിൽ നടക്കുന്നു.

എറണാകുളം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറായി റിപ്പോർട്ട് വർഷവും ശ്രീ. ജി. മോഹനകുമാർ സേവനം അനുഷ്ഠിച്ചുവരുന്നു. (3-9-1988-ലെ ജി.ഒ. (ആർ.റി.) 366/88 എഫ്. ആൻറ് പി.ഡി. ഉത്തരവ്).

തൃശ്ശൂർ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറായി ശ്രീ. ജി. രാമചന്ദ്രൻ നായർ 25-11-1991 മുതൽ 13-5-1992 വരെ സേവനം അനുഷ്ഠിച്ചു. 13-5-1992 മുതൽ 5-6-1992 വരെ എറണാകുളം ബ്രാക്കിഷ് വാട്ടർ ആൻറ് ട്രെയിനിംഗ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി എസ്. ലീലാവതി തൃശ്ശൂർ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറായി അധികചുമതല വഹിച്ചു. 5-6-1992 മുതൽ വർഷാവസാനംവരെ ഡോക്ടർ എം. പി. ദിലീപ് തൃശ്ശൂർ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറായി സേവനം അനുഷ്ഠിച്ചുവരുന്നു.

മലമ്പുഴ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറായി 21-11-1991 മുതൽ വർഷാവസാനംവരെ ശ്രീ. ഡി. എം. പീറേറർസ് സേവനം അനുഷ്ഠിച്ചു വരുന്നു.

ഇടുക്കി അസിസ്ററൻറ് ഡയറക്ടറായി ശ്രീ. എസ്. സുശീലൻ റിപ്പോർട്ടുവർഷവും സേവനം അനുഷ്ഠിച്ചുവരുന്നു.

3. ഉത്തരമേഖല.—ഉത്തരമേഖല ഫിഷറീസ് ജോയിൻറ് ഡയറക്ടറായി 8-2-1991 മുതൽ 25-6-1992 വരെ മദ്ധ്യമേഖല ഫിഷറീസ് ജോയിൻറ് ഡയറക്ടറായി ശ്രീ. കെ. എം. ശശിധരൻ അധികചുമതല വഹിച്ചു. 25-6-1992 മുതൽ 23-10-1992 വരെ പൂർണ്ണ ചുമതല ഏറെറടുക്കുകയും ചെയ്തു. 23-10-1992 മുതൽ 1-12-1992 വരെ ഫിഷറീസ് ജോയിൻറ് ഡയറക്ടർ അവധിയിൽ പ്രവേശിക്കുകയും, കണ്ണൂർ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി രത്നം വേണുഗോപാൽ ജോയിൻറ് ഡയറക്ടറുടെ അധികചുമതല വഹിക്കുകയും ചെയ്തു. 1-12-1992 മുതൽ വർഷാവസാനംവരെ അവധി കഴിഞ്ഞു വന്ന ഫിഷറീസ് ജോയിൻറ് ഡയറക്ടർ ശ്രീ. കെ. എം. ശശിധരൻ സേവനം അനുഷ്ഠിച്ചു വരുന്നു. ഈ ഓഫീസിലെ അഡ്മിനിസ്ട്രേററീവ് അസിസ്ററൻറായി 1-8-1991 മുതൽ വർഷാവസാനംവരെ ശ്രീ. സി. എം. അജയൻ സേവനം അനുഷ്ഠിച്ചുവരുന്നു.

മലപ്പുറം, വയനാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ ഫിഷറീസ് പ്രവർത്തനങ്ങൾ ഉത്തരമേഖല ജോയിൻറ് ഡയറക്ടറുടെ മേൽനോട്ടത്തിൽ നടക്കുന്നു.

പൊന്നാനി ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറായി 21-11-1991 മുതൽ 14-5-1992 വരെ കോഴിക്കോട് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. ടി. സിദ്ധാർത്ഥൻ അധികചുമതല വഹിച്ചു. 14-5-1992 മുതൽ 13-7-1992 വരെ കോഴിക്കോട് ജില്ലാ കൗൺസിലിലെ അസിസ്ററൻറ് ഡയറക്ടർ ശ്രീ. ജെ. എ. ജോസഫ് അധികചുമതല വഹിച്ചു. 13-7-1992 മുതൽ 17-8-1992 വരെ കോഴിക്കോട് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ

ശ്രീ. ടി. സിദ്ധാർത്ഥൻ അധികചുമതല വഹിച്ചു. 17_8_1992 മുതൽ വർഷാവസാനംവരെ ശ്രീ. കെ. ബി. ഷാജി പൊന്നാനി ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറായി സേവനം അനുഷ്ഠിച്ചു വരുന്നു.

കോഴിക്കോട് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറായി 21_11_1991 മുതൽ 14_5_1992 വരെ ശ്രീ. ടി. സിദ്ധാർത്ഥൻ സേവനം അനുഷ്ഠിച്ചു. 14_5_1992 മുതൽ 13_7_1992 വരെ ജില്ലാ കൗൺസിൽ ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. ജെ. എ. ജോസഫ് അധികചുമതല വഹിച്ചു. 13_7_1992 മുതൽ വർഷാവസാനം വരെ കോഴിക്കോട് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറായി ശ്രീ. ടി. സിദ്ധാർത്ഥൻ സേവനം അനുഷ്ഠിച്ചു വരുന്നു.

കണ്ണൂർ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറായി 23_11_1991 മുതൽ 24_6_1992 വരെ കണ്ണൂർ ഫിഷറീസ് അസിസ്റ്റന്റ് രജിസ്ട്രാർ ശ്രീ. എം. പത്മനാഭൻ നായർ അധികചുമതല വഹിച്ചു. 25_6_1992 മുതൽ 6_8_1992 വരെ കോഴിക്കോട് ഫിഷറീസ് അസിസ്റ്റന്റ് രജിസ്ട്രാർ ശ്രീമതി പി. പി. മേരി കണ്ണൂർ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറായി അധികചുമതല വഹിച്ചു. 20_3_1992_ലെ ജി.ഒ. (ആർററി.) നമ്പർ 110/92 എഫ് ആൻറ് പി.ഡി. ഉത്തരവുപ്രകാരം ശ്രീമതി എൻ. രത്നം വേണുഗോപാൽ 7_8_1992 മുതൽ വർഷാവസാനം വരെ കണ്ണൂർ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറായി സേവനം അനുഷ്ഠിച്ചുവരുന്നു.

കാസർഗോഡ് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറായി ശ്രീമതി എൻ. രത്നം വേണുഗോപാൽ 3_12_1991 മുതൽ 30_7_1992 വരെ സേവനം അനുഷ്ഠിച്ചു. 30_7_1992 മുതൽ 20_12_1992 വരെ ശ്രീമതി ബി. രമാദേവി കാസർഗോഡ് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ആയി സേവനം അനുഷ്ഠിച്ചു. 21_12_1992 മുതൽ വർഷാവസാനംവരെ ശ്രീ. പി. ആർ. രാജ് ബാബു കാസർഗോഡ് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറായി സേവനം അനുഷ്ഠിച്ചു.

വയനാട് ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടറായി 14_12_1990 മുതൽ വർഷാവസാനംവരെ ശ്രീ. ടി. ജോസ് സേവനം അനുഷ്ഠിച്ചു വരുന്നു.

4. <u>ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, ബ്രാക്കിഷ്‌വാട്ടർ ആൻറ് ട്രെയിനിംഗ്, എറണാകുളം.</u>—22_3_1985_ലെ 673/95/പി.ഡബ്ലിയു. ആൻറ് ടി. എഫ്. സർക്കാർ ഉത്തരവുപ്രകാരം പ്രോജക്ററ് ഓഫീസർ ബ്രാക്കിഷ്‌വാട്ടർ ഫിഷ് ഫാം എറണാകുളം എന്ന തസ്തിക ഡെപ്യൂട്ടി ഡയറക്ടർ, ബ്രാക്കിഷ്‌വാട്ടർ ആൻറ് ട്രെയിനിംഗ് എറണാകുളം എന്ന് പുനർനാമകരണം ചെയ്യുകയും ട്രെയിനിംഗ് ഡെപ്യൂട്ടി ഡയറക്ടറുടെ കീഴിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങളുടെ ചുമതലകൂടി ബ്രാക്കിഷ് വാട്ടർ ആൻറ് ട്രെയിനിംഗ് ഡെപ്യൂട്ടി ഡയറക്ടറുടെ നിയന്ത്രണത്തിൽ കൊണ്ടുവരുകയും ചെയ്തു.

4_2_1992 മുതൽ വർഷാവസാനംവരെ ശ്രീമതി എസ്. ലീലാവതി ഡെപ്യൂട്ടി ഡയറക്ടർ (ബ്രാക്കിഷ്‌വാട്ടർ ആൻറ് ട്രെയിനിംഗ്) ആയി സേവനം അനുഷ്ഠിച്ചുവരുന്നു.

5. ഫിഷറീസ് ജോയിൻറ് ഡയറക്ടർ ചെമ്മീൻ കുഞ്ഞുല്പാദന കേന്ദ്രം, അഴീക്കോട്.—ശ്രീ. കെ. എസ്. ജോസഫ് വർഷാവസാനംവരെ അഴീക്കോട് ചെമ്മീൻ കുഞ്ഞുൽപ്പാദനകേന്ദ്രം ജോയിൻറ് ഡയറക്ടറായി സേവനം അനുഷ്ഠിച്ചു.

6. ചീഫ് എക്സിക്യൂട്ടീവ് (ഡെപ്യൂട്ടി ഡയറക്ടർ ഗ്രേഡ്) ബ്രാക്കിഷ്വാട്ടർ ഫിഷ്ഫാർമേഴ്സ് ഡെവലപ്പ്മെൻറ് ഏജൻസി, കൊല്ലം.—30–11–1991–ലെ ജി.ഒ.പി. നമ്പർ 446/91 എഫ്. ആൻറ് പി.ഡി. ഉത്തരവുപ്രകാരം 10–12–1991 മുതൽ 1–6–1992 വരെ ഡെപ്യൂട്ടി ഡയറക്ടറായ ശ്രീ. എസ്. രവീന്ദ്രൻ നായർ ഏജൻസിയുടെ ചീഫ് എക്സിക്യൂട്ടീവായി സേവനം അനുഷ്ഠിച്ചു. 21–5–1992–ലെ സർക്കാർ ഉത്തരവു നമ്പർ 192/92 എഫ്. ആൻറ് പി.ഡി. അനുസരിച്ച് ഫിഷറീസ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. സജ്ജീവഘോഷ് ചീഫ് എക്സിക്യൂട്ടീവ് ആയി 4–6–1992 മുതൽ വർഷാവസാനംവരെ സേവനം അനുഷ്ഠിച്ചു വരുന്നു.

7. ബ്രാക്കിഷ്വാട്ടർ ഫിഷ്ഫാർമേഴ്സ് ഡെവലപ്പ്മെൻറ് ഏജൻസി, എറണാകുളം.—എറണാകുളം ബ്രാക്കിഷ്വാട്ടർ ഫിഷ് ഫാർമേഴ്സ് ഡെവലപ്മെൻറ് ഏജൻസി ചീഫ് എക്സിക്യൂട്ടീവായി 15–11–1991 മുതൽ വർഷാവസാനംവരെ ശ്രീ. പി. എ. ഖാലിദ് സേവനം അനുഷ്ഠിച്ചുവരുന്നു.

8. ബ്രാക്കിഷ് വാട്ടർ ഫിഷ് ഫാർമേഴ്സ് ഡെവലപ്പ്മെൻറ് ഏജൻസി, കണ്ണൂർ.—1–9–1990–ലെ ജി.ഒ. (എംഎസ്.) നമ്പർ 49/90 എഫ്. ആൻറ് പി.ഡി. ഉത്തരവുപ്രകാരം രൂപീകരിച്ച കണ്ണൂർ ഓരുജല മത്സ്യ കർഷക വികസന ഏജൻസി 30–10–1990–ലെ 781/90–ാം നമ്പരായി രജിസ്ററർ ചെയ്യുകയും 10–10–1990–ൽ ഉൽഘാടനം ചെയ്യുകയും ചെയ്തു. 30–11–1991 മുതൽ വർഷാവസാനംവരെ ചീഫ് എക്സിക്യൂട്ടീവായി ശ്രീ. കെ. വിശ്വനാഥൻ സേവനം അനുഷ്ഠിച്ചുവരുന്നു.

6–8–1992–ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 30/92 എഫ്. ആൻറ് പി.ഡി. പ്രകാരം ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ പുതിയ ബ്രാക്കിഷ് വാട്ടർ ഫിഷ് ഫാർമേഴ്സ് ഡെവലപ്പ്മെൻറ് ഏജൻസി രജിസ്ററർ ചെയ്തു. അതാതു ജില്ലാ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർമാരെ താൽക്കാലികമായി എക്സ്ഒഫീഷ്യോ എക്സിക്യൂട്ടീവ് ആയി നിയമിക്കുകയും ചെയ്തു. മററു ജീവനക്കാരെ നിയമിക്കുവാൻ ഗവൺമെൻറിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആലപ്പുഴ ബ്രാക്കിഷ് വാട്ടർഫിഷ് ഫാർമേഴ്സ് ഡെവലപ്പ്മെൻറ് ഏജൻസിയുടെ പരിധിയിൽ ആലപ്പുഴ ജില്ലയും തൃശ്ശൂർ ബ്രാക്കിഷ് വാട്ടർഫിഷ് ഫാർമേഴ്സ് ഡെവലപ്പ്മെൻറ് ഏജൻസിയുടെ പരിധിയിൽ തൃശ്ശൂർ ജില്ലയും കോഴിക്കോട് ബ്രാക്കിഷ് വാട്ടർ ഫിഷ് ഫാർമേഴ്സ് ഡെവലപ്പ്മെൻറ് ഏജൻസിയുടെ പരിധിയിൽ കോഴിക്കോട് ജില്ലയും മലപ്പുറം ജില്ലയും ഉൾപ്പെടുത്തിയിരിക്കുന്നു.

9. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ (സർവേ).—1–6–1990 മുതൽ വർഷാവസാനംവരെ ശ്രീ. കെ. എ. സുരേന്ദ്രൻ ഡെപ്യൂട്ടി ഡയറക്ടർ സർവെ ആയി സേവനം അനുഷ്ഠിച്ചു വരുന്നു.

10. ഫിഷറീസ് അസിസ്ററൻറ് ഡയറക്ടർ, നാഷണൽ ഫിഷ് സീഡ് ഫാം, പോളച്ചിറ.—പോളച്ചിറ നാഷണൽ ഫിഷ് സീഡ് ഫാം അസിസ്ററൻറ് ഡയറക്ടർ ആയി 6-12-1991 മുതൽ 15-4-1992 വരെ പത്തനംതിട്ട ഫിഷറീസ് അസിസ്ററൻറ് ഡയറക്ടർ ശ്രീമതി ബി. രമാദേവി അഡീഷണൽ ചാർജ് വഹിച്ചു. 15-4-1992 മുതൽ വർഷാവസാനം വരെ അസിസ്ററൻറ് ഡയറക്ടറായി ശ്രീ. കെ. സുധാകരൻ സേവനം അനുഷ്ഠിച്ചു.

11. ഫിഷറീസ് അസിസ്ററൻറ് ഡയറക്ടർ, മൽസ്യക്കുഞ്ഞുൽപ്പാദന കേന്ദ്രം, മലമ്പുഴ.—മലമ്പുഴ മൽസ്യക്കുഞ്ഞുൽപ്പാദനകേന്ദ്രം അസിസ്ററൻറ് ഡയറക്ടറായി 21-12-1991 മുതൽ 23-7-1992 വരെ ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. ഡാമിൻേറാ പീററർ അധികചുമതല വഹിച്ചു. 24-7-1992 മുതൽ വർഷാവസാനം വരെ ശ്രീ. ററി. ഡി. വേലായുധൻ സേവനമനുഷ്ഠിച്ചു വരുന്നു.

12. ഫിഷറീസ് അസിസ്ററൻറ് ഡയറക്ടർ, ചെമ്മീൻകുഞ്ഞ് ഉൽപ്പാദനകേന്ദ്രം, അഴീക്കോട്.—അഴീക്കോട് ചെമ്മീൻകുഞ്ഞുൽപ്പാദന കേന്ദ്രത്തിൽ അസിസ്ററൻറ് ഡയറക്ടറായി 18-7-1989 മുതൽ 6-8-1992 വരെ ശ്രീ. കെ. സി. ഷാജി സേവനം അനുഷ്ഠിച്ചു. 6-8-1992 മുതൽ 23-9-1992 വരെ റിസർച്ച് ഓഫീസറായ ശ്രീ. എ. ആർ. മനോഹരൻ അസിസ്ററൻറ് ഡയറക്ടറുടെ അധികചുമതല വഹിച്ചു. 23-9-1992 മുതൽ 1-1-1993 വരെ ശ്രീ. സി. എം. ചന്ദ്രശേഖരൻ അസിസ്ററൻറ് ഡയറക്ടറായി സേവനം അനുഷ്ഠിച്ചു. 1-1-1993 മുതൽ വർഷാവസാനം വരെ ശ്രീ. ബി. രമാദേവി അസിസ്ററൻറ് ഡയറക്ടറായി സേവനം അനുഷ്ഠിച്ചു. 22-12-1992 മുതൽ വർഷാവസാനം വരെ ശ്രീമതി ബി. രമാദേവി അസിസ്ററൻറ് ഡയറക്ടർ ഓഫ് ഫിഷറീസ് ആയി സേവനം അനുഷ്ഠിച്ചുവരുന്നു.

## ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർ,

## മൽസ്യ കർഷക വികസന ഏജൻസി

തിരുവനന്തപുരം.—തിരുവനന്തപുരം മൽസ്യ കർഷക വികസന ഏജൻസി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി 7-11-1991 മുതൽ വർഷാവസാനം വരെ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. എം. സൈമൺ സേവനം അനുഷ്ഠിച്ചുവരുന്നു.

കൊല്ലം.—കൊല്ലം മൽസ്യ കർഷക വികസന ഏജൻസി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി 24-11-1991 മുതൽ 30-4-1992 വരെ അസിസ്ററൻറ് ഡയറക്ടറായ ശ്രീ. വി. ധനഞ്ജയൻ സേവനം അനുഷ്ഠിച്ചു. 1-5-1992 മുതൽ 31-5-1992 വരെ മറൈൻ എൻഫോഴ്സ്മെൻറ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. കെ. അപ്പുക്കുട്ടൻപിള്ള ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി അധികചുമതല വഹിച്ചു. 1-6-1992 മുതൽ 15-9-1992 വരെ അസിസ്ററൻറ് ഡയറക്ടറായ ശ്രീ. സെബാസ്ററ്യൻ മോറീസ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ചുമതല വഹിച്ചു.

ഫിഷറീസ് ഡയറക്ടറുടെ കെ 1/1010/91-ാം നമ്പരിലെ 18-7-1992-ലെ സർക്കുലർപ്രകാരം ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ചുമതല ജില്ലകളിലെ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് നൽകിക്കൊണ്ട് ഉത്തരവായി. തൻമൂലം കൊല്ലം മൽസ്യ കർഷക വികസന ഏജൻസിയുടെ ചീഫ് എക്സിക്യൂട്ടീവ് ആയി 16-9-1992 മുതൽ വർഷാവസാനം വരെ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറായ ശ്രീ. കെ. തങ്കപ്പൻ സേവനം അനുഷ്ഠിച്ചുവരുന്നു.

ആലപ്പുഴ.—ആലപ്പുഴ മൽസ്യ കർഷക വികസന ഏജൻസി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. കെ. സുധാകരൻ 14-1-1992 വരെ സേവനം അനുഷ്ഠിച്ചു. 14-4-1992 മുതൽ 1-8-1992 വരെ ശ്രീ. ആർ. പാർത്ഥസാരഥി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി സേവനം അനുഷ്ഠിച്ചു. 1-8-1992 മുതൽ വർഷാവസാനം വരെ ഡെപ്യൂട്ടി ഡയറക്ടറായ ശ്രീ. ഉണ്ണികൃഷ്ണൻ നായർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി സേവനം അനുഷ്ഠിച്ചുവരുന്നു.

എറണാകുളം.—എറണാകുളം മൽസ്യ കർഷക വികസന ഏജൻസി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി റിപ്പോർട്ടുവർഷവും എറണാകുളം (സോണൽ) ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. ജി. മോഹൻകുമാർ സേവനം അനുഷ്ഠിച്ചുവരുന്നു.

തൃശ്ശൂർ.—തൃശ്ശൂർ മൽസ്യ കർഷക വികസന ഏജൻസി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി 18-5-1990 മുതൽ 31-7-1992 വരെ അസിസ്റ്റന്റ് ഡയറക്ടറായ ശ്രീ. കെ. പി. അബ്ദുള്ള സേവനം അനുഷ്ഠിച്ചു. 1-8-1992 മുതൽ വർഷാവസാനം വരെ തൃശ്ശൂർ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഡോക്ടർ എം. പി. ദിലീപ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി സേവനം അനുഷ്ഠിച്ചുവരുന്നു.

മലപ്പുറം.—മലപ്പുറം മൽസ്യ കർഷക വികസന ഏജൻസി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി 21-11-1991 മുതൽ 14-5-1992 വരെ കോഴിക്കോട് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. ടി. സിദ്ധാർത്ഥൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ അധികചുമതല അനുഷ്ഠിച്ചു. 14-5-1992 മുതൽ 13-7-1992 വരെ കോഴിക്കോട് ജില്ലാ കൗൺസിൽ അസിസ്റ്റന്റ് ഡയറക്ടറായ ശ്രീ. ജെ. എ. ജോസഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി സേവനം അനുഷ്ഠിച്ചു. 13-7-1992 മുതൽ 16-8-1992 വരെ കോഴിക്കോട് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ആയ ശ്രീ. ടി. സിദ്ധാർത്ഥൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി അധികചുമതല വഹിച്ചു. 17-8-1992 മുതൽ വർഷാവസാനം വരെ പൊന്നാനി ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറായ ശ്രീ. കെ. ബി. ഷാജി സേവനം അനുഷ്ഠിച്ചുവരുന്നു.

കോഴിക്കോട്.—കോഴിക്കോട് മൽസ്യ കർഷക വികസന ഏജൻസി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി 21-11-1991 മുതൽ 14-5-1992 വരെ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറായ ശ്രീ. ടി. സിദ്ധാർത്ഥൻ സേവനം അനുഷ്ഠിച്ചു. 14-5-1992 മുതൽ 13-7-1992 വരെ ജില്ലാ കൗൺസിൽ അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. ജെ. എ. ജോസഫ് അധിക ചുമതല വഹിച്ചു. 13-7-1992 മുതൽ വർഷാവസാനം വരെ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. ടി. സിദ്ധാർത്ഥൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി സേവനം അനുഷ്ഠിച്ചുവരുന്നു.

കണ്ണൂർ.—കണ്ണൂർ മൽസ്യ കർഷക വികസന ഏജൻസിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി 14-4-1989 മുതൽ 11-8-1992 വരെ ശ്രീ. ജോർജ്ജു തറയിൽ സേവനം അനുഷ്ഠിച്ചു. 12-8-1992 മുതൽ കണ്ണൂർ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി രത്നം വേണുഗോപാൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ സേവനം അനുഷ്ഠിച്ചുവരുന്നു.

കാസർഗോഡ്.—കാസർഗോഡ് മൽസ്യ കർഷക വികസന ഏജൻസി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി 3-12-1991 മുതൽ 30-7-1992 വരെ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി രത്നം വേണുഗോപാൽ സേവനം അനുഷ്ഠിച്ചു. 30-7-1992 മുതൽ 20-12-1992 വരെ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി ബി. രമാദേവി ചീഫ് എക്സിക്യൂട്ടീവായി സേവനം അനുഷ്ഠിച്ചു.

പാലക്കാട്.—പാലക്കാട് മീങ്കര മൽസ്യ കർഷക ഏജൻസിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി 9-8-1990 മുതൽ 30-5-1992 വരെ ശ്രീ. സെബാസ്റ്റ്യൻ മോറീസ് സേവനം അനുഷ്ഠിച്ചു. 30-5-1992 മുതൽ വർഷാവസാനം വരെ എക്സ്റ്റൻഷൻ ഓഫീസറായ ശ്രീ. കെ. രാമചന്ദ്രൻ അധികചുമതല വഹിച്ചു.

വയനാട്.—വയനാട് മൽസ്യ കർഷക വികസന ഏജൻസിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി 3-9-1991 മുതൽ അസിസ്റ്റൻറ് ഡയറക്ടർ ടി. ജോസ് വർഷാവസാനം വരെ സേവനം അനുഷ്ഠിച്ചു വരുന്നു.

കോട്ടയം.—കോട്ടയം മൽസ്യ കർഷക വികസന ഏജൻസിയുടെ ചീഫ് എക്സിക്യൂട്ടീവ് ആയി 8-7-1991 മുതൽ അസിസ്റ്റൻറ് ഡയറക്ടറായ ശ്രീ. ജി. തോമസ് സേവനം അനുഷ്ഠിച്ചുവരുന്നു.

പത്തനംതിട്ട.—പത്തനംതിട്ട മൽസ്യ കർഷക വികസന ഏജൻസിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി അസിസ്റ്റൻറ് ഡയറക്ടറായ ശ്രീമതി ബി. രമാദേവി 28-7-1992 വരെ സേവനം അനുഷ്ഠിച്ചു. 29-7-1992 മുതൽ 3-12-1992 വരെ പോളച്ചിറ അസിസ്റ്റൻറ് ഡയറക്ടർ ആയ ശ്രീ. കെ. സുധാകരൻ പത്തനംതിട്ട ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി അധികചുമതല വഹിച്ചു. 4-12-1992 മുതൽ വർഷാവസാനം വരെ ശ്രീ. എസ്. വിശ്വേശ്വരൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി സേവനം അനുഷ്ഠിച്ചുവരുന്നു.

## ജില്ലാ കൗൺസിൽ അസിസ്റ്റൻറ് ഡയറക്ടർമാർ

1. തിരുവനന്തപുരം.—തിരുവനന്തപുരം ജില്ലാ കൗൺസിൽ ഫിഷറീസ് അസിസ്റ്റൻറ് ഡയറക്ടറായി 23-11-1991 മുതൽ വർഷാവസാനം വരെ ശ്രീമതി എസ്. സുജാത സേവനം അനുഷ്ഠിച്ചുവരുന്നു.

2. കൊല്ലം.—കൊല്ലം ജില്ലാ കൗൺസിൽ ഫിഷറീസ് അസിസ്റ്റൻറ് ഡയറക്ടറായി 24-11-1991 മുതൽ 30-4-1992 വരെ ശ്രീ. വി. ധനഞ്ജയൻ സേവനം അനുഷ്ഠിച്ചു. 1-5-1992 മുതൽ 31-5-1992 വരെ മറൈൻ എൻഫോഴ്സ്മെൻറ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. കെ. അപ്പുക്കുട്ടൻ പിള്ള അധികചുമതല വഹിച്ചു. 1-6-1992 മുതൽ വർഷാവസാനം വരെ ശ്രീ. സെബാസ്റ്റ്യൻ മോറീസ് സേവനം അനുഷ്ഠിച്ചുവരുന്നു.

3. പത്തനംതിട്ട.—പത്തനംതിട്ട ജില്ലാ കൗൺസിൽ ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടറായി ശ്രീ. ബി. രമാദേവി 28–7–1992 വരെ സേവനം അനുഷ്ഠിച്ചു. 29–7–1992 മുതൽ 3–12–1992 വരെ പോളച്ചിറ അസിസ്റ്റന്റ് ഡയറക്ടറായ ശ്രീ. കെ. സുധാകരൻ അധികച്ചുമതല വഹിച്ചു. 4-12-1992 മുതൽ വർഷാവസാനം വരെ ശ്രീ. എസ്. വിശേശ്വരൻ ജില്ലാ കൗൺസിൽ ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടറായി സേവനം അനുഷ്ഠിച്ചുവരുന്നു.

4. ആലപ്പുഴ.—ആലപ്പുഴ ജില്ലാ കൗൺസിൽ ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടറായി ശ്രീ. കെ. സുധാകരൻ 14–4–1992 വരെ സേവനം അനുഷ്ഠിച്ചു. 14–4–1992 മുതൽ വർഷാവസാനം വരെ ശ്രീ. ആർ. പാർത്ഥസാരഥി അസിസ്റ്റന്റ് ഡയറക്ടറായി സേവനം അനുഷ്ഠിച്ചു.

5. കോട്ടയം.—കോട്ടയം ജില്ലാ കൗൺസിൽ ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടറായി ശ്രീ. ജി. തോമസ് 8–7–1991 മുതൽ സേവനം അനുഷ്ഠിച്ചുവരുന്നു.

6. എറണാകുളം.—എറണാകുളം ജില്ലാ കൗൺസിൽ ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടറായി ശ്രീ. ജെ. സി. വാസു 21–11–1991 മുതൽ 31–6–1992 വരെ സേവനം അനുഷ്ഠിച്ചു. 1–7–1992 മുതൽ 9–8–1992 വരെ എറണാകുളം സോണൽ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. ജി. മോഹൻകുമാർ അധികച്ചുമതല വഹിച്ചു. 10–8–1992 മുതൽ വർഷാവസാനം വരെ അസിസ്റ്റന്റ് ഡയറക്ടറായ ശ്രീ. എൻ. വി. അവ്‌ലേയ്സി സേവനം അനുഷ്ഠിച്ചുവരുന്നു.

7. തൃശ്ശൂർ.—തൃശ്ശൂർ ജില്ലാ കൗൺസിൽ ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടറായി 1991 ഒക്ടോബർ മുതൽ ശ്രീ. പി. കെ. അബ്ദുള്ള സേവനം അനുഷ്ഠിച്ചുവരുന്നു.

8. മലപ്പുറം.—മലപ്പുറം ജില്ലാ കൗൺസിൽ ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടറായി ശ്രീ. എൻ. വി. അല്ലേയ്സ് 2–7–1991 മുതൽ 1–8–1992 വരെ സേവനം അനുഷ്ഠിച്ചു. 1–8–1992 മുതൽ 19–9–1992 വരെ തൃശ്ശൂർ ജില്ലാ കൗൺസിൽ അസിസ്റ്റന്റ് ഡയറക്ടർ ആയ ശ്രീ. കെ. പി. അബ്ദുള്ള അധികച്ചുമതല വഹിച്ചു. 19–9–1992 മുതൽ 1–12–1992 വരെ ശ്രീ. എസ്. വിശേശ്വരൻ ജില്ലാ കൗൺസിൽ അസിസ്റ്റന്റ് ഡയറക്ടറായി സേവനം അനുഷ്ഠിച്ചു. 1–12–1992 മുതൽ വർഷാവസാനം വരെ പി. വി. ഷംസുദ്ദീൻ അസിസ്റ്റന്റ് ഡയറക്ടറായി സേവനം അനുഷ്ഠിച്ചു.

9. കോഴിക്കോട്.—കോഴിക്കോട് ജില്ലാ കൗൺസിൽ ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടറായി ശ്രീ. ജെ. എ. ജോസഫ് സേവനം അനുഷ്ഠിച്ചുവരുന്നു.

10. കണ്ണൂർ.—കണ്ണൂർ ജില്ലാ കൗൺസിൽ ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടറായി ശ്രീ. ജോർജ്ജ് തറയിൽ 1–10–1991 മുതൽ സേവനം അനുഷ്ഠിച്ചുവരുന്നു.

11. കാസർഗോഡ്.—കാസർഗോഡ് ജില്ലാ കൗൺസിൽ ഫിഷറീസ് അസിസ്ററൻറ് ഡയറക്ടറായി ശ്രീ. കെ. സി. പുഷ്പരാജ് സേവനം അനുഷ്ഠിച്ചുവരുന്നു.

12. പാലക്കാട്.—പാലക്കാട് ജില്ലാ കൗൺസിൽ ഫിഷറീസ് അസിസ്ററൻറ് ഡയറക്ടറായി ശ്രീ. സെബാസ്ററ്യൻ മോറീസ് 30–5–1992 വരെ സേവനം അനുഷ്ഠിച്ചു. 30–5–1992 മുതൽ വർഷാവസാനം വരെ എക്സ്ററൻഷൻ ഓഫീസറായ ശ്രീ. കെ. രാമചന്ദ്രൻ അധികചുമതല വഹിച്ചു.

13. വയനാട്.—വയനാട് ജില്ലാ കൗൺസിൽ ഫിഷറീസ് അസിസ്ററൻറ് ഡയറക്ടറായി 3–9–1991 മുതൽ വർഷാവസാനം വരെ ശ്രീ. ററി. ജോസ് സേവനം അനുഷ്ഠിച്ചു.

14. ഇടുക്കി.—ഇടുക്കി ജില്ലാ കൗൺസിൽ ഫിഷറീസ് അസിസ്ററൻറ് ഡയറക്ടറായി ശ്രീ. എസ്. സുശീലൻ സേവനം അനുഷ്ഠിച്ചുവരുന്നു.

## അസിസ്ററൻറ് രജിസ്ട്രാർമാർ

തിരുവനന്തപുരം ഫിഷറീസ് കോ-ഓപ്പറേററീവ് അസിസ്ററൻറ് രജിസ്ട്രാറായി നടപ്പുവർഷം ശ്രീമതി പി. വസന്തകുമാരി അമ്മ സേവനം അനുഷ്ഠിച്ചുവരുന്നു.

കൊല്ലം ഫിഷറീസ് കോ-ഓപ്പറേററീവ് അസിസ്ററൻറ് രജിസ്ട്രാർ ആയി 1–8–1992 വരെ ശ്രീ. പാർത്ഥസാരഥി പണിക്കർ സേവനം അനുഷ്ഠിച്ചു. 1–8–1992 മുതൽ 1–9–1992 വരെ ഫിഷറീസ് ഡെവലപ്മെൻറ് ആഫീസർ ശ്രീ. എം. സോമൻ അധികചുമതല വഹിച്ചു. 2–9–1992 മുതൽ ശ്രീ. ജി. വിജയൻ വർഷാവസാനം വരെ സേവനം അനുഷ്ഠിച്ചു.

എറണാകുളം ഫിഷറീസ് അസിസ്ററൻറ് രജിസ്ട്രാറായി 1–9–1992 വരെ ശ്രീ. ജി. വിജയൻ സേവനം അനുഷ്ഠിച്ചു. 2–9–1992 മുതൽ വർഷാവസാനം വരെ ശ്രീമതി പി. പി. മേരി അസിസ്ററൻറ് രജിസ്ട്രാർ ആയി സേവനം അനുഷ്ഠിച്ചുവരുന്നു.

തൃശ്ശൂർ ഫിഷറീസ് അസിസ്ററൻറ് രജിസ്ട്രാറായി 9–9–1989 മുതൽ 30–4–1992 വരെ ശ്രീ. സി. ഒ. ജോർജ്ജ് സേവനം അനുഷ്ഠിച്ചു. 1–5–1992 മുതൽ 11–5–1992 വരെ ശ്രീ. കെ. സി. രാജൻ ഫിഷറീസ് ഡെവലപ്മെൻറ് ഓഫീസർ അധികചുമതല വഹിച്ചു. 12–5–1992 മുതൽ വർഷാവസാനം വരെ ശ്രീ. എം. കെ. കൊച്ചുകുഞ്ഞ് അസിസ്ററൻറ് രജിസ്ട്രാർ ആയി സേവനം അനുഷ്ഠിച്ചുവരുന്നു.

പൊന്നാനി ഫിഷറീസ് അസിസ്ററൻറ് രജിസ്ട്രാറായി ശ്രീ. എം. കെ. പവിത്രൻ സേവനം അനുഷ്ഠിച്ചുവരുന്നു.

കോഴിക്കോട് ഫിഷറീസ് അസിസ്ററൻറ് രജിസ്ട്രാറായി ശ്രീമതി പി. പി. മേരി 31–8–1992 വരെ സേവനം അനുഷ്ഠിച്ചു. ഫിഷറീസ് ഡയറക്ടറുടെ 28–7–1992 ലെ എ2/13849/92 ഉത്തരവു പ്രകാരം ശ്രീ. എം. പത്മനാഭൻ നായർ 1–9–1992 മുതൽ അസിസ്ററൻറ് രജിസ്ട്രാറായി സേവനം അനുഷ്ഠിച്ചുവരുന്നു.

കണ്ണൂർ ഫിഷറീസ് കോ-ഓപ്പറേററീവ് അസിസ്ററൻറ് രജിസ്ട്രാർ ആയി 20-6-1990 മുതൽ 31-8-1992 വരെ ശ്രീ. എം. പത്മനാഭൻ നായർ സേവനം അനുഷ്ഠിച്ചു. 31-8-1992 മുതൽ വർഷാവസാനം വരെ ശ്രീ. കെ. സി. രാജൻ ഫിഷറീസ് അസിസ്ററൻറ് രജിസ്ട്രാർ ആയി സേവനം അനുഷ്ഠിച്ചുവരുന്നു.

## സൂപ്രണ്ടുമാർ, ഫിഷറീസ് ട്രെയിനിംഗ് സെൻററുകൾ

വിഴിഞ്ഞം മൽസ്യ തൊഴിലാളി പരിശീലനകേന്ദ്രത്തിൽ സൂപ്രണ്ടായി 14-1-1991 മുതൽ ശ്രീ. ററി. സി. ജോൺ സേവനം അനുഷ്ഠിച്ചു വരുന്നു.

നീണ്ടകര മൽസ്യ തൊഴിലാളി പരിശീലനകേന്ദ്രത്തിൽ സൂപ്രണ്ടായി 27-12-1990 മുതൽ ശ്രീ. ഫിലിപ് സെബാസ്ററ്യൻ സേവനം അനുഷ്ഠിച്ചുവരുന്നു.

എറണാകുളം മൽസ്യ തൊഴിലാളി പരിശീലനകേന്ദ്രത്തിൽ സൂപ്രണ്ടായി 17-4-1989 മുതൽ വർഷാവസാനം വരെ ശ്രീ. സി. എം. ചന്ദ്രശേഖരൻ സേവനം അനുഷ്ഠിച്ചുവരുന്നു.

ബേപ്പൂർ മൽസ്യ തൊഴിലാളി പരിശീലന കേന്ദ്രത്തിൽ സൂപ്രണ്ടായി 8-7-1991 മുതൽ വർഷാവസാനം വരെ ശ്രീ. കെ. പി. ശിവപ്രകാശ് സേവനം അനുഷ്ഠിച്ചുവരുന്നു.

കണ്ണൂർ മൽസ്യ തൊഴിലാളി പരിശീലന കേന്ദ്രത്തിൽ സൂപ്രണ്ടായി 16-7-1991 മുതൽ ശ്രീ. കെ. പി. അബ്ദുള്ള സേവനം അനുഷ്ഠിച്ചു വരുന്നു. (ഫിഷറീസ് ഡയറക്ടറുടെ 3-7-1991-ലെ എ2/14310/91 എന്ന ഉത്തരവ്).

## സൂപ്രണ്ട്, ഫിഷറീസ് കോംപ്ലക്സ്, പന്നിവേലിച്ചിറ

പന്നിവേലിച്ചിറ ഫിഷറീസ് കോംപ്ലക്സിൽ സൂപ്രണ്ടായി ശ്രീമതി ബേബി ലതിക റിപ്പോർട്ടുവർഷം അവസാനം വരെ സേവനം അനുഷ്ഠിച്ചു വരുന്നു.

## അസിസ്ററൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ബോട്ട് നിർമ്മാണശാലകൾ

ശക്തികുളങ്ങര ബോട്ട് നിർമ്മാണശാലയിൽ അസിസ്ററൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറായി കേരള ഫിഷറീസ് കോർപ്പറേഷനിൽ നിന്നും ഡിപ്പാർട്ട്മെൻറിലേക്ക് വന്ന അസിസ്ററൻറ് ഫ്ളീററ് എഞ്ചിനീയർ ശ്രീ. പി. അഹമ്മദ് നിസാം ഷാ 19-12-1992 വരെ സേവനം അനുഷ്ഠിച്ചു. തുടർന്ന് മൂന്നു മാസത്തേക്ക് ലീവിൽ പോയി. തുടർന്ന് 19-12-1992 മുതൽ 18-3-1993 വരെ കൊല്ലം ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. കെ. തങ്കപ്പൻ അസിസ്ററൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അധികചുമതല വഹിച്ചു. 19-3-1993 മുതൽ അവധികഴിഞ്ഞു വന്ന അഹമ്മദ് നിസാംഷാ എക്സിക്യൂട്ടീവ് എഞ്ചിനീയറായി സേവനം അനുഷ്ഠിച്ചുവരുന്നു.

ബേപ്പൂർ ബോട്ട് ബിൽഡിംഗ് യാർഡിലെ അസിസ്ററൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറായി 31_5_1992 വരെ കോഴിക്കോട് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. ററി. സിദ്ധാർത്ഥൻ അധികചുമതല വഹിച്ചു. 1_6_1992 മുതൽ 25_10_1992 വരെ കോഴിക്കോട് ജോയിൻറ് ഡയറക്ടർ ഓഫീസിലെ അഡ്മിനിസ്ട്രേററീവ് അസിസ്ററൻറ് ആയ ശ്രീ. സി. എം. അജയൻ അധികചുമതല വഹിച്ചു. 26_10_1992 മുതൽ വർഷാവസാനം വരെ കോഴിക്കോട് ജില്ലാ കൗൺസിൽ അസിസ്ററൻറ് ഡയറക്ടർ ശ്രീ. ജെ. എ. ജോസഫ് അസിസ്ററൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സേവനം അനുഷ്ഠിച്ചുവരുന്നു.

ഹെഡ്മാസ്ററർ, മേഖലാ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂരം

തിരുവനന്തപുരം വലിയതുറ മേഖലാ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂരം ഹെഡ്മാസ്ററർ ആയി റിപ്പോർട്ട് വർഷവും ശ്രീ. എം. കെ. ഗോപിനാഥൻ നായർ സേവനം അനുഷ്ഠിച്ചുവരുന്നു.

കരുനാഗപ്പള്ളി മേഖലാ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂരം ഹെഡ്മാസ്റററായി 10_1_1992 മുതൽ 25_3_1992 വരെ സീനിയർ അസിസ്ററൻറായ ശ്രീമതി ജസീനാ ജോസ് ഹെഡ്മിസ്ട്രസായി അധികചുമതല വഹിച്ചു. 26_3_1992 മുതൽ 31_5_1992 വരെ ശ്രീമതി റസിയാ ബീഗം ഹെഡ്മിസ്ട്രസായി സേവനം അനുഷ്ഠിച്ചു. 1_6_1992 മുതൽ ശ്രീ. ററി. ഡി. സദാശിവൻ ഹെഡ്മാസ്ററർ ആയി സേവനം അനുഷ്ഠിച്ചുവരുന്നു. ആലപ്പുഴ ജില്ലയിലെ അർത്തുങ്കൽ മേഖലാ ഫിഷറീസ് ടെക്നിക്കൽ സ്കൂളിൽ ഹെഡ്മാസ്റററായി 1_7_1989 മുതൽ ശ്രീ. കെ. ഭാസ്കര പണിക്കർ സേവനം അനുഷ്ഠിച്ചുവരുന്നു.

എറണാകുളം തേവര മേഖലാ ഫിഷറീസ് ടെക്നിക്കൽ സ്കൂളിൽ ഹെഡ്മാസ്റററായി 20_6_1991 മുതൽ വർഷാവസാനം വരെ ശ്രീ. എം. എ. ജോയ് ഹെഡ്മാസ്റററായി സേവനം അനുഷ്ഠിച്ചുവരുന്നു.

ചാവക്കാട് മേഖലാ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂരം ഹെഡ്മിസ്ട്രസായി ശ്രീമതി ടി. എ. ലീല 3_6_1992 മുതൽ സേവനം അനുഷ്ഠിച്ചുവരുന്നു.

താനൂർ മേഖലാ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂരം ഹെഡ്മാസ്റററായി 21_6_1991 മുതൽ 9_11_1991 വരെ ശ്രീ. എ. കെ. സുരേന്ദ്രൻ സേവനം അനുഷ്ഠിച്ചു. 10_11_1991 മുതൽ 12_1_1992 വരെ എച്ച്.എസ്.എ. ആയ ശ്രീമതി ലില്ലി അധികചുമതല വഹിച്ചു. 13_1_1992 മുതൽ 24_5_1992 വരെ ശ്രീ. എ. കെ. സുരേന്ദ്രൻ ഹെഡ്മാസ്റററായി സേവനം അനുഷ്ഠിച്ചു. ഓർഡർ നമ്പർ ഡി5/59016/92 ഡി.പി.ഐ. അനുസരിച്ച് 25_5_1992 മുതൽ ശ്രീമാൻ വി. ഐ. ഹസ്സൻ റാവുത്തർ ഹെഡ്മാസ്റററായി സേവനം അനുഷ്ഠിച്ചുവരുന്നു.

ബേപ്പൂർ മേഖലാ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളിൽ ഹെഡ്മാസ്റററായി ശ്രീ. എം. അബ്ദുറഹ്മാൻ 1_6_1990 മുതൽ 1_6_1992 വരെ സേവനം അനുഷ്ഠിച്ചു. 18-5-1992_ലെ ഡി.പി.ഐ.യുടെ നമ്പർ ഡി5/59016/92 ഉത്തരവു പ്രകാരം 6_6_1992 മുതൽ വർഷാവസാനം വരെ ശ്രീ. സുകുമാരൻ ഹെഡ്മാസ്റററായി സേവനം അനുഷ്ഠിച്ചുവരുന്നു.

കണ്ണൂർ മേഖലാ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളിൽ ഹെഡ്മാസ്ററററായി 1–1–1992 മുതൽ 31–3–1992 വരെ ശ്രീ. കെ. പത്മനാഭൻ സേവനം അനുഷ്ഠിച്ചു. 1–4–1992 മുതൽ 23–6–1992 വരെ സീനിയർ ഹൈസ്കൂൾ അസിസ്ററൻറ് ശ്രീ. കെ. മോഹൻദാസ് ഹെഡ്മാസ്ററററായി അധികചുമതല വഹിച്ചു. 18–5–1992–ലെ ഡി15/59016/92 ഡി.പി.ഐ. ഉത്തരവുപ്രകാരം നിയമിതനായ ശ്രീ. പി. കെ. ഗോവിന്ദൻ 24–6–1992 മുതൽ ഹെഡ്മാസ്ററററായി സേവനം അനുഷ്ഠിച്ചു വരുന്നു.

## മറൈൻ സർവേ ഓഫീസർ, വിഴിഞ്ഞം

റിപ്പോർട്ടുവർഷം ശ്രീമതി വി. എസ്. മേരി മറൈൻ സർവേ ഓഫീസറായി സേവനം അനുഷ്ഠിച്ചുവരുന്നു.

## ഫ്രഷ് വാട്ടർ ബയോളജിസ്ററ്, മലമ്പുഴ

മലമ്പുഴ ഫ്രഷ്വാട്ടർ ബയോളജിസ്ററായി 6–12–1990 മുതൽ വർഷാവസാനം വരെ ശ്രീമതി ജർട്രൂഡ് സേവനം അനുഷ്ഠിച്ചുവരുന്നു.

## റിസർച്ച് ഓഫീസർമാർ

പോളച്ചിറ നാഷണൽ ഫിഷ്സീഡ് ഫാമിൽ റിസർച്ച് ഓഫീസറായി 2–1–1990 മുതൽ ശ്രീ. എ. ഗോപാലകൃഷ്ണൻ നായർ റിസർച്ച് ഓഫീസർ ആയി സേവനം അനുഷ്ഠിച്ചു.

റിപ്പോർട്ടുവർഷം അഴീക്കോട് ചെമ്മീൻ കുഞ്ഞുൽപ്പാദന കേന്ദ്രത്തിൽ റിസർച്ച് ഓഫീസറായി 2–1–1990 മുതൽ ശ്രീ. എ. ആർ. മനോഹരൻ സേവനം അനുഷ്ഠിച്ചുവരുന്നു.

# മത്സ്യവികസനവും ചൂഷണവും

## (എ) സമുദ്ര മത്സ്യസമ്പത്ത്

1. സമുദ്ര മത്സ്യാവലോകനം—നടപ്പുവർഷം 5,53,173 മെട്രിക്ടൺ കടൽ മത്സ്യം കരയ്ക്കെടുപ്പിച്ചിരുന്നു. ജൂലൈ, ആഗസ്ററ്, സെപ്തംബർ എന്നീ മാസങ്ങളടങ്ങിയ രണ്ടാമത്തെ കാർട്ടറിലാണ് ഏററവും കൂടുതൽ മത്സ്യം പിടിച്ചത്. ആകെ പിടിച്ച മത്സ്യത്തിൻെറ 38 ശതമാനം ഈ കാർട്ടറിലാണ് കരയ്ക്കെടുപ്പിച്ചത്. ഏപ്രിൽ, മേയ്, ജൂൺ എന്നീ മാസങ്ങളടങ്ങിയ ഒന്നാമത്തെ കാർട്ടറിലാണ് നടപ്പുവർഷം ഏററവും കുറവ് മത്സ്യം പിടിച്ചത്. മുൻവർഷത്തെ അപേക്ഷിച്ച് നടപ്പുവർഷം മത്സ്യ ഉല്പാദനത്തിൽ വർദ്ധനവുണ്ടായി. മുൻവർഷം 5,34,868 മെട്രിക് ടൺ മത്സ്യം പിടിച്ചിരുന്നു. നടപ്പുവർഷവും മുൻവർഷവും കരയ്ക്കെടുപ്പിക്കപ്പെട്ട മത്സ്യത്തിൻെറ ഇനം തിരിച്ചുള്ള കണക്കുകൾ അനുബന്ധം 1–ലായി കൊടുത്തിട്ടുണ്ട്. പ്രധാനപ്പെട്ട മത്സ്യങ്ങളുടെ ഒരവലോകനം താഴെ കൊടുക്കുന്നു.

ചെമ്മീൻ.—നടപ്പുവർഷം 42,376 മെട്രിക്ടൺ ചെമ്മീൻ പിടിച്ചിരുന്നു. മുൻ വർഷം പിടിച്ച ചെമ്മീനിൻെറ തൂക്കം 584.78 മെട്രിക്ടൺ ആയിരുന്നു.

നെയ്ച്ചാള.—നടപ്പുവർഷം 35993 മെട്രിക്ടൺ നെയ്ച്ചാള പിടിച്ചിരുന്നു. മുൻവർഷം 96655 മെട്രിക്ടൺ നെയ്ച്ചാള പിടിച്ചിരുന്നു. നടപ്പുവർഷം നെയ്ച്ചാളയുടെ ഉല്പാദനത്തിൽ കുറവുണ്ടായി. മൊത്തം പിടിച്ച മത്സ്യത്തിന്റെ 7 ശതമാനം നെയ്ച്ചാളയാണ്.

അയില.—അയിലയുടെ ഉൽപ്പാദനത്തിലും നടപ്പുവർഷം കുറവുണ്ടായിട്ടുണ്ട്. മുൻവർഷം 51,307 മെട്രിക്ടൺ അയിലയാണ് പിടിച്ചത്. റിപ്പോർട്ട് വർഷം 34995 മെട്രിക്ടൺ അയില പിടിച്ചു. ജൂലൈ, ആഗസ്റ്റ്, സെപ്തംബർ എന്നീ മാസങ്ങളിലാണ് അയില ഏററവും കൂടുതൽ പിടിച്ചത്.

ഏട്ട.—റിപ്പോർട്ട് വർഷം 744 മെട്രിക്ടൺ ഏട്ട പിടിച്ചു. മുൻവർഷം 1,659 മെട്രിക്ടൺ ഏട്ട പിടിച്ചിരുന്നു.

ചാളമത്തി.—ചാളമത്തിയുടെ ഉൽപ്പാദനത്തിലും നടപ്പുവർഷം കുറവുണ്ടായിട്ടുണ്ട്. മുൻവർഷം 20,584 മെട്രിക്ടൺ ചാളമത്തി പിടിച്ചപ്പോൾ നടപ്പുവർഷം 18,052 മെട്രിക്ടൺ ചാളമത്തിയാണ് പിടിച്ചത്.

നെത്തൽ.—നടപ്പുവർഷം 51,649 മെട്രിക്ടൺ നെത്തൽ പിടിച്ചു. മുൻവർഷം പിടിച്ച നെത്തലിന്റെ തൂക്കം 44,814 മെട്രിക്ടൺ ആയിരുന്നു. നെത്തലിന്റെ ഉൽപ്പാദനത്തിൽ നടപ്പുവർഷം ഗണ്യമായ വർദ്ധനവുണ്ടായി.

കലവ (നരിമീൻ).—റിപ്പോർട്ടുവർഷം 56,022 മെട്രിക്ടൺ നരിമീൻ പിടിച്ചു. മുൻവർഷം 39,518 മെട്രിക്ടൺ നരിമീൻ പിടിച്ചിരുന്നു. നരിമീനിന്റെ ഉൽപ്പാദനത്തിൽ നടപ്പുവർഷം ഗണ്യമായ വർദ്ധനവുണ്ടായി.

മുള്ളൻ.—നടപ്പുവർഷം 5,846 മെട്രിക്ടൺ മുള്ളൻ പിടിച്ചു. മുൻവർഷം 5,312 മെട്രിക്ടൺ മുള്ളൻ പിടിച്ചിരന്നു. മുള്ളന്റെ ഉൽപ്പാദനത്തിൽ നടപ്പുവർഷം ഗണ്യമായ വർദ്ധനവുണ്ടായി.

സ്രാവു വർഗ്ഗങ്ങൾ.—തെരണ്ടി, സ്രാവ് എന്നീ ഇനത്തിൽപ്പെട്ട 3849 മെട്രിക്ടൺ മത്സ്യം നടപ്പുവർഷം പിടിച്ചിരുന്നു. മുൻവർഷം പിടിച്ച സ്രാവുവർഗ്ഗത്തിൽപ്പെട്ട മത്സ്യത്തിന്റെ തൂക്കം 3279 മെട്രിക്ടൺ ആയിരുന്നു. സ്രാവുവർഗ്ഗത്തിൽപ്പെട്ട മത്സ്യങ്ങളുടെ ഉൽപ്പാദനത്തിൽ നടപ്പുവർഷം വർദ്ധനയുണ്ടായി.

മാന്തൽ.—റിപ്പോർട്ടുവർഷം 23,993 മെട്രിക്ടൺ മാന്തൽ പിടിച്ചു. മുൻവർഷം 13,604 മെട്രിക്ടൺ മാന്തൽ പിടിച്ചിരുന്നു. മാന്തലിന്റെ ഉൽപ്പാദനത്തിൽ നടപ്പുവർഷം വർദ്ധനവുണ്ടായി.

പാര.—പാരയുടെ ഉൽപ്പാദനത്തിൽ നടപ്പുവർഷം ഗണ്യമായ വർദ്ധനവുണ്ടായി. മുൻവർഷം 67,329 മെട്രിക്ടൺ പാരമത്സ്യം പിടിച്ചപ്പോൾ നടപ്പുവർഷം 70,816 മെട്രിക്ടൺ പാരമത്സ്യം പിടിച്ചിട്ടുണ്ട്.

പലവക വർഗ്ഗങ്ങൾ.—റിപ്പോർട്ടുവർഷം കരയ്ക്കെടുപ്പിക്കപ്പെട്ട മത്സ്യങ്ങളിൽ ചൂര, കോര, കളിമീൻ എന്നിവ ഗണ്യമായ അളവിലുണ്ടായിരുന്നു.

2. ചെറിയ യന്ത്രവത്കൃത ബോട്ടുകളുടെ പ്രവർത്തനം.—യന്ത്രവത്കൃത മത്സ്യബന്ധനം പ്രോൽസാഹിപ്പിക്കുന്നതിനും മത്സ്യത്തൊഴിലാളികളെ യന്ത്രവത്കൃത മത്സ്യബന്ധന ബോട്ടുകളുടെ ഉടമകളാക്കുന്നതിനും വേണ്ടി ഡിപ്പാർട്ടുമെൻറ് മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് മുൻകാലങ്ങളിൽ ഹയർ പർച്ചേയ്സ് വ്യവസ്ഥയിൽ സബ്സിഡിയോടുകൂടി ബോട്ടുകൾ വിതരണം ചെയ്തിരുന്നു. ബോട്ടുകളുടെ വിലയിൽ സബ്സിഡി കഴിച്ചുള്ള തുക പലിശ സഹിതം തവണകളാക്കി തിരിച്ചടയ്ക്കുന്നതിന് വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ പല ബോട്ടുകൾക്കും ഈ തുക കുടിശ്ശികയായി നിലനിൽക്കുന്നുണ്ട്. കുടിശ്ശിക കാര്യക്ഷമമായ രീതിയിൽ പിരിച്ചെടുക്കുന്നതിന് ഡിപ്പാർട്ടുമെൻറ് പല സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. നടപ്പുവർഷാരംഭത്തിൽ 483.78 ലക്ഷം രൂപ കുടിശ്ശിക ഇനത്തിൽ പിരിഞ്ഞുകിട്ടുവാനുണ്ടായിരുന്നു. തൻവർഷം 17,30,016 രൂപ പിരിച്ചെടുത്തിട്ടുണ്ട്. മുൻവർഷം 8,82,976 രൂപ പിരിച്ചെടുത്തിരുന്നു. കുടിശ്ശിക പിരിവിൻെറ മേഖല തിരിച്ചുള്ള കണക്കുകൾ അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു.

ഡിപ്പാർട്ടുമെൻറു വഴി വിതരണം ചെയ്തിട്ടുള്ള യന്ത്രവത്കൃത മത്സ്യബന്ധന ബോട്ടുകളുടെ നടപ്പുവർഷത്തെ പ്രവർത്തനം സംബന്ധിച്ച് ഒരു ലഘു വിവരണം താഴെ ചേർക്കുന്നു:

തിരുവനന്തപുരം ജില്ലയിൽ വിതരണം ചെയ്തിട്ടുള്ള യന്ത്രവത്കൃത ബോട്ടുകളിൽ 2 എണ്ണം നടപ്പുവർഷം നീണ്ടകര കേന്ദ്രമാക്കി പ്രവർത്തിച്ചു.

കൊല്ലം ജില്ലയിൽ 15 ബോട്ടുകൾ പ്രവർത്തിച്ചിരുന്നു.

ആലപ്പുഴ ജില്ലയിൽ ഒരു ബോട്ട് മാത്രമാണ് നടപ്പുവർഷം പ്രവർത്തിച്ചിരുന്നത്.

എറണാകുളം ജില്ലയിൽ വിതരണം ചെയ്തിട്ടുള്ള യന്ത്രവത്കൃത ബോട്ടുകളിൽ 13 എണ്ണം നടപ്പുവർഷം പ്രവർത്തിച്ചിരുന്നു.

തൃശ്ശൂർ ജില്ലയിൽ നടപ്പുവർഷം 7 ബോട്ടുകൾ മാത്രമേ പ്രവർത്തിക്കുന്നുള്ളു.

മലപ്പുറം ജില്ലയിൽ നടപ്പുവർഷം 21 ബോട്ടുകൾ പ്രവർത്തിച്ചിരുന്നു.

കോഴിക്കോട് ജില്ലയിൽ 56 ബോട്ടുകൾ നടപ്പുവർഷം പ്രവർത്തിച്ചിരുന്നു.

കണ്ണൂർ ജില്ലയിൽ വിതരണം ചെയ്തിരുന്ന ബോട്ടുകളിൽ 15 എണ്ണം നടപ്പുവർഷം പ്രവർത്തിച്ചിരുന്നു.

കാസർഗോഡു ജില്ലയിൽ 23 ബോട്ടുകൾ റിപ്പോർട്ടുവർഷം പ്രവർത്തനം നടത്തിയിരുന്നു.

കേരള സർക്കാരിൻെറ 11-1-1978-ലെ ജി. ഒ. എം. എസ്. 5/78/ഡി. ഡി. ഉത്തരവു പ്രകാരം മലപ്പുറം ജില്ലയിലെ താനൂരും, കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളിയിലും രണ്ടു പാക്കേജുസ്കീം നടപ്പിലാക്കി. താനൂർ പാക്കേജുസ്കീം പദ്ധതിപ്രകാരം 30 ബോട്ടുകൾ വിതരണം ചെയ്തതിൽ 26 ബോട്ടുകൾ മാത്രമാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. റിപ്പോർട്ടുവർഷം

2,25,054 രൂപ ബോട്ടുകാരിൽനിന്നും പിരിച്ചെടുത്തിട്ടുണ്ട്. ഈ പദ്ധതിയുടെ തുടക്കം മൂലം ഇതുവരെയായി 45,44,253.54 രൂപ പിരിച്ചെടുത്തിട്ടുണ്ട്. ബോട്ടുകളുടെ വില, ഇൻഷ്വറൻസ് എന്നീ ഇനങ്ങളിലുള്ള കുടിശ്ശിക പിരിവ് ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. കരുനാഗപ്പള്ളി പാക്കേജുസ്കീം പദ്ധതിപ്രകാരം 15 ബോട്ടുകൾ മാത്രമേ വിതരണം ചെയ്തിട്ടുള്ളു. അതിൽ 3 ബോട്ടുകൾ മുങ്ങിപ്പോയി. ഒരെണ്ണം കരയ്ക്കു കയററിവച്ചിരിക്കുകയാണ്. ബാക്കി 11 എണ്ണം പ്രവർത്തിച്ചുവരുന്നു. ബോട്ടുകളുടെ വില, പലിശ, ഇൻഷ്വറൻസ് എന്നീ ഇനങ്ങളിൽ നടപ്പുവർഷം 53,739 രൂപ പിരിച്ചെടുത്തിട്ടുണ്ട്.

3. ബോട്ടുനിർമ്മാണ ശാലകൾ.—ഗവൺമെൻറ് ഉടമയിൽ ശക്തികുളങ്ങര, ബേപ്പൂർ എന്നിവിടങ്ങളിൽ ഓരോ ബോട്ടുനിർമ്മാണ ശാലകൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഇവയുടെ ഭരണവും മററു നിയന്ത്രണങ്ങളും ഫിഷറീസ് ഡയറക്ടറുടെ മേൽനോട്ടത്തിലാണ് നടന്നു വരുന്നത്. ബോട്ടുനിർമ്മാണ ശാലകളുടെ റിപ്പോർട്ടുവർഷത്തെ പ്രവർത്തനം സംബന്ധിച്ച് വിവരങ്ങൾ താഴെ ചേർക്കുന്നു:

ബോട്ടുനിർമ്മാണ ശാല, ശക്തികുളങ്ങര.—ആലപ്പുഴ ജല ഗതാഗത വകുപ്പിൻെറ വക എ2, എ3, എ22 എന്നീ ബോട്ടുകളുടെ പഴയ ബോഡികൾ പുതുക്കിപണിത് അവ തിരിച്ചേൽപ്പിച്ചെങ്കിലും പ്രസ്തുത ബോട്ടുകളുടെ എഞ്ചിനുകളും ഗിയറും പുതുക്കി പണിഞ്ഞ് ഇതുവരെ തിരിച്ചു കൊടുത്തിട്ടില്ല. ജോലികൾക്കാവശ്യമായ പുതിയ സ്പെയർ പാർട്ടുകൾ കൂടി ആവശ്യമായതിനാൽ അതു വാങ്ങിക്കുന്നതിനുള്ള പ്രാരംഭ നടപടികളാണ്. നടപ്പുവർഷം അഞ്ചു ഡിപ്പാർട്ടുമെൻറ് പെട്രോൾ ബോട്ടുകളുടെ അററകുററപ്പണികൾ നടത്തി തിരിച്ചേൽപ്പിക്കുകയുണ്ടായി. കൂടാതെ ഫിഷിംഗ് ക്രാഫ്ററുകളുടെ മോഡലുകളും ഉണ്ടാക്കി നൽകിയിട്ടുണ്ട്. നടപ്പുവർഷം ഈ സ്ഥാപനത്തിൽ 29 ജീവനക്കാർ പണിയെടുത്തിരുന്നു,

ബോട്ടു നിർമ്മാണ ശാല, ബേപ്പൂർ.—മലബാർ ഭാഗത്തു ജലഗതാഗതത്തിനായി കേരളാ സ്റേററ് വാട്ടർ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിനു വേണ്ടി രണ്ട് 67 അടി ബോട്ടുകളുടെ പണി നടന്നുവരികയാണ്.

ആധുനിക സംവിധാനത്തോടുകൂടിയ ഒരു 43½ അടി ബോട്ടിൻെറ നിർമ്മാണം പൂർത്തിയാക്കി, 3-3-1993-ന് കൊല്ലം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറുകയുണ്ടായി. ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെൻറിന് വേണ്ടിയുള്ള 32 അടി ഇൻസ്പെക്ഷൻ ബോട്ടിൻെറ നിർമ്മാണം പൂർത്തിയാക്കി. കൂടാതെ ലേഖ എന്ന ബോട്ടിൻെറ അററകുററപ്പണികൾ ചെയ്തുകൊടുത്തു.

കോട്ടയം ഫിഷറീസ് അസിസ്ററൻറ് ഡയറക്ടർ ആഫീസിലേക്കുള്ള ഒരു 32 അടി കുട്ടനാടൻ മാതൃക പെട്രോൾ ബോട്ടിൻെറ പണി പൂർത്തിയാക്കി.

ഡിപ്പാർട്ടുമെൻറ് ബോട്ടായ കെ. എൽ. എ. 520, 521എ എന്നീ രണ്ടുബോട്ടുകളുടെ അററകുററപ്പണികൾ ചെയ്തുകൊടുത്തു. നടപ്പുവർഷം ഈ സ്ഥാപനത്തിൽ 48 ജീവനക്കാർ പണിയെടുത്തു.

4. യന്ത്രവത്കൃത മത്സ്യബന്ധന പരിശീലനം.—കായലോരത്തേയും കടലോരത്തേയും മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് മത്സ്യസമ്പത്ത് ശാസ്ത്രീയമായ രീതിയിൽ ചൂഷണം ചെയ്യുന്നതിനുള്ള പരിശീലനം നൽകുക, മത്സ്യത്തൊഴിലാളി മേഖലയിൽ ആവശ്യമായ അനൗദ്യോഗിക വിദ്യാഭ്യാസ പരിശീലന പരിപാടികൾ നടപ്പാക്കുക എന്നിവയാണ് ഈ കേന്ദ്രത്തിൻെറ ഉദ്ദേശം.

വിഴിഞ്ഞം, നീണ്ടകര, എറണാകുളം, ബേപ്പൂർ, കണ്ണൂർ എന്നിവിടങ്ങളിൽ മത്സ്യത്തൊഴിലാളി പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. വിവിധ കേന്ദ്രങ്ങളിലെ നടപ്പുവർഷത്തെ പരിശീലന വിവരങ്ങൾ താഴെ കൊടുക്കുന്നു.

മത്സ്യത്തൊഴിലാളി പരിശീലന കേന്ദ്രം, വിഴിഞ്ഞം.—27–9–1990–ലെ ജി. ഒ. (എം. എസ്.) നമ്പർ 53/90 എഫ്. ആൻറ് പി. ഡി. ഉത്തരവു പ്രകാരം ആറ് ആഴ്ച കാലയളവിലെ കടൽരക്ഷാ പ്രവർത്തന പരിശീലനം നടപ്പുവർഷം രണ്ട് ബാച്ചുകൾക്ക് നൽകി. ഓരോ ബാച്ചിലും 11 പേർ വീതം ഉണ്ടായിരുന്നു.

മത്സ്യത്തൊഴിലാളി പരിശീലനകേന്ദ്രം, നീണ്ടകര.—റിപ്പോർട്ടുവർഷം സീറെസ്ക്യൂ പരിശീലനകോഴ്സ് നടത്തുകയുണ്ടായി. 15 പേരടങ്ങുന്ന ഒരു ബാച്ചിന് 6 ആഴ്ചക്കാലത്തെ പരിശീലനം നൽകുകയുണ്ടായി. ഇതിനായി സ്റൈറപ്പൻറ് ഇനത്തിൽ 6,750 രൂപയും മററ് ഇനത്തിൽ 2,198 രൂപയും ചിലവായി. ബോട്ട് സ്രാങ്ക് കോഴ്സിൽ 11 പുരുഷൻമാർക്ക് പരിശീലനം നൽകുകയുണ്ടായി. കൊല്ലം ഡി. ആർ. ഡി. എ. ആണ് പരിശീലനത്തിനുള്ള കുട്ടികളെ തിരഞ്ഞെടുത്തയച്ചതും ഇതിനുള്ള ചിലവ് വഹിച്ചതും, സ്റൈറപ്പൻറിനും മററുമായി 25,820 രൂപ ചിലവായി. ഇതിൽ 4 പേർ പട്ടികജാതിക്കാരായിരുന്നു. കൂടാതെ മത്സ്യസംസ്ക്കരണവും വിവിധയിനം മത്സ്യോൽപ്പന്നങ്ങൾ നിർമ്മിക്കലും എന്ന വിഷയത്തിൽ ഒരു ബാച്ചിന് പരിശീലനം നൽകുകയുണ്ടായി. ഇതിൽ 24 ഹരിജൻ സ്ത്രീകൾക്ക് മത്സ്യസംസ്ക്കരണത്തിലും പർപ്പടകം, മത്സ്യസൂപ്പ് പൗഡർ, മത്സ്യചെമ്മീൻ, കക്ക അച്ചാറുകൾ മത്സ്യകട്ലററ് എന്നിവ നിർമ്മിക്കാൻ പരിശീലനം നൽകി. സ്റൈറപ്പൻറ് മററ് ഇനങ്ങളിലായി 43,484 രൂപ ചിലവായി.

മത്സ്യത്തൊഴിലാളി പരിശീലന കേന്ദ്രം, എറണാകുളം.—ഈ കേന്ദ്രത്തിൽ നടപ്പുവർഷം ട്രൈസംപദ്ധതി അനുസരിച്ച് പരിശീലനം നടന്നു. ഇതിനുവേണ്ടി സാമ്പത്തികസഹായവും ട്രെയിനികളെ തിരഞ്ഞെടുത്ത് അയയ്ക്കുന്നതും അതാതു ജില്ലകളിലെ ഗ്രാമവികസന ഏജൻസികളാണ്.

കടൽ രക്ഷാ പ്രവർത്തനങ്ങളിൽ മത്സ്യത്തൊഴിലാളികൾക്കും ബോട്ട് ഡ്രൈവർമാർക്കും മാസ്ററർമാർക്കും ഒരു ഹ്രസ്വകാല പരിശീലനകോഴ്സ് നടത്തുന്നുണ്ട്. ഈ കോഴ്സ് 9–9–1991–ൽ ആരംഭിച്ചു. ആറാഴ്ചയാണ് ഈ കോഴ്സിൻെറ കാലയളവ്. നടപ്പുവർഷം 116 പേർ ഈ കോഴ്സ് പൂർത്തിയാക്കി. സ്റൈറപ്പൻറ് ഇനത്തിൽ 5,732 രൂപ ചിലവായി. ഒരാൾ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളാണ്.

പ്രത്യേക ഘടക പദ്ധതി അനുസരിച്ച് മത്സ്യകൃഷി രംഗത്ത് സ്വയം തൊഴിലധിഷ്ഠിത പരിശീലന പരിപാടി ഏർപ്പെടുത്തി.

തൻമൂലം 25 പേരടങ്ങുന്ന ഒരു ബാച്ചുവീതം 3 ബാച്ച് പരിശീലനം നടത്തുന്നതിന് തുടക്കം കുറിച്ചു. ഒന്നാമത്തെ ബാച്ച് 1–9–1992–ൽ ആരംഭിച്ചു. രണ്ടാമത്തെ ബാച്ച് വനിതകൾക്ക് വേണ്ടിയുള്ളതായിരുന്നു. 15–3–1992–ൽ രണ്ടാമത്തെ ബാച്ച് തുടങ്ങി. ഈ പദ്ധതി പ്രകാരം മത്സ്യബന്ധനം, ശാസ്ത്രീയ മത്സ്യകൃഷി, ശാസ്ത്രീയ ചെമ്മീൻ കൃഷി, വലനിർമ്മാണം, മത്സ്യബന്ധന യന്ത്രങ്ങളുടേയും എഞ്ചിനുകളുടേയും അററകുററപ്പണികൾ നടത്തുക, മത്സ്യവിഭവ പാചകം, മത്സ്യ സംസ്ക്കരണം, വിപണനം തുടങ്ങിയവയിൽ പരിശീലനം നൽകി. നടപ്പുവർഷം 49 പേർ വിജയകരമായി പരിശീലനം പൂർത്തിയാക്കി. സ്റ്റൈറെപ്പൻറ് ഇനത്തിൽ 86,280 രൂപ ചിലവായി.

കൂടാതെ പരിശീലനം പൂർത്തിയാക്കി വരുന്നവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് പോക്കററ് മണിയായി 1,250 രൂപ ഈ പദ്ധതിപ്രകാരം നൽകുന്നുണ്ട്.

മത്സ്യത്തൊഴിലാളി പരിശീലന കേന്ദ്രം, ബേപ്പൂർ.—നടപ്പുവർഷം രണ്ടുബാച്ചുകളിലായി 29 ട്രെയിനികൾക്ക് 6 ആഴ്ചക്കാലം നീണ്ടുനിൽക്കുന്ന സീറസ്ക്യൂ ട്രെയിനിംഗ് കോഴ്സിനുള്ള പരിശീലനം നൽകുകയുണ്ടായി. പരിശീലനം പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കററുകളും വിതരണം ചെയ്തു. അടുത്ത ബാച്ചിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. ഈ സ്ഥാപനത്തിൽ നടപ്പുവർഷം 19 ജീവനക്കാർ പണിയെടുത്തു.

മത്സ്യത്തൊഴിലാളി പരിശീലന കേന്ദ്രം, കണ്ണൂർ.—ഈ കേന്ദ്രത്തിൽ വച്ച് 1991 നവമ്പർ 15–ാം തീയതി മത്സ്യത്തൊഴിലാളികൾക്കും മത്സ്യബന്ധന ബോട്ടിലെ സ്രാങ്ക്, ഡ്രൈവർ എന്നിവർക്കും വേണ്ടി സീറെസ്ക്യൂ പ്രവർത്തനത്തെക്കുറിച്ച് 6 ആഴ്ച്ചക്കാലം നീണ്ടുനിന്ന ഹ്രസ്വകാല കോഴ്സ് നടത്തുകയുണ്ടായി. 1993 മാർച്ച് 17–ാം തീയതി 5 ബാച്ചുകളിലായി 59 പേരുടെ പരിശീലനം പൂർത്തിയായി. വിജയികൾക്ക് സർട്ടിഫിക്കററ് നൽകുകയുണ്ടായി. 6–ാം ബാച്ചിലേയ്ക്കുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

5. ഉദ്യോഗസ്ഥ പരിശീലന കേന്ദ്രം, എറണാകുളം.—ഫിഷറീസ് വകുപ്പിലെ റിസർച്ച് അസിസ്ററൻറ്, ടെക്നിക്കൽ അസിസ്ററൻറ്, ഫിഷറീസ് ഇൻസ്പെക്ടർ, ഫിഷറീസ് സബ് ഇൻസ്പെക്ടർ, ഫിഷറീസ് ഡെവലപ്പുമെൻറ് ഓഫീസർമാർ തുടങ്ങിയ എക്സിക്യൂട്ടീവ് തസ്തികയിലുള്ള ഓഫീസർമാർക്ക് ഫിഷറീസ് സയൻസിലും ഭരണപരമായ കാര്യങ്ങളിലും പ്രയോഗിക പരിശീലനം കൊടുക്കുന്നതിനുവേണ്ടിയാണ് ഈ കേന്ദ്രം പ്രവർത്തിച്ചുവരുന്നത്. 15 പേർക്കുവീതം 10 മാസത്തെ ട്രെയിനിംഗ് നൽകിവരുന്നു. 1966 മേയ് മാസം മുതലാണ് ഈ കേന്ദ്രത്തിൽനിന്നും പരിശീലനം കൊടുത്തുതുടങ്ങിയത്. ഇതുവരെ 30 ബാച്ചുകളിലായി 416 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്. 30–ാം ബാച്ച് 30–9–1992–ന് അവസാനിച്ചശേഷം പുതുതായി ആരേയും ട്രെയിനിംഗിന് നിയോഗിച്ചിട്ടില്ല. ട്രെയിനിംഗ് നിർബന്ധമായിട്ടുള്ള ജീവനക്കാരുടെ അപര്യാപ്തതയാണ് 31–ാം ബാച്ച് ആരംഭിക്കുന്നതിനുള്ള തടസ്സം. 30–ാം ബാച്ചിൽ 7 ഫിഷറീസ് ഡെവലപ്പ്മെൻറ് ഓഫീസർമാരും 2 സബ് ഇൻസ്പെക്ടർമാരും ഉണ്ടായിരുന്നു.

താഴെപ്പറയുന്ന വിഷയങ്ങളിലാണ് ഈ കേന്ദ്രത്തിൽനിന്നും പരിശീലനം കൊടുക്കുന്നത്.

1. ഫിഷറീസ് ബയോളജി
2. ഫിഷറീസ് ടെക്നോളജി
3. നാവിഗേഷൻ ആൻറ് സീമാൻഷിപ്പ്
4. ഫിഷറീസ് അഡ്മിനിസ്ട്രഷൻ ആൻറ് ഡെവലപ്പുമെൻറ്.

മേൽപ്പറഞ്ഞ വിഷയങ്ങളിൽ തിയറി ക്ലാസുകൾക്ക് പുറമേ മററു കേന്ദ്രങ്ങളിൽ നിന്നും പ്രായോഗിക പരിശീലനം നൽകുന്നതിനുള്ള സംവിധാനം ഉണ്ട്.

6. മേഖലാ ഫിഷറീസ് ടെക്നിക്കൽ ഹൈസ്ക്കൂളുകൾ.—മത്സ്യ ബന്ധന രംഗത്തെ വികസന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുതകും വിധം മത്സ്യബന്ധനം, മത്സ്യസംസ്ക്കരണം, മത്സ്യ വിപണനം എന്നീ രംഗങ്ങളിലെ ആധുനിക സാങ്കേതിക വിദ്യകളെപ്പററി മത്സ്യത്തൊഴിലാളികളെ ബോധവാൻമാരാക്കുന്നതിനും അവരിൽ സഹകരണ മനോഭാവം വളർത്തി എടുക്കുന്നതിനും നല്ല ഒരു ദിനചര്യവളർത്തി എടുക്കുന്നതിനും ഉദ്ദേശിച്ചു കൊണ്ടാണ് മേഖല ഫിഷറീസ് ടെക്നിക്കൽ ഹൈസ്ക്കൂളുകൾ പ്രവർത്തനം നടത്തിവരുന്നത്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലായി 8 ഫിഷറീസ് സ്ക്കൂളുകൾ പ്രവർത്തിച്ചു വരുന്നു.

ബോർഡിംഗ് സൗകര്യമുള്ള ഫിഷറീസ് ടെക്നിക്കൽ ഹൈസ്ക്കൂളുകളിൽ പബ്ലിക് സ്ക്കൂൾ രീതിയിലുള്ള വിദ്യാഭ്യാസമാണ് നൽകി വരുന്നത്. മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ 7-ാം ക്ലാസ് പാസ്സായ 40 വിദ്യാർത്ഥികൾക്കുവീതം 8-ാം ക്ലാസ്സിൽ പ്രവേശനം നൽകി. 10-ാം ക്ലാസുവരെ ഈ സ്ക്കൂളിൽ വിദ്യാഭ്യാസം നൽകി വരുന്നു. സാധാരണ പാഠ്യവിഷയങ്ങൾക്കുപുറമേ നാവിഗേഷൻ ആൻറ് സീമാൻഷിപ്പ് നെററ്ഫേബ്രിക്കേഷൻ, വർക്ക്ഷോപ്പ് ട്രെയിനിംഗ് എന്നിവയിൽ തീയറി ക്ലാസുകളും പ്രാക്ടിക്കൽ ക്ലാസുകളും നടത്തി വരുന്നു.

വിദ്യാർത്ഥികൾക്ക് പ്രതിദിനം 7 രൂപ വീതം മെസ് അലവൻസ് അനുവദിച്ചിരുന്നത് 1993 ജനുവരി മുതൽ 10 രൂപയായി വർദ്ധിപ്പിച്ചു. കൂടാതെ കുട്ടികൾക്ക് ലംപ്സംഗ്രാൻറ് നൽകിവരുന്നുണ്ട്. റിപ്പോർട്ട് വർഷം ഈ സ്ക്കൂളുകളിൽ 8, 9, 10 എന്നീ ക്ലാസുകളിലായി യഥാക്രമം 243, 206, 175 വിദ്യാർത്ഥികൾ വീതം അദ്ധ്യയനം നടത്തിവരുന്നു. 1991-92 അദ്ധ്യയനവർഷം എസ്. എസ്. എൽ. സി. പരീക്ഷ എഴുതിയ 191 വിദ്യാർത്ഥികളിൽ 166 വിദ്യാർത്ഥികൾ വിജയിച്ചു.

മേഖലാ ഫിഷറീസ് ടെക്നിക്കൽ ഹൈസ്ക്കൂൾ വലിയതുറ, തിരുവനന്തപുരം.—മദ്ധ്യവേനൽ അവധികഴിഞ്ഞ് 8-6-1992-ന് സ്ക്കൂൾ തുറന്നു. നടപ്പുവർഷം 8, 9, 10 എന്നീ ക്ലാസുകളിൽ യഥാക്രമം 40, 36, 28 വിദ്യാർത്ഥികൾ അദ്ധ്യയനം നടത്തി. 1992 മാർച്ചിൽ നടന്ന എസ്. എസ്. എൽ. സി. പരീക്ഷക്കിരുന്ന 26 പേരിൽ 9 പേർ ഫസ്ററ് ക്ലാസ്സിലും 10 പേർ സെക്കൻറ് ക്ലാസ്സിലും 7 പേർ തേഡ് ക്ലാസ്സിലും പാസ്സായി. 100 ശതമാനം വിജയം കൈവരിച്ചു.

ഈ സ്ക്കൂളിനോടനുബന്ധിച്ചുള്ള വൊക്കേഷണൽ ഹയർ സെക്കൻററി കോഴ്സിൽ ഒന്നാം വർഷം 44 വിദ്യാർത്ഥികളും രണ്ടാം വർഷം 31 വിദ്യാർത്ഥികളും അദ്ധ്യയനം നടത്തിവരുന്നു. ഫിഷ് പ്രോസസ്സിങ്ങ് ടെക്നോളജി, ഫിഷിംഗ്ക്രാഫ്റ്റ് ആൻറ് ഗിയർ ടെക്നോളജി എന്നീ രണ്ടു കോഴ്സുകളാണ് ഹയർ സെക്കൻററിയിൽ പഠിപ്പിക്കുന്നത്. താൽക്കാലിക ഷെഡ്ഡിലാണ് ക്ലാസ് പഠിപ്പിക്കുന്നത്.

മേഖലാ ഫിഷറീസ് ടെക്നിക്കൽ ഹൈസ്ക്കൂൾ, കരുനാഗപ്പള്ളി.—നടപ്പുവർഷം 8, 9, 10 എന്നീ ക്ലാസ്സുകളിൽ യഥാക്രമം 22, 20, 27 വിദ്യാർത്ഥികൾ അദ്ധ്യയനം നടത്തിയിരുന്നു. 1992 മാർച്ചിൽ എസ്.എസ്.എൽ.സി. പരീക്ഷക്കിരുന്ന 27 കുട്ടികളിൽ 23 പേർ വിജയിച്ചു. ഇതിൽ 3 പേർ ഫസ്ററ് ക്ലാസ്സിലും 4 പേർ സെക്കൻറ് ക്ലാസ്സിലും വിജയിച്ചു.

ഹോസ്ററലിലെ സ്ഥലസൗകര്യം ഇല്ലായ്മ കുട്ടികൾക്ക് പ്രാഥമിക ആവശ്യങ്ങൾപോലും നിർവഹിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ, കളിസ്ഥലത്തിൻെറ അഭാവം, ലാബോറട്ടറി സൗകര്യം ഇല്ലായ്മ എന്നിവ കുട്ടികളുടെ പഠനത്തേയും അച്ചടക്കത്തേയും പ്രതികൂലമായി ബാധിക്കുന്നു.

മേഖലാ ഫിഷറീസ് ടെക്നിക്കൽ ഹൈസ്ക്കൂൾ, അർത്തുങ്കൽ—ആലപ്പുഴ.—നടപ്പുവർഷം 8, 9, 10 എന്നീ ക്ലാസുകളിലായി യഥാക്രമം 31, 35, 27 വിദ്യാർത്ഥികൾ അദ്ധ്യയനം നടത്തി. 1992 മാർച്ചിൽ നടന്ന എസ്.എസ്.എൽ.സി. പരീക്ഷയ്ക്കിരുന്ന 29 വിദ്യാർത്ഥികളിൽ 15 പേർ പാസായി.

ഈ സ്കൂളിനോടനുബന്ധിച്ച് നടത്തുന്ന ഹയർ സെക്കൻററി വിഭാഗത്തിൽ ഒന്നാം വർഷവും രണ്ടാം വർഷവും കൂടി 97 കുട്ടികൾ പഠിച്ചിരുന്നു.

മേഖലാ ഫിഷറീസ് ടെക്നിക്കൽ ഹൈസ്ക്കൂൾ, തേവര, (എറണാകുളം).—നടപ്പുവർഷം 8, 9, 10 എന്നീ ക്ലാസുകളിലായി യഥാക്രമം 40, 32, 23 വിദ്യാർത്ഥികൾ അദ്ധ്യയനം നടത്തി. 1992 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയ്ക്കിരുന്ന 24 വിദ്യാർത്ഥികളിൽ മുഴുവൻ പേരും പാസായി. 5 പേർ ഫസ്ററ് ക്ലാസിലും 11 പേർ സെക്കൻറ് ക്ലാസിലും ആണ് വിജയിച്ചത്. 100 ശതമാനം വിജയം കരസ്ഥമാക്കി.

നടപ്പുവർഷം വൊക്കേഷണൽ ഹയർ സെക്കൻററി കോഴ്സിൽ ഒന്നാം വർഷം 47 വിദ്യാർത്ഥികളും രണ്ടാം വർഷം 53 പേരും അദ്ധ്യയനം നടത്തി. വൊക്കേഷണൽ ഹയർ സെക്കൻററി കോഴ്സിൽ അക്വാ കൾച്ചർ, ഓപ്പറേഷൻ ആൻറ് മെയിൻറനൻസ് ഓഫ് മറീൻ എഞ്ചിൻസ് എന്നീ കോഴ്സുകൾ പഠിപ്പിക്കുന്നു.

മേഖലാ ഫിഷറീസ് ടെക്നിക്കൽ ഹൈസ്ക്കൂൾ, ചാവക്കാട്, തൃശ്ശൂർ.—നടപ്പുവർഷം 8, 9, 10 എന്നീ ക്ലാസുകളിലായി യഥാക്രമം 15, 25, 20 വിദ്യാർത്ഥികൾ അദ്ധ്യയനം നടത്തിയിരുന്നു. 1992 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയ്ക്കിരുന്ന 25 പേരിൽ 25 പേരും പാസായി. 100 ശതമാനം വിജയം കൈവരിച്ചു.

മേഖലാ ഫിഷറീസ് ടെക്നിക്കൽ ഹൈസ്ക്കൂൾ, താനൂർ, മലപ്പുറം.—നടപ്പുവർഷം 8, 9, 10 എന്നീ ക്ലാസുകളിലായി യഥാക്രമം 36, 25, 22 വിദ്യാർത്ഥികൾ അദ്ധ്യയനം നടത്തിയിരുന്നു. 1992 മാർച്ചിൽ എസ്.എസ്.എൽ.സി. പരീക്ഷയ്ക്കിരുന്ന 26 പേരിൽ 21 പേർ പാസായി.

മേഖലാ ഫിഷറീസ് ടെക്നിക്കൽ ഹൈസ്ക്കൂൾ, ബേപ്പൂർ, കോഴിക്കോട്.—നടപ്പുവർഷം 8, 9, 10 എന്നീ ക്ലാസുകളിൽ യഥാക്രമം 19, 12, 8 വിദ്യാർത്ഥികൾ അദ്ധ്യയനം നടത്തി. 1992 മാർച്ചിൽ എസ്.എസ്.എൽ.സി. പരീക്ഷയ്ക്കിരുന്ന 6 വിദ്യാർത്ഥികളിൽ 4 പേർ പാസായി.

വൊക്കേഷണൽ ഹയർ സെക്കൻററി കോഴ്സിൽ ഒന്നും രണ്ടും വർഷ ക്ലാസുകളിലായി 93 വിദ്യാർത്ഥികൾ പഠനം നടത്തി വരുന്നു.

മേഖലാ ഫിഷറീസ് ടെക്നിക്കൽ ഹൈസ്ക്കൂൾ, അഴീക്കൽ, കണ്ണൂർ.—നടപ്പുവർഷം 8, 9, 10 എന്നീ ക്ലാസുകളിലായി യഥാക്രമം 40, 21, 20 വിദ്യാർത്ഥികൾ അദ്ധ്യയനം നടത്തി. 1992 മാർച്ചിൽ എസ്.എസ്.എൽ.സി. പരീക്ഷയ്ക്കിരുന്ന 28 പേരിൽ 28 പേരും വിജയിച്ചു. ഇതിൽ 2 പേർ ഫസ്ററ് ക്ലാസിലും 12 പേർ സെക്കൻററ് ക്ലാസിലും വിജയിക്കുകയുണ്ടായി.

വൊക്കേഷണൽ ഹയർ സെക്കൻററി കോഴ്സിൽ 50 പേർക്ക് പ്രവേശനം നൽകുകയുണ്ടായി.

7. പരിശീലനം.—കൊച്ചി യൂണിവേഴ്സിററി നടത്തുന്ന ഇൻഡസ്ട്രിയൽ ഫിഷറീസ് എം.എസ്.സി. കോഴ്സിന് നടപ്പുവർഷം ആരേയും തെരഞ്ഞെടുത്ത് അയച്ചില്ല. കേരള യൂണിവേഴ്സിററിയുടെ കീഴിലുള്ള അക്വാട്ടിക് ബയോളജി ആൻററ് ഫിഷറീസ് എം.എസ്.സി. കോഴ്സിന് ഡിപ്പാർട്ടുമെൻറിൽ നിന്നും ആരേയും തിരഞ്ഞെടുത്ത് അയച്ചിട്ടില്ല.

8. മത്സ്യബന്ധന തുറമുഖങ്ങളും ലാൻറിംഗ് കേന്ദ്രങ്ങളും.—മത്സ്യബന്ധന വികസന പ്രവർത്തനങ്ങളുടെ ഭാഗമായി മത്സ്യബന്ധന ബോട്ടുകളും വള്ളങ്ങളും സുരക്ഷിതമായി കരയ്ക്കടുപ്പിക്കുന്നതിന് മത്സ്യബന്ധന തുറമുഖങ്ങളും ലാൻറിംഗ് കേന്ദ്രങ്ങളും നിർമ്മിച്ചു വരുന്നു. പ്രധാന മത്സ്യബന്ധന കേന്ദ്രങ്ങളിൽ തുറമുഖങ്ങളും മററു കേന്ദ്രങ്ങളിൽ ലാൻറിംഗ് സെൻററുകളുമാണ് നിർമ്മിച്ചുവരുന്നത്. കേന്ദ്രഗവൺമെൻറിൻെറ ധനസഹായമുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയിൽപ്പെടുത്തിയാണ് ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നത്. ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെൻറാണ് നിർമ്മാണ ജോലികൾ ഏറെറടുത്ത് നടത്തുന്നത്.

മത്സ്യബന്ധന തുറമുഖം, വിഴിഞ്ഞം.—ഈ പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തിയായി. രണ്ടും മൂന്നും ഘട്ടങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. വാർപ്പ്, ഓക്ഷൻ ഹാൾ, ഡ്രെഡ്ജിംഗ് ജോലികൾ എന്നിവയാണ് മൂന്നാം ഘട്ടത്തിൽ പൂർത്തിയാക്കാനുള്ള ജോലികൾ, ഓക്ഷൻ ഹാൾ, ക്വാ എന്നീ ജോലികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

മത്സ്യബന്ധന തുറമുഖം, നീണ്ടകര.—1988-ൽ ഈ തുറമുഖം കമ്മീഷൻ ചെയ്തുവെങ്കിലും ചില അററകുററപ്പണികൾ ചെയ്യുവാനുണ്ട്. അററകുററപ്പണികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

മത്സ്യബന്ധന തുറമുഖം, പുതിയാപ്പ.—ഈ തുറമുഖത്തിന്റെ ആഫീസ് കെട്ടിട നിർമ്മാണം പൂർത്തിയായിട്ടുണ്ട്. കടൽഭിത്തി നിർമ്മാണം, മത്സ്യലേലം ചെയ്യുന്നതിനുള്ള ഹാൾ എന്നിവയുടെ പണി നടന്നുകൊണ്ടിരിക്കുന്നു.

മത്സ്യബന്ധന തുറമുഖം, തങ്കശ്ശേരി.—1994-ൽ പൂർത്തീകരിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്ന ഈ തുറമുഖത്തിന്റെ ഓഫീസ് കെട്ടിടം, ക്വാർട്ടേഴ്സ്, ബ്രേക്ക്വാട്ടർ, പ്രധാന റോഡിൽനിന്നും തുറമുഖത്തേക്കുള്ള റോഡിന്റെ പണികൾ മുതലായവ ചെയ്യുവാനുണ്ട്. ബ്രേക്ക് വാട്ടേഴ്സിന്റെ പണി 540 മീററർ വരെ പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള പണികൾ നടന്നുകൊണ്ടിരിക്കുന്നു.

മത്സ്യബന്ധന തുറമുഖം, മുനമ്പം.—710 ലക്ഷം രൂപ ആകെ ചെലവു കണക്കാക്കിയിരിക്കുന്ന തുറമുഖ നിർമ്മാണത്തിന്റെ ഭാഗമായി കടൽഭിത്തി, ലേലം നടത്താനുള്ള ഹാൾ എന്നിവ ചെയ്തു തീർക്കാനുണ്ട്. നടപ്പുവർഷം തെക്കുള്ള ബ്രേക്ക് വാട്ടേഴ്സിന്റെ പണി 120 മീററർ വരെ ചെയ്തു തീർത്തു. വടക്കുഭാഗത്തുള്ള ബ്രേക്ക് വാട്ടറിന്റെ പണി ചെയ്യേണ്ടതായിട്ടുണ്ട്. സൗത്ത് ബ്രേക്ക് വാട്ടറിനുവേണ്ടിയുള്ള അപ്രോച്ച് റോഡിന്റെ പണി ഏതാണ്ടു പൂർത്തിയായി. മററുള്ളതിന്റെ പണി നടന്നുകൊണ്ടിരിക്കുന്നു.

മത്സ്യബന്ധന തുറമുഖം, പൊന്നാനി.—ഈ തുറമുഖത്തിന്റെ പണിക്കുവേണ്ടി 610 ലക്ഷം രൂപ ചെലവു വരുമെന്ന് കണക്കാക്കിയിട്ടുണ്ട്. ഈ പദ്ധതി കേന്ദ്ര സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

മത്സ്യബന്ധന തുറമുഖം, മാപ്പിളബേ.—ഈ മത്സ്യബന്ധന തുറമുഖത്തിന്റെ ജോലികൾ ആരംഭിച്ചു. ബ്രേക്ക് വാട്ടറിന്റെ പണിക്കുള്ള ടെൻഡർ വിളിച്ചിരിക്കുകയാണ്. മററുള്ള ജോലികൾ ആരംഭിച്ചിട്ടുണ്ട്.

മത്സ്യബന്ധന തുറമുഖം, ചോമ്പാൽ.—1994-ൽ പൂർത്തിയാക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്ന ഈ തുറമുഖത്തിന്റെ പണി 1992-93 മുതൽക്ക് തന്നെ ആരംഭിച്ചു. 1.50 ഹെക്ടർ ഭൂമി അക്വയർ ചെയ്തിട്ടുണ്ട്. അപ്രോച്ച് റോഡിനുള്ള അനുവാദം ലഭിച്ചിട്ടുണ്ട്. മററു പണികൾ ആരംഭിച്ചു.

യന്ത്രവൽകൃത ബോട്ടുകൾ കരയ്ക്കടുപ്പിക്കുന്നതിനുള്ള കേന്ദ്രങ്ങൾ.—ലാൻറിംഗ് കേന്ദ്രമായ ചേററുവായിലെയും, തോട്ടപ്പള്ളിയിലെയും ബാക്കി തീരുവാനുള്ള പണികൾ നടന്നുകൊണ്ടിരിക്കുന്നു. പാലക്കാട് ലാൻറിംഗ് സെൻററിനുവേണ്ടി കുറച്ചു ഭൂമി ഏറെറടുത്തു. പോരാത്ത സ്ഥലത്തിനുവേണ്ടി കൂടുതൽ ഭൂമി അക്വയർ ചെയ്യുന്നതിനുള്ള നടപടി എടുത്തുകൊണ്ടിരിക്കുകയാണ്.

പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ലാൻറിംഗ് കേന്ദ്രങ്ങൾ.— പരമ്പരാഗത ലാൻറിംഗ് കേന്ദ്രങ്ങളുടെ പണി നടന്നുകൊണ്ടിരിക്കുകയാണ്. വിഴിഞ്ഞം സൗത്തിൻെറ പണി ഏതാണ്ട് പൂർത്തിയാകാറായി. കൊയിലാണ്ടി ലാൻറിംഗ് കേന്ദ്രത്തിനുവേണ്ടി സ്ഥലം അക്വയർ ചെയ്തു. ചാലിൽ ഗോപാലപേട്ട ലാൻറിംഗ് കേന്ദ്രത്തിൻെറ പണി ആരംഭിച്ചിട്ടുണ്ട്.

9. കടൽ മത്സ്യബന്ധന നിയന്ത്രണം നടപ്പാക്കലും കടലിലെ സംരക്ഷണ പ്രവർത്തനങ്ങളും.—1980-ലെ കടൽ മത്സ്യബന്ധന നിയന്ത്രണ നിയമത്തിലും റൂളുകളിലും വിഭാവനം ചെയ്തിട്ടുള്ള കടൽ മത്സ്യബന്ധന നിയന്ത്രണങ്ങളും സംരക്ഷണ പ്രവർത്തനങ്ങളും റിപ്പോർട്ടു വർഷവും തുടരുന്നു. നിയന്ത്രണ നിയമം പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനും നിയമലംഘനം തടയുന്നതിനുമായി ഇംപൗണ്ടിംഗ് ഓഫീസർമാരുടെ എണ്ണം വർദ്ധിപ്പിച്ചുകൊണ്ട് വകുപ്പിലെ 45 ഗസററഡ് ഓഫീസർമാരെ 20-6-1992 തീയതിയിലെ ജി.ഒ (ആർ.ററി.) 25/92 എഫ്. ആൻറ് പി.ഡി. ഉത്തരവു പ്രകാരം ഇംപൗണ്ടിംഗ് ഡ്യൂട്ടിക്ക് ചുമതലപ്പെടുത്തുകയുണ്ടായി. ഈ ഓഫീസർമാരും പട്രോളിംഗ് സ്ററാഫും റിപ്പോർട്ടു വർഷം മുഴുവനും പട്രോളിംഗ് നടത്തി. വിഴിഞ്ഞം, നീണ്ടകര, ആലപ്പുഴ, എറണാകുളം, ബേപ്പൂർ, കണ്ണൂർ എന്നീ സെൻററുകളിൽ നിന്നാണ് പട്രോളിംഗിന് പുറപ്പെടുന്നത്. ഈ ആവശ്യത്തിലേയ്ക്കായി ഉപയോഗ യോഗ്യമായ ഒരു സ്പീഡ് ബോട്ടും 9 മെക്കനൈസ് ബോട്ടുകളും റിപ്പോർട്ടുവർഷം ഉപയോഗിച്ചിരുന്നു. മററു 2 സ്പീഡ് ബോട്ടുകളും 2 മെക്കനൈസ് ബോട്ടുകളും റിപ്പയർ ചെയ്തു ഉപയോഗയോഗ്യമാക്കുന്നതിനാവശ്യമായ നടപടി റിപ്പോർട്ടുവർഷം സ്വീകരിച്ചുവരുന്നു.

നിർമ്മാണത്തിലിരുന്ന രണ്ട് 43½ അടി ബോട്ടുകളിൽ ഒരെണ്ണത്തിൻെറ നിർമ്മാണം പൂർത്തീകരിച്ച് നടപ്പുവർഷം കടലിലിറക്കിയിട്ടുണ്ട്.

മഹാരാഷ്ട്ര ഇലക്ട്രോണിക്സ് കോർപ്പറേഷനിൽനിന്നും വാങ്ങി 14 സെററ് വയർലസ് ഉപകരണങ്ങളും ഇൻസ്ററാൾ ചെയ്യുന്നതിനാവശ്യമായ നടപടികൾ റിപ്പോർട്ടുവർഷം സ്വീകരിച്ചിട്ടുണ്ട്.

ഇംപൗണ്ടിംഗ് ഓഫീസർമാർക്കും കടൽ പട്രോളിംഗ് സ്ററാഫിനും ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടി റിപ്പോർട്ടുവർഷവും തുടരുന്നു.

റിപ്പോർട്ടുവർഷം മൺസൂൺകാല ട്രോളിംഗ് നിരോധിച്ചിരുന്നു. 20-6-1992-ലെ ജി.ഒ. (പി) 26/92 എഫ്. ആൻറ് പി.ഡി. ഉത്തരവു പ്രകാരം 1992 ജൂൺ 21-ാം തീയതി മുതൽ ആഗസ്ററ് 3-ാം തീയതിവരെ നിരോധനം നിലവിലുണ്ടായിരുന്നു.

റിപ്പോർട്ടുവർഷം അനധികൃത മത്സ്യബന്ധനത്തിന് 11 ബോട്ടുകളെ പിടിച്ചെടുക്കുകയും പിഴ ചുമത്തുകയും 1,11,000 രൂപ പിഴ ഇനത്തിൽ വസൂലാക്കുകയും ചെയ്തു.

ഉൾനാടൻ മേഖലയിലെ പെട്രോളിംഗ്, ഉൾനാടൻ മത്സ്യബന്ധന നിയന്ത്രണം നടപ്പാക്കൽ എന്നിവ റിപ്പോർട്ടുവർഷവും കാര്യക്ഷമമായി തുടരുന്നു.

10. ശംഖു ഫിഷറി.—സംസ്ഥാനത്തിന്റെ ജല അതിർത്തികളിൽനിന്നും ശംഖു ശേഖരിക്കുന്നതിനുള്ള കുത്തകാവകാശം ഡിപ്പാർട്ടുമെന്റ് കാലാകാലങ്ങളിൽ ലേലം ചെയ്തു നൽകിവരുന്നു.

(ബി) ഉൾനാടൻ മത്സ്യകൃഷിയും മത്സ്യവികസന പ്രവർത്തനങ്ങളും

1. ഉൾനാടൻ മത്സ്യബന്ധന അവലോകനം.—നടപ്പുവർഷം 9,135·78 ലക്ഷം രൂപയ്ക്കുള്ള 42,390 മെട്രിക് ടൺ മത്സ്യം ഉൾനാടൻ ജലാശയങ്ങളിൽനിന്നും പിടിച്ചെടുത്തു. മുൻവർഷം 7,584·91 ലക്ഷം രൂപയ്ക്കുള്ള 4,0365 മെട്രിക് ടൺ മത്സ്യം പിടിച്ചെടുത്തിട്ടുണ്ട്. മത്സ്യങ്ങളുടെ ഇനം തിരിച്ചുള്ള കണക്കുകൾ അനുബന്ധം 5 (എ), 5 (ബി) എന്നിവയിൽ കൊടുത്തിട്ടുണ്ട്.

2. ഓരുജല സമ്പത്ത്.—(എ) സ്ഥിരമായ ഉപകരണങ്ങൾ.—ഊന്നിവലകളും ചീനവലകളും ഓരുജല മത്സ്യബന്ധനത്തിനുപയോഗിച്ചു വരുന്ന സ്ഥിരം ഉപകരണങ്ങളാണ്. തിരുവനന്തപുരം ജില്ലയിൽ റിപ്പോർട്ടുവർഷം ഊന്നിവലകളും ചീനവലകളും പ്രവർത്തിച്ചിരുന്നില്ല.

കൊല്ലം ജില്ലയിൽ കായൽ മേഖലയിൽ 829 ഊന്നിവലകളും 167 ചീനവലകളും പ്രവർത്തിക്കുന്നുണ്ട്. ലൈസൻസ് ഫീസിനത്തിൽ നടപ്പുവർഷം ഊന്നിവലകൾക്ക് 16,954 രൂപയും ചീനവലകളുടെ ലൈസൻസ് ഫീസിനത്തിൽ 1,743 രൂപയും പിരിച്ചെടുത്തിട്ടുണ്ട്.

ആലപ്പുഴ ജില്ലയിൽ നടപ്പുവർഷം ആരംഭത്തിൽ 2073$\frac{25}{72}$ ഊന്നിവലകളുണ്ടായിരുന്നു. വർഷാവസാനംവരെ അവ പ്രവർത്തിച്ചിരുന്നു. ലൈസൻസ് ഫീസിനത്തിൽ 27,796·25 രൂപ പിരിഞ്ഞു കിട്ടി.

റിപ്പോർട്ടു വർഷാരംഭത്തിൽ 417 ചീനവലകളുണ്ടായിരുന്നു. വർഷാവസാനംവരെ 417 ചീനവലകളും പ്രവർത്തിച്ചിരുന്നു. ലൈസൻസ് ഫീസിനത്തിൽ 2,608·50 രൂപ പിരിഞ്ഞു കിട്ടി.

കോട്ടയം ജില്ലയിൽ 722$\frac{1}{4}$ ഊന്നിവലകളും 117 ചീനവലകളും നടപ്പുവർഷം പ്രവർത്തിച്ചിരുന്നു. ഇവയുടെ ലൈസൻസ് ഫീസിനത്തിൽ 15,748 രൂപ പിരിഞ്ഞു കിട്ടിയിട്ടുണ്ട്.

എറണാകുളം ജില്ലയിൽ വർഷാവസാനം 964 ചീനവലകളും 3632 ഊന്നിവലകളും ഉണ്ടായിരുന്നു. ലൈസൻസ് ഫീസിനത്തിൽ ചീനവലയിൽനിന്നും 6,944 രൂപയും ഊന്നിവലയിൽനിന്നും 27,236·75 രൂപയും പിരിഞ്ഞു കിട്ടിയിട്ടുണ്ട്.

തൃശ്ശൂർ ജില്ലയിൽ റിപ്പോർട്ടുവർഷം 472$\frac{1}{2}$ ഊന്നിവലകളും 42 ചീനവലകളും പ്രവർത്തിച്ചിരുന്നു. ഊന്നിവലയിൽനിന്നും 10,850 രൂപയും ചീനവലയിൽനിന്നും 485 രൂപയും ലൈസൻസ് ഫീസിനത്തിൽ പിരിഞ്ഞുകിട്ടിയിട്ടുണ്ട്.

മലപ്പുറം ജില്ലയിൽ റിപ്പോർട്ടുവർഷം 30 ഊന്നിവലകൾ ഉണ്ടായിരുന്നു. ലൈസൻസ് ഫീസിനത്തിൽ 600 രൂപ പിരിച്ചെടുത്തിട്ടുണ്ട്.

കോഴിക്കോട് ജില്ലയിൽ വർഷാരംഭത്തിൽ 15 ഊന്നിവലകൾ പ്രവർത്തിച്ചിരുന്നു. ലൈസൻസ് ഫീസിനത്തിൽ 3,020 രൂപ പിരിഞ്ഞു കിട്ടിയിട്ടുണ്ട്.

കണ്ണൂർ ജില്ലയിൽ റിപ്പോർട്ടുവർഷം 687 ഊന്നിവലകരം ഉണ്ടായിരുന്നു. ലൈസൻസ് ഫീസിനത്തിൽ 6,185 രൂപ പിരിച്ചെടുത്തിട്ടുണ്ട്.

കാസർഗോഡ് ജില്ലയിൽ റിപ്പോർട്ടുവർഷം 267 കുററിവലകരം പ്രവർത്തിച്ചിരുന്നു. 5,580 രൂപ ലൈസൻസ് ഫീസിനത്തിൽ പിരിച്ചെടുത്തിട്ടുണ്ട്.

(ബി) മററു വലകരം, ചൂണ്ടകരം, മുതലായവ—ഫ്രീനെറ്റ്.—സ്ഥിര ഉപകരണങ്ങളായ ചീനവല, ഊന്നിവല എന്നിവ ഒഴിച്ചുള്ള എല്ലാ മത്സ്യബന്ധന ഉപകരണങ്ങളും ഫ്രീനെററ്സ് എന്ന വിഭാഗത്തിൽപ്പെടുന്നു. തിരു–കൊച്ചി ഫിഷറീസ് ആക്ററ് പ്രകാരം ഫ്രീനെററ്സിന് ലൈസൻസ് ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മലബാർ പ്രദേശങ്ങളിൽ ഈ വലകരം ഉപയോഗിക്കുന്നതിന് ലൈസൻസ് ആവശ്യമില്ല. ലൈസൻസ് ഫീസിനത്തിൽ കൊല്ലം ജില്ലയിൽനിന്നും 3,875 രൂപയും ആലപ്പുഴ ജില്ലയിൽ 16,920 രൂപയും എറണാകുളം ജില്ലയിൽ 210 രൂപയും തൃശ്ശൂർ ജില്ലയിൽ 3,893 രൂപയും പിരിച്ചെടുത്തിട്ടുണ്ട്.

(സി) നെൽപ്പാടങ്ങളിലെ ചെമ്മീൻകെട്ട്.—മദ്ധ്യ കേരളത്തിലെ ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിലെ പൊക്കാളി കരിനിലങ്ങളിൽ ചെമ്മീൻകെട്ട് നടത്തിവരുന്നു. മററു ജില്ലകളിൽ ഈ സമ്പ്രദായം നിലവിലില്ല. ചെമ്മീൻക്കെട്ടിന് ഡിപ്പാർട്ടുമെൻറിൽനിന്നും ലൈസൻസ് നൽകിവരുന്നുണ്ട്. റിപ്പോർട്ടുവർഷം ലൈസൻസ് ഫീസിനത്തിൽ ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിൽനിന്നും യഥാക്രമം 20,606 രൂപാ, 190 രൂപാ, 1,51,614 രൂപാ, 16,157 രൂപ വീതം പിരിച്ചെടുത്തു. ഈ ഇനങ്ങളിലുണ്ടായ മൊത്ത വരവ് 1,88,567 രൂപയാണ്. മുൻവർഷം 82,008 രൂപാ ഈ ഇനത്തിൽ വരവുണ്ടായി.

(ഡി) ജലസേചന തോടുകളിൽനിന്നും, ഉൾനാടൻ ജലാശയങ്ങളിൽ നിന്നും മത്സ്യം പിടിക്കുന്നതിനുള്ള അവകാശം ലേലം ചെയ്യൽ.— ഉൾനാടൻ മേഖലയിലെ ജലാശയങ്ങളിലേയും തോടുകളിലേയും മത്സ്യം പിടിക്കുന്നതിനുള്ള അവകാശം അതാതു പഞ്ചായത്തുകളാണ് സാധാരണയായി ലേലം ചെയ്തു കൊടുക്കുന്നത്. എന്നാൽ ചില ജലാശയങ്ങളും തോടുകളും ഡിപ്പാർട്ടുമെൻറ് നേരിട്ടാണ് മത്സ്യബന്ധനത്തിന് ലേലം ചെയ്തു കൊടുക്കുന്നത്. റിപ്പോർട്ടുവർഷം ചെറുചാലുകളും ചെറുകിട ജലാശയങ്ങളും ലേലം ചെയ്തുകൊടുത്ത വകയിൽ ഡിപ്പാർട്ടുമെൻറിന് 1,32,183 രൂപ പിരിഞ്ഞുകിട്ടിയിട്ടുണ്ട്. മുൻവർഷം 61,427 രൂപ ഈ ഇനത്തിൽ കിട്ടിയിരുന്നു.

തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് താലൂക്കിൽ അഞ്ചുതെങ്ങ് കായലിലെ മുതലപ്പൊഴിയിൽനിന്നും മത്സ്യബന്ധനാവകാശം റിപ്പോർട്ടുവർഷം ലേലം ചെയ്തു കൊടുത്ത വകയിൽ 61,790 രൂപ പിരിഞ്ഞു കിട്ടി.

ആയിരംതെങ്ങ് ഫിഷ് ഫാമിലെ കാട്ടുകണ്ടജലാശയം ലേലം ചെയ്തു കൊടുത്തതിൽ 19,590 രൂപയും എസ്ററ്യൂറൈൻ റിസർച്ച് സ്റേറഷൻ ലേലം ചെയ്ത വകയിൽ 15,650 രൂപയും പിരിഞ്ഞുകിട്ടിയിട്ടുണ്ട്.

കണ്ണൂർ ജില്ലയിലെ എരഞ്ഞോളി, അഞ്ചരക്കണ്ടി, പാലയാട് എന്നിവിടങ്ങളിലെ മത്സ്യം വളർത്തു കേന്ദ്രത്തിലെ മത്സ്യബന്ധനാവകാശം റിപ്പോർട്ടുവർഷം ലേലം ചെയ്തു കൊടുത്ത വകയിൽ 10,380 രൂപ പിരിഞ്ഞുകിട്ടിയിട്ടുണ്ട്.

(ഇ) ഓരുജല മത്സ്യം വളർത്തുകേന്ദ്രങ്ങൾ.—ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ ആയിരംതെങ്ങ്, ആറാട്ടുപുഴ, പാലൈക്കരി, ഞാറയ്ക്കൽ, മാലിപ്പുറം, കടപ്പുറം, പൊയ്യപരപ്പ്, എരഞ്ഞോളി എന്നിവിടങ്ങളിൽ ഓരുജല മത്സ്യം വളർത്തൽ കേന്ദ്രങ്ങളുണ്ട്. ഈ കേന്ദ്രങ്ങളുടെ റിപ്പോർട്ടു വർഷത്തെ പ്രവർത്തനങ്ങളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

ആയിരംതെങ്ങ് മത്സ്യം വളർത്തുകേന്ദ്രം.—15-6-1991 മുതൽ ഫാമിന്റെ ഭരണാധികാരം കൊല്ലം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറി. 1.79 ഹെക്ടർ സ്ഥലത്ത് ശാസ്ത്രീയ ചെമ്മീൻ കൃഷി പ്രവർത്തനം വിജയകരമായി നടത്തി. 849 കി. ഗ്രാം ചെമ്മീൻ ലഭിച്ചു. ഫാമിലെ മത്സ്യം വില്പനയിലും ഫാമിനോടനുബന്ധിച്ചുള്ള കാട്ടുകണ്ടം ജലാശയത്തിലെ മത്സ്യബന്ധനാവകാശം ലേലം ചെയ്തു കൊടുത്ത വകയിലും കൂടി 26,590 രൂപ വരവുണ്ടായി.

ആറാട്ടുപുഴ മത്സ്യം വളർത്തുകേന്ദ്രം.—ആറാട്ടുപുഴ 100 ഏക്കർ മത്സ്യം വളർത്തുകേന്ദ്രത്തിലെ മത്സ്യ ബന്ധനവകാശം റിപ്പോർട്ടു വർഷം 1,010 രൂപയ്ക്കാണ് ലേലത്തിൽ പോയത്. ലേലക്കാർ തവണ സംഖ്യ അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയതിനെ തുടർന്നു റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചു.

ഇടക്കൊച്ചി മത്സ്യം വളർത്തുകേന്ദ്രം.—പ്രത്യേക ഘടകപദ്ധതി യിൽപ്പെടുത്തി ഈ ഫാമിൽ ചെമ്മീൻ കൃഷി നടത്തുന്നതിന് പള്ളുരുത്തി ഹരിജൻ വിവിധോദ്ദേശ സഹകരണസംഘത്തിന് വർഷം 10,000 രൂപ നിരക്കിൽ 5 കൊല്ലത്തേക്ക് പാട്ടത്തിന് കൊടുത്തിരിക്കുകയാണ്.

പാലൈക്കരി, ഞാറയ്ക്കൽ, മാലിപ്പുറം എന്നീ മത്സ്യം വളർത്തു കേന്ദ്രങ്ങൾ.—ഈ മത്സ്യം വളർത്തുകേന്ദ്രങ്ങൾ മത്സ്യഫെഡിന്റെ നിയന്ത്രണത്തിലാണ് പ്രവർത്തിച്ചു വരുന്നത്. റിപ്പോർട്ടുവർഷം പാലൈക്കരി, ഞാറയ്ക്കൽ, മാലിപ്പുറം എന്നീ ഫാമുകളിൽനിന്നും 13·31 ലക്ഷം രൂപയ്ക്കുള്ള 12 ടൺ മത്സ്യവും 18 ടൺ ചെമ്മീനും ലഭിച്ചിട്ടുണ്ട്.

എരഞ്ഞോളി, പാലയാട്, അഞ്ചലൂർ മൽസ്യവളർത്തുകേന്ദ്രം.—എരഞ്ഞോളി, പാലയാട്, അഞ്ചലൂർ എന്നിവിടങ്ങളിലെ ഫിഷറീസ് വകുപ്പുവക ജലാശയങ്ങളിൽ നിന്നും മൽസ്യം പിടിക്കുന്നതിനുള്ള അവകാശം ലേലം ചെയ്തു കൊടുത്ത വകയിൽ 10,380 രൂപ റിപ്പോർട്ടു വർഷം പിരിച്ചെടുത്തു.

മൽസ്യം വളർത്തുകേന്ദ്രം, പൊയ്യ.—24-1-1989-ലെ 9/79-ാം നമ്പർ ഗവൺമെന്റ് ഉത്തരവുപ്രകാരം അനുവദിച്ച പൊയ്യ മൽസ്യം വളർത്തു കേന്ദ്രത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ 95 ശതമാനത്തോളം പൂർത്തിയായി. പമ്പ്സെററ് പ്രവർത്തിക്കുന്നതിനുവേണ്ടിയുള്ള വൈദ്യുതി കൊണ്ടുവരുന്നതിനുള്ള സംവിധാനം പൂർത്തിയായി. ബണ്ടിന്റെ പണിയും ഏതാണ്ട് പൂർത്തിയാക്കി.

ചെമ്മീൻ കുഞ്ഞുൽപ്പാദനകേന്ദ്രം, അഴീക്കോട്.—നാരൻ, കാര, ആററുകൊഞ്ച് എന്നീ ഇനങ്ങളിൽപ്പെട്ട ചെമ്മീൻകുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് വളർത്തി വിതരണം ചെയ്യുന്നതിന് തൃശ്ശൂർ ജില്ലയിലെ അഴീക്കോട് പ്രവർത്തിച്ചുവരുന്ന ഒരു കേന്ദ്രമാണിത്. റിപ്പോർട്ടുവർഷം ഈ ചെമ്മീൻ കുഞ്ഞുൽപ്പാദന കേന്ദ്രത്തിൽ 75.47 ലക്ഷം ചെമ്മീൻകുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ചു വിതരണം ചെയ്തു. 64.46 ലക്ഷം ചെമ്മീൻ കുഞ്ഞുങ്ങളെ മുൻവർഷം ഉൽപ്പാദിപ്പിച്ചിരുന്നു.

ചെമ്മീൻ കുഞ്ഞുൽപ്പാദനകേന്ദ്രം, മാപ്പിളബേ.—മൽസ്യഫെഡിൻെറ കീഴിലാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. കേന്ദ്രസമുദ്ര മൽസ്യ ഗവേഷണ കേന്ദ്രത്തിൻെറ സാങ്കേതികവും സമുദ്രോൽപ്പന്ന കയററുമതി വികസന അതോറിററിയുടെ സാങ്കേതികവും ധനപരവുമായ സഹായം ഈ ചെമ്മീൻകുഞ്ഞുൽപ്പാദന കേന്ദ്രത്തിൻെറ നിർമ്മാണത്തിന് ലഭിച്ചിട്ടുണ്ട്. റിപ്പോർട്ടുവർഷം 17. 36 ലക്ഷം ചെമ്മീൻ കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ചു.

ശുദ്ധജല മൽസ്യ സമ്പത്ത്.—കേരളത്തിൽ ആകെയുള്ള 44 നദികളിൽ 41 എണ്ണം കിഴക്ക് ഉത്ഭവിച്ച് പടിഞ്ഞാറോട്ട് ഒഴുകുന്നവയും കബനി, ഭവാനി, പമ്പാർ എന്നീ 3 നദികൾ പടിഞ്ഞാറ് ഉത്ഭവിച്ച് കിഴക്കോട്ട് ഒഴുകുന്നവയുമാണ്. ഈ നദികളുടെ ഉത്ഭവസ്ഥാനങ്ങളിലും മദ്ധ്യഭാഗങ്ങളിലും ചെറിയ വീശുവലകളും, ഒഴുക്കുവലകളും മൽസ്യബന്ധനത്തിനുപയോഗിക്കുമ്പോൾ പതനസ്ഥലങ്ങളിൽ ഊന്നിവലകളും ചീനവലകളും ഉപയോഗിച്ചുവരുന്നു.

നച്ചുകലക്കൽ, തോട്ടപൊട്ടിക്കൽ എന്നീ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളും വ്യവസായശാലകളിൽ നിന്നും പുറത്തേക്ക് ഒഴുകുന്ന മലിന ജലവും മൽസ്യബന്ധനത്തിനെ നശിപ്പിക്കുന്നുണ്ട്. നദീജല സമ്പത്ത് സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനും ഡിപ്പാർട്ടുമെൻറ് നടപടി സ്വീകരിച്ചുവരുന്നു.

(എ) ജലസംഭരണികളിലേയും ജലസേചന തോടുകളിലേയും മൽസ്യസമ്പത്ത്.—ഡിപ്പാർട്ടുമെൻറ് നടപ്പുവർഷം 17 ജലസംഭരണികളിൽ മൽസ്യകൃഷി നടത്തിവരുന്നു. തിരുവനന്തപുരം ജില്ലയിൽ നെയ്യാർ ഡാം, പേപ്പാറ, കൊല്ലം ജില്ലയിലെ കല്ലട, പത്തനംതിട്ട ജില്ലയിലെ പമ്പ, കക്കി, തൃശ്ശൂർ ജില്ലയിലെ വാഴാനി, പീച്ചി, ഷോളയാർ, പെരിങ്ങൽകുത്ത്, പാലക്കാട് ജില്ലയിലെ മലമ്പുഴ, മീങ്കര, വാളയാർ, പോത്തുണ്ടി, ചുള്ളിയാർ, മംഗലം, കാഞ്ഞിരംപുഴ, കോഴിക്കോട് ജില്ലയിലെ പെരുവണ്ണാമൂഴി എന്നീ ജലസംഭരണികളിലാണ് മൽസ്യക്കുഞ്ഞുങ്ങളെ സ്റേറാക്ക് ചെയ്തു മൽസ്യം വളർത്ത് പരിപാടി നടത്തിവരുന്നത്. പാലക്കാട് ജില്ലയിലെ 7 സംഭരണികളിൽ നിന്നും 15,95,682.60 രൂപ വിലയുള്ള 117,607 കി. ഗ്രാം മൽസ്യം പിടിച്ചു വിൽപ്പന നടത്തി. മുൻകൊല്ലം 15,89,888 രൂപ വിലയ്ക്കുള്ള 117,851 കി. ഗ്രാം മൽസ്യം പിടിച്ചു വിൽപ്പന നടത്തിയിരുന്നു.

തൃശ്ശൂർ ജില്ലയിലെ വാഴാനി ജലസംഭരണിയിൽ നിന്ന് 1,07,609 രൂപ വിലയ്ക്കുള്ള 6,985 കി. ഗ്രാം മൽസ്യവും, പീച്ചി ജലസംഭരണിയിൽ നിന്ന് 1,02,458 രൂപ വിലയ്ക്കുള്ള 5,734 കിലോഗ്രാം മൽസ്യവും പിടിച്ചു വിൽപ്പന നടത്തി. ജലസംഭരണികളിലെ മൽസ്യ

ബന്ധനം ഇപ്പോൾ അതാതു സ്ഥലങ്ങളിൽ രൂപീകരിക്കപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ ഏൽപ്പിച്ചിരിക്കുകയാണ്. സഹകരണസംഘങ്ങൾ പിടിച്ചു വിൽക്കുന്ന മൽസ്യത്തിൻെറ കാര്യത്തിൽ ഡിപ്പാർട്ടുമെൻറ് ചില വ്യവസ്ഥകൾ വെച്ചിട്ടുണ്ട്. കരാർ പ്രകാരം മൽസ്യവിലയുടെ 60 ശതമാനം സംഘങ്ങളിലെ മെമ്പർമാർക്ക് കൂലി ഇനത്തിലും 25 ശതമാനം ഡിപ്പാർട്ടുമെൻറിൻെറ ഓവർ ഹെഡ് ചാർജ്ജിനത്തിലും 15 ശതമാനം സംഘങ്ങളുടെ ദൈനംദിന ചെലവുകൾക്കും ഉപയോഗിക്കുന്നതാണ്. റിപ്പോർട്ടുവർഷം വിവിധ ജലസംഭരണികളിൽനിന്നും 18,05,750 രൂപയ്ക്കുള്ള 130,326 കി. ഗ്രാം മൽസ്യം പിടിച്ചു വിൽപ്പന നടത്തി. മുൻവർഷം 21,12,964 രൂപയ്ക്കുള്ള 147,437 കി. ഗ്രാം മൽസ്യമാണ് പിടിച്ചു വിൽപ്പന നടത്തിയത്

(ബി) <u>മൽസ്യക്കുഞ്ഞുൽപ്പാദനവും, ശേഖരണവും, വിതരണവും.</u>— തിരുവനന്തപുരം ജില്ലയിൽപ്പെട്ട നെയ്യാർ ജലസംഭരണിയിൽ റിപ്പോർട്ടുവർഷം മൽസ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുകയോ, മൽസ്യ വിൽപ്പന നടത്തുകയോ ചെയ്തിട്ടില്ല.

പത്തനംതിട്ട ജില്ലയിലെ പന്നിവേലിച്ചിറയിൽ 15.50 ലക്ഷം മൽസ്യക്കുഞ്ഞുങ്ങളെ റിപ്പോർട്ടുവർഷം ഉൽപ്പാദിപ്പിച്ചു. അവയിൽ വളർത്തിയെടുത്ത 1.87 ലക്ഷം മൽസ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്തു. ഇവയിൽ 8,735 എണ്ണം കട്ലയും, 62,730 എണ്ണം രോഹുവും, 2,580 മൃഗാളും, 52,130 ലോബിയോയും, 60,100 സൈപ്രിനസ് കാർപ്പിയോയും ഇനത്തിൽപ്പെട്ടവയുമാണ്. മുൻവർഷം ഈ കേന്ദ്രത്തിൽനിന്നും 25,294 മൽസ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്തു. ഇവയിൽ 12,275 എണ്ണം കട്ലയും 116,957 എണ്ണം രോഹുവും, 21,360 എണ്ണം മൃഗാളും, 77,713 എണ്ണം ലോബിയോയും, 23,889 എണ്ണം സൈപ്രിനസ് കാർപ്പിയോയും ഇനത്തിൽപ്പെട്ടവയുമാണ്.

പോളച്ചിറ മൽസ്യക്കുഞ്ഞുൽപ്പാദന കേന്ദ്രത്തിൽ റിപ്പോർട്ടുവർഷം വിവിധ ഇനത്തിൽപ്പെട്ട 786,442 മൽസ്യക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തു. മുൻവർഷം 750,625 ലക്ഷം മൽസ്യക്കുഞ്ഞുങ്ങളെ ഈ കേന്ദ്രത്തിൽ നിന്നും വിതരണം ചെയ്തിരുന്നു.

കൊല്ലം മത്സ്യ കർഷക വികസന ഏജൻസിയുടെ മേൽനോട്ടത്തിൽ റിപ്പോർട്ടു വർഷം മത്സ്യകർഷകരിൽ നിന്നും കിററുകളുടെ സഹായത്തോടെ 212,415 മൽസ്യക്കുഞ്ഞുങ്ങളെയും 20,750 ശുദ്ധജല കൊഞ്ചിൻ കുഞ്ഞുങ്ങളെയും ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തു. മുൻവർഷം ഇത് 50,000 ആയിരുന്നു.

തൃശ്ശൂർ മത്സ്യകർഷക വികസന ഏജൻസിയുടെ മേൽനോട്ടത്തിൽ മത്സ്യ കർഷകർക്ക് റിപ്പോർട്ടു വർഷം 128 മൽസ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്തു,

പീച്ചി മൽസ്യക്കുഞ്ഞുൽപ്പാദന കേന്ദ്രത്തിൽ നടപ്പുവർഷം മൽസ്യക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുകയുണ്ടായില്ല.

മലമ്പുഴ മത്സ്യക്കുഞ്ഞുൽപ്പാദന കേന്ദ്രത്തിൽ 4,229,926 മത്സ്യക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ചു വിതരണം ചെയ്തു. പാലക്കാട് ജില്ലയിലെ മീങ്കര മത്സ്യകർഷക വികസന ഏജൻസിയുടെ കീഴിലുള്ള മത്സ്യക്കുഞ്ഞുൽപ്പാദന കേന്ദ്രത്തിൽ വിവിധ ഇനത്തിൽപ്പെട്ട 38,000 മത്സ്യക്കുഞ്ഞു

ങ്ങളെ നടപ്പുവർഷം ഉൽപ്പാദിപ്പിച്ചു. ഇവിടെ നിന്നും 161,080 മത്സ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്തു. മുൻവർഷം ഈ കേന്ദ്രത്തിൽ 173,360 മത്സ്യക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ചു വിതരണം ചെയ്തു.

പരപ്പനങ്ങാടിയിലെ ഉള്ളണം മത്സ്യക്കുഞ്ഞുൽപ്പാദനകേന്ദ്രത്തിൽ 101,000 മത്സ്യക്കുഞ്ഞുങ്ങളെ വളർത്തുകയുണ്ടായി. വളർത്തിക്കിട്ടിയ 31,500 എണ്ണം വിതരണം ചെയ്യുകയുണ്ടായി. മത്സ്യക്കുഞ്ഞുൽപ്പാദനം, ശേഖരണം എന്നിവ അനുബന്ധം 12,13 ആയി കൊടുത്തിട്ടുണ്ട്.

(സി) ശുദ്ധജല അക്വേറിയം, മലമ്പുഴ.—വിവിധ ഇനം മത്സ്യങ്ങളെ വളർത്തി പ്രദർശിപ്പിച്ചുവരുന്ന ഈ ശുദ്ധജല അക്വേറിയം നടപ്പുവർഷം 320,657 മുതിർന്നവരും, 107,341 കുട്ടികളും സന്ദർശിക്കുകയുണ്ടായി. സന്ദർശന ഫീസ് ഇനത്തിൽ 3,74,327 രൂപ വരവുണ്ടായി. മുൻവർഷം 47,021 മുതിർന്നവരും, 40,363 കുട്ടികളും ഈ അക്വേറിയം സന്ദർശിച്ചിരുന്നു. സന്ദർശന ഫീസ് ഇനത്തിൽ 1,74,601 രൂപ വരവ് ഉണ്ടായിരുന്നു.

(ഡി) ഉൾനാടൻ മത്സ്യകൃഷി.—എക്സ്റ്റൻഷൻ വിഭാഗത്തിന്റെ മേൽനോട്ടത്തിൽ കേരളത്തിലെ വിവിധ ജില്ലകളിൽ മത്സ്യകൃഷി വികസന പരിപാടികൾ നടപ്പിലാക്കിവരുന്നുണ്ട്. മത്സ്യകൃഷിക്ക് അനുയോജ്യമായ കുളങ്ങൾ തെരഞ്ഞെടുക്കുന്നതിനും എക്സ്റ്റൻഷൻ വിഭാഗം കാര്യമായി പ്രവർത്തിക്കുന്നു.

(ഇ) മത്സ്യകർഷക വികസന ഏജൻസികൾ.—ഉൾനാടൻ മത്സ്യകർഷകരുടെ ഉന്നമനത്തിനും മൽസ്യകൃഷിയുടെ ഉന്നമനത്തിനും വേണ്ടി കേന്ദ്രഗവൺമെൻറിന്റെ സഹായത്തോടെ കേരളത്തിൽ 14 ജില്ലകളും കേന്ദ്രമാക്കി മത്സ്യകർഷക വികസന ഏജൻസികൾ പ്രവർത്തിച്ചു വരുന്നുണ്ട്.

മത്സ്യകർഷക വികസന ഏജൻസി, തിരുവനന്തപുരം.—നടപ്പുവർഷം 8824 ഹെക്ടർ സ്ഥലം സർവ്വേ നടത്തുകയും 5,151 ഹെക്ടർ സ്ഥലത്ത് 166,030 മത്സ്യക്കുഞ്ഞുങ്ങളെ സ്റ്റോക്കു ചെയ്യുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ടുവർഷം 394 കർഷകർ ഈ ഏജൻസിയിൽ അംഗമായി ചേർന്നിട്ടുണ്ട്. 103 മത്സ്യകർഷകർക്ക് നടപ്പുവർഷം പരിശീലനം കൊടുത്തു.

ഏജൻസിയുടെ കീഴിലുള്ള മൊത്തം 123.43 ഹെക്ടർ സ്ഥലങ്ങളിൽ മത്സ്യകൃഷി നടന്നുവരുന്നു.

മത്സ്യകർഷക വികസന ഏജൻസി, കൊല്ലം.—റിപ്പോർട്ടുവർഷം 128 മത്സ്യകർഷകർ അംഗങ്ങളായി ചേർന്നിട്ടുണ്ട്. 100 ഹെക്ടറിൽ സർവ്വേ നടത്തുകയും 70,804 ഹെക്ടറിൽ മത്സ്യകൃഷി നടപ്പിലാക്കുകയും ചെയ്തു. ആകെ 40 ഹെക്ടർ കുളങ്ങളിൽ ഏജൻസിയുടെ കീഴിൽ മത്സ്യക്കുഞ്ഞുങ്ങളെ വളർത്തുകയും ചെയ്തു. 212,415 മത്സ്യക്കുഞ്ഞുങ്ങളെ ഏജൻസിയുടെ കീഴിലുള്ള മത്സ്യകർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. 249 മത്സ്യകർഷകർക്ക് ഏജൻസി പരിശീലനം നൽകിയിട്ടുണ്ട്.

മത്സ്യകർഷക വികസന ഏജൻസി, പത്തനംതിട്ട.—റിപ്പോർട്ടു വർഷം 52.10 ഹെക്ടർ സ്ഥലത്ത് സർവേ നടത്തുകയും 1059 ഹെക്ടർ വിസ്തീർണ്ണം വരുന്ന കുളങ്ങളിൽ മൽസ്യകൃഷി വിപുലമായി നടപ്പിലാക്കി വരികയും ചെയ്യുന്നു.

ഈ ഏജൻസി നടപ്പുവർഷം 61,665 മൽസ്യക്കുഞ്ഞുങ്ങളെ സ്റേറാക്ക് ചെയ്തു. 53 മത്സ്യകർഷകർ പുതുതായി ചേരുകയും 80 മത്സ്യകർഷകർക്ക് ശാസ്ത്രീയ കൃഷിയിൽ പരിശീലനം നൽകുകയും ചെയ്തു.

മത്സ്യകർഷക വികസന ഏജൻസി, ആലപ്പുഴ.—റിപ്പോർട്ടുവർഷം ഏജൻസിയുടെ മേൽനോട്ടത്തിൽ 88 ഹെക്ടർ സ്ഥലം സർവ്വേ നടത്തുകയും 17.60 സ്ഥലത്തും മൽസ്യകൃഷി നടപ്പിലാക്കുകയും ചെയ്തു. ഏജൻസിയുടെ കീഴിലുള്ള മൊത്തം 224.80 ഹെക്ടർ സ്ഥലങ്ങളിൽ മത്സ്യകൃഷി നടത്തുകയുണ്ടായി. 87,450 മത്സ്യക്കുഞ്ഞുങ്ങളേയും 14,250 ചെമ്മീൻകുഞ്ഞുങ്ങളേയും വിതരണം ചെയ്തു. 99 മത്സ്യകർഷകർ അംഗങ്ങളായി ചേർന്നു. 47 മത്സ്യകർഷകർക്ക് പരിശീലനം നൽകി.

മത്സ്യകർഷക വികസന ഏജൻസി, കോട്ടയം.—റിപ്പോർട്ടുവർഷം ഏജൻസിയുടെ മേൽനോട്ടത്തിൽ 109.50 ഹെക്ടർ സർവ്വേ നടത്തുകയും, 44 ഹെക്ടർ കുളങ്ങളിൽ മത്സ്യകൃഷി നടപ്പിലാക്കുകയും ചെയ്തു. നടപ്പുവർഷം 21,552 മൽസ്യക്കുഞ്ഞുങ്ങളെ സ്റേറാക്ക് ചെയ്യുകയും 317 മത്സ്യകർഷകർ അംഗങ്ങളാകുകയും, 90 പേർക്ക് പരിശീലനം നൽകുകയും ചെയ്തു.

മത്സ്യകർഷക വികസന ഏജൻസി, ഇടുക്കി,—നടപ്പുവർഷം ഏജൻസിയുടെ മേൽനോട്ടത്തിൽ 33 ഹെക്ടർ കുളങ്ങളിൽ സർവേ നടത്തുകയും 15 ഹെക്ടർ കുളത്തിൽ മത്സ്യകൃഷി നടത്തുകയും ചെയ്തു. 13 ഹെക്ടർ കുളത്തിൽ മത്സ്യ വിളവെടുപ്പു നടത്തിയതിൽ 16.8 ടൺ മത്സ്യം ലഭിച്ചു. 94 കർഷകർ പുതുതായി അംഗങ്ങളായി ചേരുകയും 19 പേർക്ക് പരിശീലനം നൽകുകയും ചെയ്തു. 69,850 മൽസ്യക്കുഞ്ഞുങ്ങളെ സ്റേറാക്ക് ചെയ്തു.

മത്സ്യകർഷക വികസന ഏജൻസി, എറണാകുളം.—നടപ്പുവർഷം 80 ഹെക്ടർ കുളത്തിൽ സർവ്വേ നടത്തുകയും 46.60 ഹെക്ടർ കുളത്തിൽ മത്സ്യകൃഷി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. 140,985 മൽസ്യക്കുഞ്ഞുങ്ങളെ സ്റേറാക്ക് ചെയ്തു വിതരണം നടത്തി.

മത്സ്യകർഷക വികസന ഏജൻസി, തൃശ്ശൂർ —നടപ്പുവർഷം 45,60 ഹെക്ടർ കുളങ്ങളിൽ സർവ്വേ നടത്തുകയും 33 ഹെക്ടറിൽ മത്സ്യകൃഷി നടപ്പിലാക്കുകയും ചെയ്തു. 20 ഹെക്ടറിൽ മത്സ്യവിളവെടുപ്പു നടത്തിയതിൽ 60 ടൺ മത്സ്യം ലഭിച്ചു. 127,900 മത്സ്യക്കുഞ്ഞുങ്ങളെ സ്റേറാക്ക് ചെയ്തു. 185 മത്സ്യകർഷകർ അംഗങ്ങളായി ചേർന്നു. 30 പേർക്ക് പരിശീലനം നൽകി.

മത്സ്യകർഷക വികസന ഏജൻസി, മീങ്കര, പാലക്കാട്.—റിപ്പോർട്ടു വർഷം 109.92 ഹെക്ടർ കുളങ്ങളിൽ സർവ്വേ നടത്തുകയും 51.50 ഹെക്ടറിൽ മത്സ്യകൃഷി നടപ്പിലാക്കുകയും ചെയ്തു. 61.40 ഹെക്ടറിൽ വിളവെടുപ്പു നടത്തിയതിൽ 85.40 ടൺ മത്സ്യം ലഭിച്ചു.

161,030 മത്സ്യക്കുഞ്ഞുങ്ങളെ സ്റേറാക്ക് ചെയ്യുകയും 88,000 മത്സ്യക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുകയും ചെയ്തു. 61 മത്സ്യകർഷകർ പുതുതായി അംഗങ്ങളായി ചേരുകയും 75 പേർക്ക് പരിശീലനം നൽകുകയും ചെയ്തു.

മത്സ്യകർഷക വികസന ഏജൻസി, മലപ്പുറം.—റിപ്പോർട്ടുവർഷം 10.80 ഹെക്ടർ കുളങ്ങളിൽ സർവേ നടത്തുകയും 8·30 ഹെക്ടർ സ്ഥലത്ത് മത്സ്യകൃഷി നടപ്പിലാക്കുകയും ചെയ്തു. 32,050 മത്സ്യക്കുഞ്ഞുങ്ങളെ സ്റേറാക്ക് ചെയ്യുകയും 57 മത്സ്യകർഷകർ പുതുതായി അംഗങ്ങളായി ചേരുകയും 46 പേർക്ക് പരിശീലനം നൽകുകയും ചെയ്തു.

മൽസ്യകർഷക വികസന ഏജൻസി, കോഴിക്കോട്.—നടപ്പുവർഷം 14.26 ഹെക്ടർ കുളങ്ങൾ സർവേ നടത്തുകയും, 10.64 ഹെക്ടർ കുളങ്ങളിൽ മത്സ്യകൃഷി നടപ്പിലാക്കുകയും ചെയ്തു. 8,695 മത്സ്യക്കുഞ്ഞുങ്ങളെ സ്റേറാക്ക് ചെയ്തു. 201 മത്സ്യ കർഷകർ പുതുതായി ഏജൻസിയിൽ അംഗങ്ങളായി ചേർന്നിട്ടുണ്ട്. 88 മത്സ്യകർഷകർക്ക് പരിശീലനം നൽകി.

മത്സ്യകർഷക വികസന ഏജൻസി, വയനാട്.—നടപ്പുവർഷം ഏജൻസിയുടെ മേൽനോട്ടത്തിൽ 30.8 ഹെക്ടർ കുളങ്ങളിൽ സർവേ നടത്തുകയും 18.18 ഹെക്ടർ കുളങ്ങളിൽ മത്സ്യകൃഷി നടപ്പിലാക്കുകയും ചെയ്തു. 63,975 മത്സ്യക്കുഞ്ഞുങ്ങളെ സ്റേറാക്ക് ചെയ്തു. 58 മത്സ്യകർഷകർ പുതുതായി അംഗങ്ങളായി. 9 പേർക്ക് പരിശീലനം തുടങ്ങി.

മത്സ്യകർഷക വികസന ഏജൻസി, കണ്ണൂർ.—റിപ്പോർട്ടുവർഷം ഏജൻസിയുടെ മേൽനോട്ടത്തിൽ 36.28 ഹെക്ടർ കുളങ്ങളിൽ സർവേ നടത്തുകയും 3.57 ഹെക്ടർ കുളങ്ങളിൽ മത്സ്യകൃഷി നടപ്പിലാക്കുകയും ചെയ്തു. 17,815 മത്സ്യക്കുഞ്ഞുങ്ങളെ സ്റേറാക്ക് ചെയ്തു. 79 മത്സ്യകർഷകർ അംഗങ്ങളായി ചേർന്നു. 80 പേർക്ക് പരിശീലനം നടത്തി.

മത്സ്യകർഷക വികസന ഏജൻസി, കാസർഗോഡ്.—നടപ്പുവർഷം 18 ഹെക്ടർ കുളങ്ങളിൽ സർവേ നടത്തുകയും, 18 ഹെക്ടർ കുളങ്ങളിൽ മത്സ്യകൃഷി നടത്തുകയും ചെയ്തു. 68,650 മത്സ്യക്കുഞ്ഞുങ്ങളെ സ്റേറാക്ക് ചെയ്യുകയും ചെയ്തു. 95 പേർ പുതിയതായി അംഗങ്ങളായി ചേർന്നു.

(എഫ്) ഓരു ജല മത്സ്യവികസന ഏജൻസി, കൊല്ലം.—കൊല്ലം ആസ്ഥാനമായി പ്രവർത്തിക്കുന്ന ഈ ഏജൻസിയുടെ പ്രവർത്തന മേഖല കൊല്ലം, കോട്ടയം എന്നീ ജില്ലകളാണ്. 104 ഹെക്ടർ സ്ഥലം സർവേ നടത്തി 54·99 ഹെക്ടർ സ്ഥലത്തു ചെമ്മീൻ കൃഷി നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്. 111 മത്സ്യകർഷകർ അംഗങ്ങളായി ചേർന്നിട്ടുണ്ട്. 100 പേർക്ക് ട്രെയിനിംഗ് നടത്തുകയും 69 പേർ ഈ ഏജൻസിയുടെ ഗുണഭോക്താക്കൾ ആകുകയും ചെയ്തു.

ഓരുജല മത്സ്യകർഷക വികസന ഏജൻസി, എറണാകുളം.— എറണാകുളം ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഈ ഏജൻസി

166 ഹെക്ടർ ജലാശയം സർവേ നടത്തി. 89.28 ഹെക്ടർ ചെമ്മീൻ കൃഷിക്ക് ഉപയുക്തമായ രീതിയിൽ പ്രാരംഭ നടപടികൾ എടുത്തുകൊണ്ടിരിക്കുന്നു. 101 മത്സ്യകർഷകർ അംഗങ്ങളാകുകയും 90 പേർക്ക് പരിശീലനം നൽകുകയം ചെയ്തു. 81 പേർ ഗുണഭോക്താക്കളായിട്ടുണ്ട്.

ഓരുജല മത്സ്യകർഷക വികസന ഏജൻസി, കണ്ണൂർ.—കണ്ണൂർ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഈ ഏജൻസിയുടെ പ്രവർത്തനപരിധി കണ്ണൂരും, കാസർഗോഡും ഉൾപ്പെടുന്നു. റിപ്പോർട്ടുവർഷം 57.42 ഹെക്ടർ സർവേ നടത്തുകയും 68.01 ഹെക്ടർ ചെമ്മീൻ കൃഷിക്ക് അനുയോജ്യമാക്കത്തക്കവിധത്തിൽ പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ട്. 69 മത്സ്യകർഷകർ പുതുതായി അംഗങ്ങളായി ചേരുകയും 65 പേർക്ക് പരിശീലനം നൽകുകയും, 13 പേർ ഗുണഭോക്താക്കളാകുകയും ചെയ്തു.

കൂടാതെ അലപ്പുഴ, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ പുതിയതായി ഓരുജല മത്സ്യകർഷക വികസന ഏജൻസി റിപ്പോർട്ടുവർഷം രജിസ്ററർ ചെയ്തു.

(ജി) ഉൾനാടൻ ജലാശയങ്ങളിലെ സർവേ.—ശുദ്ധജലാശയങ്ങളും ഓരുജലാശയങ്ങളും അടങ്ങുന്നതാണ് കേരളത്തിന്റെ ഉൾനാടൻ ജലസമ്പത്ത്. നിലവിലുള്ള കണക്കുകൾ അനുസരിച്ച് ഏകദേശം 360,000 ഹെക്ടർ വരുന്ന ഈ ഉൾനാടൻ ജലസമ്പത്ത് കേരളത്തിന്റെ സാമ്പത്തിക സാമൂഹ്യമേഖലകളിൽ തനതായ സ്വാധീനം ചെലുത്തുന്നു.

കേരളത്തിലെ ചെമ്മീൻകൃഷി വികസിപ്പിക്കുന്നതിനുവേണ്ടി കുവൈററ്ഫണ്ട് ധനസഹായത്തോടെ തിരുവനന്തപുരം ആസ്ഥാനമാക്കി 24–5–1989-ൽ ഏജൻസി ഫോർ ഡെവലപ്പുമെൻറ് ഓഫ് അകാകൾച്ചർ, കേരള (അഡാക്ക്) നിലവിൽവന്നു. ഈ സ്ഥാപനവും ഡെപ്യൂട്ടി ഡയറക്ടർ സർവേയും ചേർന്നു 1989-ൽ സർവേ ആരംഭിച്ചു. കേരളത്തിലെ തീരദേശ ജില്ലകൾ സർവേക്കുവേണ്ടി തെരഞ്ഞെടുത്തു. ഇതിൽ മലപ്പുറം, തൃശ്ശൂർ, എറണാകുളം, കോട്ടയം, ആലപ്പുഴ എന്നീ ജില്ലകളിൽ 4,831 ഹെക്ടറിൽ ഓരുജലാശയം ഉണ്ടെന്നു കണ്ടെത്തി. തൃശ്ശൂർ ജില്ലയിൽ ബ്ലാങ്ങാട്, കടപ്പുറം, ചേററുവ, നാട്ടിക, വലപ്പാട്, മേലാൻകുളം എന്നീ സ്ഥലങ്ങളിലും എറണാകുളം ജില്ലയിൽ ചെറായി, മാലിപ്പുറം, ബീച്ചു റോഡ്, പുത്തൻതോട് എന്നീ സ്ഥലങ്ങളും, ആലപ്പുഴയിൽ പള്ളിത്തോട്, അന്ധകാരനഴി എന്നീ സ്ഥലങ്ങളും ചെമ്മീൻകൃഷിക്ക് അനുയോജ്യമാണെന്നു കണ്ടെത്തി. മലപ്പുറം ജില്ലയിൽ കടലുണ്ടി, പൊന്നാനി, എന്നീ ആഴികളും പൂരപ്പുഴ, പുതുപൊന്നാനി എന്നീ പൊഴികളും ചെമ്മീൻ കൃഷിക്ക് അനുയോജ്യമാണെന്നു കണ്ടെത്തി.

പാലക്കാട് ജില്ലയിൽ മലമ്പുഴ, മീൻകര, പോത്തുണ്ടി, മംഗലം, പറമ്പിക്കുളം, വാളയാർ, പൂതക്കടവ് എന്നീ റിസർവോയറുകളുടേയും, തൃശ്ശൂർ ജില്ലയിലെ പീച്ചി, വാഴാനി, ഷോളയാർ, പെരിങ്ങൽകുത്ത് എന്നീ റിസർവോയറുകളുടേയും വിശദാംശങ്ങൾ ശേഖരിക്കുകയുണ്ടായി.

മത്സ്യചെമ്മീൻകൃഷി സംസ്ഥാനത്ത് വ്യാപിപ്പിക്കുന്നതിൽ സർവേയ്ക്കുള്ള പ്രസക്തി വളരെ പ്രധാനമാണ്.

(എച്ച്) മത്സ്യ രോഗം.—കേരളത്തിൽ അടുത്തകാലത്തുണ്ടായ എപ്പിസോററിക്ക് അൾസറേററീവ് സിൻഡ്രോം എന്ന മത്സ്യ രോഗത്തെപ്പററി

പഠിക്കുന്നതിനും അതിനുപ്രതിവിധി കാണുന്നതിനുംവേണ്ടി പല റിസർച്ചുകളും സ്ററഡികളും നടത്തുന്നതിനുവേണ്ടി 10 ലക്ഷം രൂപ (സംസ്ഥാനവിഹിതം 5 ലക്ഷം രൂപ) വകയിരുത്തിയിട്ടുണ്ട്..

## മററു സംരംഭങ്ങൾ

### 1. മൽസ്യ സൂക്ഷിപ്പും വിതരണവും

ഐസ് ഉൽപ്പാദന കേന്ദ്രങ്ങളും ശീതസംഭരണികളും.—റിപ്പോർട്ടു വർഷം പ്രവർത്തിച്ച ഐസ് പ്ലാൻറുകളുടെ മാത്രം വിവരണങ്ങളാണ് താഴെ കൊടുക്കുന്നത്.

ഐസ്പ്ലാൻറ്, കായംകുളം.—റിപ്പോർട്ടു വർഷം 92.291 മെട്രിക്ടൺ ഐസ് ഉൽപാദിപ്പിച്ചു വിററവകയിൽ 13678·05 രൂപ വരുമാനം ഉണ്ടായിട്ടുണ്ട്.

ഐസ്പ്ലാൻറ്, കൊയിലാണ്ടി.—റിപ്പോർട്ടു വർഷം 92,378 രൂപയ്ക്കുള്ള 612·700 മെട്രിക്ടൺ ഐസ് ഉൽപാദിപ്പിച്ച് വില്പന നടത്തി.

ആററിപ്ര, വിഴിഞ്ഞം, പുനലൂർ, ചെങ്ങന്നൂർ, അഴീക്കോട്, തൃശ്ശൂർ ബ്ലാങ്ങാട്, തലായ്, മാടായി, വളപട്ടണം, കണ്ണൂർ, ബേപ്പൂർ, പൊന്നാനി, താനൂർ, കോട്ടയം, കാസർകോഡ് എന്നീ പ്ലാൻറുകൾ റിപ്പോർട്ടു വർഷം പ്രവർത്തിച്ചില്ല.

### 2. മൽസ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ

മൽസ്യത്തൊഴിലാളി ക്ഷേമസംഘങ്ങളുടെ പ്രവർത്തനം ഏകീകരിച്ചു സഹകരണമേഖലയിൽ കൊണ്ടുവന്നിട്ടുണ്ട്. കടൽ മേഖലയിൽ ഇപ്രകാരമുള്ള 81 ക്ഷേമ വികസന സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 1–10–1992 മുതൽ 127 ക്ഷേമ വികസന സഹകരണസംഘങ്ങൾ രൂപീകരിച്ചു. ഉൾനാടൻ മേഖലയിൽ ഇപ്രകാരമുള്ള 23 ഉൾനാടൻ ക്ഷേമ വികസന സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. സ്പെഷ്യൽ കംപോണൻറ്പ്ലാൻ, ട്രൈബൽ സബ്പ്ലാൻ ഇവയുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് 72 പട്ടികജാതി പട്ടികവർഗ്ഗ സഹകരണസംഘങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്.

### 3. മററു പ്രവർത്തനങ്ങൾ

(എ) ഗൈഡു ലൈററുകൾ.—കടലിൽ മൽസ്യബന്ധനത്തിനു പോകുന്ന മൽസ്യത്തൊഴിലാളികൾക്കു ദിക്കുകൾ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശം ലഭിക്കുന്നതിനുവേണ്ടിയാണ് ഗൈഡു ലൈററുകൾ സ്ഥാപിക്കുന്നത്.

തിരുവനന്തപുരം ജില്ലയിലെ പെരുമാതുറയിലെ ഗൈഡു ലൈററിൻെറ പണി തുടർന്നുകൊണ്ടിരിക്കുന്നു.

എറണാകുളം ജില്ലയിലെ ചെല്ലാനം ഗൈഡു ലൈററിൻെറ പണി നടന്നുകൊണ്ടിരിക്കുന്നു.

(ബി) പുനരധിവാസവും ഭവനനിർമ്മാണവും.—ഹഡ്കോയുടെ വായ്പാ സാമ്പത്തികസഹായത്തോടുള്ള ഭവനനിർമ്മാണ പ്രവർത്തനങ്ങളിപ്പോൾ മൽസ്യഫെഡിന്റെ നിയന്ത്രണത്തിലാണ് നടന്നുവരുന്നത്. സബ്സിഡി നിരക്കിൽ ഹഡ്കോയുടെ ധനസഹായത്തോടെ 3 ഘട്ടങ്ങളായി ഏറ്റെടുത്തിരുന്ന 30,000 ഭവനങ്ങളിൽ 28,150 എണ്ണം പൂർത്തിയായി. 858 വീടുകളുടെ പണി പലഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. വിഴിഞ്ഞം മൽസ്യബന്ധന തുറമുഖത്തോടനുബന്ധിച്ചു കുടിയൊഴിപ്പിക്കപ്പെട്ട മൽസ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള വിഴിഞ്ഞം റിഹാബിലിറ്റേഷൻ പദ്ധതി സർക്കാരിന്റെ ധനസഹായത്തോടുകൂടി നടപ്പിലാക്കിവരുന്നു. 957 വീടുകളുടെ പണി ഏറ്റെടുത്തു. ഇതിൽ 810 വീടുകളുടെ പണി പൂർത്തിയാക്കി. 147 വീടുകളുടെ പണി പല ഘട്ടങ്ങളിലായി നടന്നുകൊണ്ടിരിക്കുന്നു, ഇതിൽ 403 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നുണ്ട്.

(സി) ഡിസ്പെൻസറികൾ.—ആലപ്പുഴ ജില്ലയിൽ പള്ളിത്തോടു ഡിസ്പെൻസറി പുതിയ കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. ഈ ഡിസ്പെൻസറിയുടെ ചുററുമതിൽ കെട്ടുക ശുദ്ധജലവിതരണം നടത്തുക എന്നിവയുടെ ജോലികൾ റിപ്പോർട്ടുവർഷം നടന്നുവരുന്നു.

തൃശ്ശൂർ ജില്ലയിലെ ഇടവിലങ്ങാട് ഡിസ്പെൻസറിയുടെ പണി റിപ്പോർട്ടുവർഷം പൂർത്തിയായി. 10-2-1993-ൽ വൈദ്യുതി കണക്ഷൻ ലഭിക്കുകയുണ്ടായി.

(ഡി) റോഡുകൾ.—തിരുവനന്തപുരം ജില്ലയിലെ പൂവാർ-ശങ്കുരുത്തി റോഡ്, പെരുമാതുറ റോഡ് എന്നിവയുടെ പണി റിപ്പോർട്ടു വർഷം നടന്നു.

മലപ്പുറം ജില്ലയിലെ മൊയ്തുണ്ണി ഹാജി റോഡ്, താനൂർ-കുട്ടായി റോഡ്, കടലുണ്ടിനഗരം, പരപ്പനങ്ങാടി റോഡ്, വാട്ടാഞ്ചേരി പട്ടാരപ്പറമ്പ് റോഡ്, കാസർകോഡ് ജില്ലയിലെ നീലേശ്വരം റോഡ്, കുമ്പള റെയിൽവേ സ്റ്റേഷൻ മുതൽ കുയിപ്പാറവരെയുള്ള റോഡ് എന്നിവയുടെ പണി റിപ്പോർട്ടുവർഷം നടന്നു.

(ഇ) വിദ്യാഭ്യാസാനുകൂല്യങ്ങൾ.—മൽസ്യത്തൊഴിലാളി കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ്, സ്റ്റൈപെൻറ്, പോക്കററു മണി എന്നീ ഇനങ്ങളിൽ റിപ്പോർട്ടുവർഷം 129·98 ലക്ഷം രൂപ വിതരണം ചെയ്തു.

(എഫ്) ഫലവൃക്ഷങ്ങൾ പാട്ടത്തിനു കൊടുത്ത വകയിൽ ഉണ്ടായ വരുമാനം.—വിവിധ ജില്ലകളിലായി ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെ അധീനതയിലുള്ള വസ്തുക്കളിലെ ഫലവൃക്ഷങ്ങൾ പാട്ടത്തിനു കൊടുത്ത വകയിൽ റിപ്പോർട്ടുവർഷം 1,59,720 രൂപ പിരിഞ്ഞുകിട്ടിയിട്ടുണ്ട്. ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധം 17-ൽ കൊടുത്തിട്ടുണ്ട്.

## മൽസ്യ ഗവേഷണം

(എ) സമുദ്രമൽസ്യഗവേഷണം.—ഫിഷറീസ് മേഖലയിൽ കാർഷിക സർവകലാശാലയാണ് ഇപ്പോൾ ഗവേഷണ പ്രവർത്തനങ്ങൾ നടത്തിവരു

ന്നത്. എന്നാൽ വിഴിഞ്ഞം കേന്ദ്രമായി പ്രവർത്തിച്ചുവരുന്ന മറൈൻ സർവേ സ്റ്റേഷൻ റിപ്പോർട്ടുവർഷവും പ്രവർത്തിച്ചിരുന്ന മറൈൻ സർവേ ആഫീസറുടെ സേവനം റിപ്പോർട്ടുവർഷവും അഡാക്കിന് വിട്ടുകൊടുത്തു.

(ബി) ശുദ്ധജല മൽസ്യഗവേഷണം.—മൽസ്യക്കുഞ്ഞുങ്ങളുടെ ഉൽപാദനവുമായി ബന്ധപ്പെട്ട പല ഗവേഷണപ്രവർത്തനങ്ങളും റിപ്പോർട്ടുവർഷം കേരളത്തിലെ വിവിധ മൽസ്യക്കുഞ്ഞുൽപ്പാദന കേന്ദ്രത്തിൽ നടത്തി. ആററുകൊഞ്ചു കുഞ്ഞുങ്ങളുടെ ഉൽപാദനത്തിൽ അഴീക്കോട് ഹാച്ചറിയിലും പോളച്ചിറ ദേശീയ മൽസ്യക്കുഞ്ഞുൽപാദന കേന്ദ്രത്തിലും ചില ഗവേഷണ പ്രവർത്തനങ്ങൾ നടത്തിയതിൻെറ ഫലമായി ആററുകൊഞ്ചു കുഞ്ഞുങ്ങളുടെ ഉൽപ്പാദനം റിപ്പോർട്ടുവർഷം വർദ്ധിപ്പിക്കുവാൻ കഴിഞ്ഞു.

ശുദ്ധജല മൽസ്യഗവേഷണ കേന്ദ്രം, മലമ്പുഴ.—കാർഫു മൽസ്യക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് വളർത്തിയെടുക്കുന്നതിൽ ഈ കേന്ദ്രം ശുദ്ധജലം കേന്ദ്രീകരിച്ചിരിക്കുന്നത് റിപ്പോർട്ടുവർഷം വിവിധയിനങ്ങളിൽപ്പെട്ട 42·29 ലക്ഷം ഫിംഗർലിങ്സും 17 ലക്ഷം ഹാച്ചിലിങ് ഈ കേന്ദ്രത്തിൽ ഉൽപ്പാദിപ്പിച്ചു വിതരണംചെയ്തു.

റിപ്പോർട്ടുവർഷം പ്ലാസ്ററിക് പൂളിൽ ഹാച്ചലിങ്സിനെ നിയന്ത്രിത രീതിയിൽ വളർത്തിയെടുക്കൽ, മുൻകൂർ മുട്ടയിടീക്കൽ അനുസരിച്ചുള്ള പരീക്ഷണങ്ങൾ കേജ് കൾച്ചറിൻെറ പ്രായോഗികത, സമ്മിശ്ര മൽസ്യകൃഷി പെൺകൾച്ചർ എന്നീ പരീക്ഷണങ്ങളും നടത്തുകയുണ്ടായി.

ഫിഷറീസ് കോംപ്ലക്സ്, പന്നിവേലിച്ചിറ.—റിപ്പോർട്ടുവർഷം ഈ കേന്ദ്രത്തിൽ 15·50 ലക്ഷം വിവിധയിനങ്ങളിൽപ്പെട്ട മൽസ്യക്കുഞ്ഞുങ്ങളേയും 1·25 ഫ്രൈയും ഉൽപ്പാദിപ്പിച്ചു. അവയിൽ 1·87 ലക്ഷം മൽസ്യക്കുഞ്ഞുങ്ങളെ വിതരണംചെയ്തു.

ദേശീയ മൽസ്യക്കുഞ്ഞുൽപ്പാദന കേന്ദ്രം, പോളച്ചിറ.—പ്രേരിത പ്രജനനംവഴി 7·86 ലക്ഷം മൽസ്യക്കുഞ്ഞുങ്ങളേയും 0·75 ഫ്രൈയും ഈ കേന്ദ്രത്തിൽ ഉൽപാദിപ്പിച്ച് വളർത്തിയെടുത്തു വിതരണം ചെയ്തിട്ടുണ്ട്.

സീഡ് ഡിപ്പോയും റിയറിങ് കേന്ദ്രവും, പരപ്പനങ്ങാടി.—മലമ്പുഴയിലെ ദേശീയ മൽസ്യക്കുഞ്ഞുൽപ്പാദന കേന്ദ്രത്തിൽ ഉൽപ്പാദിപ്പിച്ച 1·10 ലക്ഷം മൽസ്യക്കുഞ്ഞുങ്ങളും ഈ കേന്ദ്രത്തിലെ നേഴ്സറി കുളങ്ങളിൽ വളർത്തിയെടുത്തു ലഭിച്ച 31,500 എണ്ണം ഫിങ്കർലിങ്സിനെ മൽസ്യകൃഷിയ്ക്കായി വിതരണം ചെയ്തു.

മൽസ്യഗവേഷണ കേന്ദ്രം, എടതപ.—എടതപായിലുള്ള 3 കുളങ്ങളിൽ സംയോജിത മൽസ്യകൃഷി നടത്തിവരുന്നു. ഇതിനോടനുബന്ധിച്ചു താറാവുകൃഷിയും നടത്തിവരുന്നുണ്ട്. റിപ്പോർട്ടുവർഷം താറാവിൻെറ മുട്ട വിററയിനത്തിലും മററുമായി 5,211 രൂപ ലഭിക്കുകയുണ്ടായി.

അഴീക്കോട് ചെമ്മീൻകുഞ്ഞുൽപ്പാദനകേന്ദ്രം.—ഈ കേന്ദ്രത്തിൽ ആററുകൊഞ്ചുകുഞ്ഞുങ്ങളുടെ ഉൽപ്പാദനത്തിൽ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു പല പരീക്ഷണങ്ങളും നടത്തിവരുന്നു. തൽഫലമായി 3·28 ലക്ഷം ആററുകൊഞ്ചു കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ചു 3·21 ലക്ഷം വിതരണംചെയ്തു. റിപ്പോർട്ടുവർഷം 27·25 ലക്ഷം നാരൻചെമ്മീൻ

കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ചു 26·30 ലക്ഷം വിതരണം ചെയ്തു. കാര ചെമ്മീൻ കുഞ്ഞുങ്ങളുടെ 51,500 എണ്ണം ഉൽപ്പാദിപ്പിച്ച് 36,000 എണ്ണം വിതരണം നടത്തി.

## മൽസ്യ ബന്ധനം

1992-93 വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾ.—കടൽമേഖലയിലേയും ഉൾനാടൻ മേഖലയിലേയും മൽസ്യ ഉൽപ്പാദനം വർദ്ധിപ്പിക്കുക, മൽസ്യം സുഗമമായി കരയ്ക്കെടുപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക. പരമ്പരാഗത മേഖലയിലെ മൽസ്യബന്ധനോപകരണങ്ങൾ നവീകരിക്കുക. ഉൾനാടൻ മേഖലയിലെ മൽസ്യ ചെമ്മീൻ കൃഷി വികസിപ്പിക്കുക. മൽസ്യത്തൊഴിലാളികളുടെ സാമൂഹികവും സാമ്പത്തികവുമായ നിലവാരമുയർത്തുവാൻ ഉപകരിക്കുന്ന ക്ഷേമപ്രവർത്തനങ്ങൾ സംഘടിപ്പിക്കുക. കടൽമേഖലയിലും ഉൾനാടൻമേഖലയിലുമുള്ള മൽസ്യ സമ്പത്ത് സംരക്ഷിക്കുക. മൽസ്യകൃഷിക്ക് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കൂടുതൽ സാമ്പത്തിക സഹായം ലഭ്യമാക്കുക എന്നിവയാണ് 8-ാം പദ്ധതിയിലെ വികസനപ്രവർത്തനങ്ങളുടെ പൊതുവായ ലക്ഷ്യം. ഫിഷറീസ് ഡിപ്പാർട്ട്മെൻറ് മൽസ്യഫെഡ്, ഫിഷർമെൻ വെൽഫയർ ഫണ്ട് ബോർഡ് എന്നീ ഏജൻസികളുടെ ചുമതലയിലാണ് മൽസ്യമേഖലയിലെ വിവിധ വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നത്. ഈ മേഖലയിൽ നടപ്പിലാക്കിവരുന്ന പദ്ധതിപ്രവർത്തനങ്ങളെ മൽസ്യോത്പാദന വർദ്ധനവ് ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ മൽസ്യ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ, മൽസ്യത്തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾ എന്നും സംസ്ഥാനം ആവിഷ്ക്കരിച്ചു പൂർണ്ണമായും സംസ്ഥാന വിഭവങ്ങൾകൊണ്ട് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ കേന്ദ്ര അംഗീകാരത്തോടെയും കേന്ദ്ര ധനസഹായത്തോടെയും നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാന വിഭവത്തോടൊപ്പം ഇൻഡ്യയിലെ ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടെയോ വിദേശസഹായത്തോടെയോ നടപ്പിലാക്കിവരുന്ന പരിപാടികൾ എന്നും രണ്ടുതരത്തിൽ തരംതിരിക്കാവുന്നതാണ്. പ്രധാനമായും മൽസ്യ ബന്ധന തുറമുഖങ്ങൾ, മത്സ്യ ചെമ്മീൻ കർഷകവികസന ഏജൻസികൾ, മത്സ്യക്കുഞ്ഞുൽപ്പാദന കേന്ദ്രങ്ങൾ, ഉപ്പുജല മത്സ്യ ചെമ്മീൻ വളർത്തു ഫാമുകൾ എന്നിവ കേന്ദ്രസഹായത്തോടെ നടപ്പിലാക്കിവരുന്ന പദ്ധതി പ്രവർത്തനങ്ങളാണ്. മത്സ്യഫെഡിൻെറ മേൽനോട്ടത്തിൽ നടപ്പിലാക്കിവരുന്ന സമഗ്ര മത്സ്യബന്ധന വികസന പദ്ധതി ഭവനനിർമ്മാണ പദ്ധതികൾ എന്നിവ ധനകാര്യ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹായത്തോടെ ഏറ്റെടുത്തിട്ടുള്ള പരിപാടികളാണ്.

8-ാം പഞ്ചവത്സരപദ്ധതിയുടെ ഒന്നാം വർഷമായ 1992-93-ൽ സംസ്ഥാനപദ്ധതിക്ക് 2,450·00 ലക്ഷം രൂപ വകയിരുത്തിയിരുന്നു. എന്നാൽ സംസ്ഥാനത്തെ സാമ്പത്തിക ഞെരുക്കംമൂലം സംസ്ഥാനപദ്ധതിയിൽ 722 ലക്ഷം രൂപ കുറവുചെയ്തിരുന്നു. 50 ശതമാനം കേന്ദ്രസഹായമുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് 790·00 ലക്ഷം രൂപയും 100 ശതമാനം കേന്ദ്രസഹായമുള്ള പദ്ധതികൾക്ക് 900·251 ലക്ഷം രൂപയും എൻ. സി.ഡി.സി., ഹഡ്കോ എന്നിവയുടെ ധനസഹായമുള്ള പദ്ധതികൾക്ക് 546·00 ലക്ഷം രൂപയും അടക്കം 3,964·251 ലക്ഷം രൂപ വകയിരുത്തിയിരുന്നു. സംസ്ഥാന പദ്ധതിയും 1,186·00 ലക്ഷം രൂപയും 50 ശതമാനം

കേന്ദ്രാവിഷ്കൃത പദ്ധതി 640·56 ലക്ഷം രൂപയും 100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയിൽ 900·251 ലക്ഷം രൂപയും മററ് ഏജൻസികളുടെ ധനസഹായമുള്ള പദ്ധതിയിൽ 546·00 ലക്ഷം രൂപയും ചെലവായിട്ടുണ്ട്. മോത്തം ചെലവു വന്നിട്ടുള്ള 3,272·811 ലക്ഷം രൂപ 1992-93-ലെ പദ്ധതി അടങ്കലിൻെറ 82·56 ശതമാനമാണ്.

1992-93-ൽ നടപ്പിലാക്കിയ വിവിധ വികസനപ്രവർത്തനങ്ങളുടെ ഒരു സംക്ഷിപ്ത വിവരണം താഴെ ചേർക്കുന്നു:

1. മത്സ്യവളർത്തുഫാമുകളും, മത്സ്യക്കുഞ്ഞുൽപ്പാദന കേന്ദ്രങ്ങളും

(എ) പൊതുമേഖലയിലെ ഓരുജല മത്സ്യം വളർത്തുന്ന കേന്ദ്രങ്ങൾ.—പൊതുമേഖലയിൽ പൊയ്യ, ആയിരംതെങ്ങ്, ഞാറയ്ക്കൽ, മാലിപ്പുറം, പാലയിക്കരി എന്നിവിടങ്ങളിൽ ഓരുജല മത്സ്യ/ചെമ്മീൻ വളർത്തുകേന്ദ്രങ്ങൾ ഉണ്ട്. 50 ശതമാനം കേന്ദ്രസഹായമുള്ള പദ്ധതിയിൽ ഞാറയ്ക്കൽ, പാലയിക്കരി എന്നീ ഫാമുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. മാലിപ്പുറം ഫാമിൻെറ പണി പൂർത്തിയാകാറായി. ഞാറയ്ക്കൽ, പാലയിക്കരി, മാലിപ്പുറം എന്നീ ഫാമുകളിൽ മത്സ്യ/ചെമ്മീൻകൃഷി നടന്നുവരുകയും പൊയ്യ, ആയിരംതെങ്ങ് ഫാമുകളിൽ ട്രയൽ കൾച്ചർ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഞാറയ്ക്കൽ, പാലയിക്കരി, മാലിപ്പുറം എന്നീ ഫാമുകളിൽ നിന്നായി 1992-93-ൽ13·31 ലക്ഷം രൂപയ്ക്കുള്ള 12 ടൺ മത്സ്യവും, 18 ടൺ ചെമ്മീനും ലഭിച്ചിട്ടുണ്ട്. 9·88 ലക്ഷംരൂപ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ചെലവായിട്ടുണ്ട്. ഈ ഫാമുകളുടെ നിർമ്മാണത്തിന് 1992-93 അവസാനംവരെ 203·44 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(ബി) മത്സ്യക്കുഞ്ഞുൽപ്പാദന കേന്ദ്രങ്ങൾ.—മത്സ്യകൃഷിക്ക് ഡിപ്പാർട്ടുമെൻറിൻെറ കീഴിലുള്ള വിവിധ ഫാമുകളിൽ 1992-93-ൽ 86.78 ലക്ഷംമത്സ്യക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ചു വളർത്തിയെടുത്തിട്ടുണ്ട്.

(സി) മത്സ്യക്കുഞ്ഞു ഡിപ്പോകൾ.—ഡിപ്പാർട്ടുമെൻറിൻെറ മേൽനോട്ടത്തിൽ മത്സ്യക്കുഞ്ഞുങ്ങളെ ശേഖരിച്ച് മത്സ്യ കർഷകർക്ക് യഥാസമയം ആവശ്യാനുസരണം വിതരണം ചെയ്യുന്നതിനു നെയ്യാർ ഡാം, പരപ്പനങ്ങാടി, കോഴിക്കോട് എന്നിവിടങ്ങളിൽ സീഡ്ഡിപ്പോകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. 1992-93-ൽ 44570 എണ്ണം മത്സ്യക്കുഞ്ഞുങ്ങളെ ഈ ഡിപ്പോയിൽ വളർത്തിയെടുത്തു മത്സ്യ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്.

(ഡി) ഓരുജല മത്സ്യകർഷക വികസന ഏജൻസികൾ.—50 ശതമാനം കേന്ദ്രസഹായമുള്ള ഓരുജല മത്സ്യ/ചെമ്മീൻ കർഷക വികസന ഏജൻസി കൊല്ലം, എറണാകുളം, കണ്ണൂർ, കേന്ദ്രമായി പ്രവർത്തിച്ചുവരുന്നു. ഈ ഏജൻസിയുടെ പ്രവർത്തനമേഖല കൊല്ലത്തിൻേറത്, ആലപ്പുഴ, കൊല്ലം, കോട്ടയം എന്നീ ജില്ലകളും എറണാകുളത്തിൻേറത് എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളും കണ്ണൂരിൻേറത് കോഴിക്കോട്, കണ്ണൂർ, കാസർകോഡ് എന്നീ ജില്ലകളുമാണ്. എന്നാൽ 6-8-1992-ലെ ജി. ഒ. (എം. എസ്.) നമ്പർ 30/92 എഫ്. ആൻറ്. പി. ഡി. ഉത്തരവുപ്രകാരം ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ പുതിയ മൂന്ന് ഓരുജല മത്സ്യകർഷക വികസന ഏജൻസികൾ രജിസ്ററർ ചെയ്യുകയും അതാതു ജില്ലകളിലെ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർമാരെ എക്സ് ഒഫിഷ്യോ എക്സിക്യൂട്ടീവായി നിയമിക്കുകയും ചെയ്തു. തൻമൂലം കൊല്ലം ഓരുജല മത്സ്യ

കർഷക വികസന ഏജൻസിയുടെ പരിധിയിൽ തിരുവനന്തപുരം ജില്ലയും കൊല്ലം ജില്ലയും, എറണാകുളം ഓരുജല മത്സ്യകർഷക വികസന ഏജൻസിയുടെ പരിധിയിൽ എറണാകുളം ജില്ലയും, കണ്ണൂർ ഓരുജല മത്സ്യകർഷക വികസന ഏജൻസിയുടെ പരിധിയിൽ കണ്ണൂർ ജില്ലയും, കാസർകോഡ് ജില്ലയും, ആലപ്പുഴ ഏജൻസിയുടെ പരിധിയിൽ ആലപ്പുഴ ജില്ലയും തൃശ്ശൂർ ഏജൻസിയുടെ പരിധിയിൽ തൃശ്ശൂർ ജില്ലയും, കോഴിക്കോട് ഏജൻസിയുടെ പരിധിയിൽ കോഴിക്കോട്, മലപ്പുറം ജില്ലയും ഉൾപ്പെടുത്തിയിരിക്കുന്നു. ഓരുജല ചെമ്മീൻ കർഷകർക്ക് ഹെക്ടറിന് 30,000 രൂപാ നിരക്കിൽ ധനസഹായം നൽകുക, ചെമ്മീൻ കുഞ്ഞുങ്ങൾ വിതരണം ചെയ്യുക, മത്സ്യ/ചെമ്മീൻ കൃഷിക്ക് കർഷകർക്ക് സാങ്കേതികജ്ഞാനം പകർന്നുകൊടുക്കുക എന്നിവയാണ് ഏജൻസിയുടെ ലക്ഷ്യം. ഏജൻസിയുടെ വാർഷിക ലക്ഷ്യം 50 ഹെക്ടർ ഓരുജലാശയത്തിൽ ചെമ്മീൻകൃഷി നടപ്പിലാക്കുകയാണ്. കൂടാതെ വർഷത്തിൽ 100 ചെമ്മീൻ കർഷകർക്കു ശാസ്ത്രീയ ചെമ്മീൻകൃഷി പരിശീലനം നൽകുക എന്നിവയുമാകുന്നു. 1992-93-ൽ 66 ലക്ഷം രൂപ ഏജൻസിക്കുമാറി നൽകിയിട്ടുണ്ട് 192·25 ഹെക്ടർ ഓരുജലാശയങ്ങൾ മത്സ്യ/ചെമ്മീൻ കൃഷിക്ക് തെരഞ്ഞെടുത്ത് പ്രാരംഭപ്രവർത്തനങ്ങൾ നടത്തിവരുന്നു. മത്സ്യകർഷകർക്ക് പരിശീലനം നൽകുന്നതിനു പുറമേ സബ്സിഡിയിനത്തിൽ 23·30 ലക്ഷം രൂപവീതം വിതരണം ചെയ്യുന്നതിനു നടപടി സ്വീകരിച്ചു വരുന്നു.

(ഇ) ചെമ്മീൻകുഞ്ഞുത്പാദന കേന്ദ്രം.—ചെമ്മീൻകൃഷി വികസിപ്പിക്കുന്നതിനുതകുംവിധം നല്ലയിനം ചെമ്മീൻ കുഞ്ഞുങ്ങളെ ഉത്പാദിപ്പിച്ചു വിതരണം ചെയ്യുന്നതിനുവേണ്ടി അഴീക്കോടും, മാപ്പിളബേയിലും രണ്ടു ചെമ്മീൻകുഞ്ഞുത്പാദന കേന്ദ്രം പ്രവർത്തിച്ചുവരുന്നു. 1992-93-ൽ 3·88 ലക്ഷം രൂപ ചെലവായിട്ടുണ്ട്. അഴീക്കോട് ചെമ്മീൻകുഞ്ഞുത്പാദന കേന്ദ്രത്തിൽ 30·16 ലക്ഷം ചെമ്മീൻ കുഞ്ഞുങ്ങളെ നടപ്പുവർഷം ഉത്പാദിപ്പിച്ചു. മാപ്പിളബേയിലെ 17·35 ലക്ഷം ചെമ്മീൻ കുഞ്ഞുങ്ങളെ നടപ്പുവർഷം ഉൽപ്പാദിപ്പിച്ചു. മാപ്പിളബേയിലെ ചെമ്മീൻകുഞ്ഞുത്പാദന കേന്ദ്രം സമുദ്രോത്പന്ന കയററുമതി വികസന അതോറിററിയുടെ ധനസഹായത്തോടെയും കേന്ദ്ര സമുദ്ര മത്സ്യഗവേഷണ സ്ഥാപനത്തിൻെറ സാങ്കേതിക ഉപദേശത്തോടെയുമാണ് നടപ്പിലാക്കിവരുന്നത്.

## 2, ഗവേഷണം, വിദ്യാഭ്യാസം, വികസനം

(എ) ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളും പരിശീലനകേന്ദ്രങ്ങളും.—ഫിഷറീസ് ഡിപ്പാർട്ടുമെൻറിൻെറ നിയന്ത്രണത്തിൽ 5 മത്സ്യബന്ധന പരിശീലനകേന്ദ്രങ്ങളും 8 ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളും നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ആലപ്പാട്, അർത്തുങ്കൽ, എന്നിവിടങ്ങളിൽ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കേണ്ടതുണ്ട്. 1992-93-ൽ സ്കൂളുകളുടെ പ്രവർത്തനത്തിന് 12.41 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(ബി) വികസനം.—മത്സ്യ/ചെമ്മീൻകൃഷി വികസനപ്രവർത്തനങ്ങൾ, വിജ്ഞാനവ്യാപന പ്രവർത്തനങ്ങളും, സിനിമാപ്രദർശനങ്ങൾ എന്നിവ ഏറെറടുത്തു നടത്തിവരുന്നു. ഒരു വികസനവിഭാഗം ഡിപ്പാർട്ടുമെൻറിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ഈ വിഭാഗത്തിൻെറ ചെലവുകൾക്ക് 1992-93-ൽ 14·59 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(സി) ഗവേഷണം.—ആധുനിക മത്സ്യകൃഷിയിൽ പ്രായോഗിക ഗവേഷണ പ്രവർത്തനങ്ങൾ മലമ്പുഴയിലെ ശുദ്ധജല ഗവേഷണകേന്ദ്രത്തിലും അഴീക്കോട് ചെമ്മീൻകുഞ്ഞുൽപാദനകേന്ദ്രത്തിലും പോളച്ചിറ മത്സ്യകുഞ്ഞുത്പാദന കേന്ദ്രത്തിലും നടന്നുവരുന്നു. 1992–93-ൽ 3·25 ലക്ഷം രൂപ ചെലവായി.

### 3. ഉൾനാടൻ മത്സ്യബന്ധനം

(എ) ജലസംഭരണികളിലെ മത്സ്യബന്ധന വികസനപ്രവർത്തനങ്ങൾ.—നെയ്യാർ ഡാം, വാഴാനി, പീച്ചി, മലമ്പുഴ, മീൻകര, വാളയാർ, പോത്തുണ്ടി, ചുള്ളിയാർ, മംഗലം, കാഞ്ഞിരപ്പുഴ, പേപ്പാറ, കല്ലട, പെരുവണ്ണാമൂഴി, പമ്പ, കക്കി, ഷോളയാർ, പെരിങ്ങൽകുത്ത് എന്നീ ജലസംഭരണികളിൽ മത്സ്യകുഞ്ഞുങ്ങളെ സ്റേറാക്ക്ചെയ്ത് മത്സ്യകൃഷി നടത്തിവരുന്നുണ്ട്. 14,956 ഹെക്ടർ വിസ്തീർണ്ണം വരുന്ന ഈ ജലസംഭരണികളിലാണ് ഇപ്പോഴും മത്സ്യകൃഷി നടന്നുവരുന്നത്. 1992-93-ൽ 4·74 ലക്ഷം രൂപ ചെലവായിട്ടുണ്ട്. ഇവയിൽ 9 ജലസംഭരണികളിൽ നിന്നു മാത്രമെ മത്സ്യം പിടിച്ചുതുടങ്ങിയിട്ടുള്ളു. 130 ടൺ മത്സ്യം ഈ ജലസംഭരണികളിൽനിന്നും നടപ്പുവർഷം ലഭിച്ചിട്ടുണ്ട്. മുൻവർഷം 147 ടൺ മത്സ്യം ലഭിച്ചിരുന്നു.

(ബി) കായലിൽ പട്രോളിങ്.—ഉൾനാടൻ മേഖലയിൽ അനധികൃത മത്സ്യബന്ധനം തടയുന്നതിന് കൊല്ലം ആലപ്പുഴ, എറണാകുളം എന്നീ ജില്ലകളിൽ കായലിൽ റോന്തുചുററൽ നടപടി നടത്തിവരുന്നുണ്ട്. നടപ്പുവർഷം 4·43 ലക്ഷം രൂപ ഇതിനു ചെലവായിട്ടുണ്ട്.

(സി) മത്സ്യകർഷക വികസന ഏജൻസികൾ.—നടപ്പുവർഷം 14 ജില്ലകളിലും മത്സ്യ കർഷക വികസന ഏജൻസികൾ പ്രവർത്തിച്ചുവരുന്നുണ്ട്. ശുദ്ധജല മത്സ്യകൃഷി വികസനത്തിനായി പ്രവർത്തിച്ചുവരുന്ന ഏജൻസികൾ 50 ശതമാനം കേന്ദ്രസഹായം ലഭിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൽപ്പെടുന്നു. മത്സ്യകൃഷിക്കനുയോജ്യമായ കുളങ്ങളുടെ സർവെ നടത്തുക, മത്സ്യകുഞ്ഞുങ്ങളെ വിതരണം നടത്തുക, മത്സ്യ കർഷകർക്ക് ധനസഹായവും പരിശീലനവും നൽകുക, ബാങ്കുവായ്പ ലഭ്യമാക്കുക എന്നിവയാണ് ഏജൻസിയുടെ പ്രവർത്തനങ്ങൾ. ഏജൻസിയുടെ വാർഷികലക്ഷ്യം 100 ഹെക്ടർ കുളങ്ങളിൽ സർവേ നടത്തി മത്സ്യകൃഷി നടപ്പിലാക്കുകയാണ്. 1992-93-ൽ 74·00 ലക്ഷം രൂപ ഏജൻസികൾക്ക് ചെലവായി. 810·13 ഹെക്ടർ ജലാശയങ്ങൾ സർവേ ചെയ്യുകയും 400·44 ഹെക്ടറിൽ മത്സ്യകൃഷി നടപ്പിലാക്കുകയും ചെയ്തു. 14·74 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ വിതരണംചെയ്തിട്ടുണ്ട്. 2,051 മത്സ്യ കർഷകരെ പുതിയ അംഗങ്ങളാക്കി ചേർത്തിട്ടുണ്ട്. 945 അംഗങ്ങൾക്ക് മത്സ്യകൃഷിയിൽ പരിശീലനം നൽകിയിട്ടുണ്ട്. 167·40 ഹെക്ടർ കുളങ്ങളിൽ മത്സ്യ വിളവെടുപ്പ് നടത്തുകയും 228·95 ടൺ മത്സ്യം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഏജൻസികളെല്ലാംകൂടി 14,238 അംഗങ്ങൾ നിലവിലുണ്ട്.

4. മൽസ്യബന്ധന തുറമുഖങ്ങളും മൽസ്യം കരയ്ക്കെടുപ്പിക്കുന്നതിനുള്ള കേന്ദ്രങ്ങളും

(എ) വിഴിഞ്ഞം മത്സ്യബന്ധന തുറമുഖം.—വിഴിഞ്ഞം മൽസ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണം 50 ശതമാനം ധനസഹായമുള്ള ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. 27-3-1988-ൽ പ്രവർത്തനം ആരംഭിച്ച ഈ മൽസ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. സ്ഥിരമായ ഒരു ലാൻറിംഗ് കേന്ദ്രം പണിയുന്നതിനുവേണ്ടി 34 ലക്ഷം രൂപ ചിലവു വരുമെന്നു കരുതുന്നു. കപാ, ഓക്ഷൻ ഹാൾ എന്നിവയുടെ പണി തുടർന്നുവരുന്നു.

(ബി) നീണ്ടകര മൽസ്യബന്ധന തുറമുഖം.—50 ശതമാനം കേന്ദ്ര സഹായമുള്ള ഒരു പദ്ധതിയാണിത്. 1992-93-ൽ 10 ലക്ഷം രൂപ വകയിരുത്തിയിരുന്നു. സംസ്ഥാന വിഹിതം (5 ലക്ഷം രൂപ). കപായുടെ പണി നടന്നുകൊണ്ടിരിക്കുന്നു. വാർപ്പിന്റെ പണി 477 മീററർ മുതൽ 505 മീററർ വരെ തീരാനുണ്ട്.

(സി) തങ്കശ്ശേരി മൽസ്യബന്ധന തുറമുഖം.—14.11 കോടി രൂപ ചെലവു കണക്കാക്കിയിട്ടുള്ള ഈ മൽസ്യബന്ധന തുറമുഖത്തിന്റെ പണി നടന്നുകൊണ്ടിരിക്കുന്നു. ബ്രേക്ക് വാട്ടറിന്റെ പണി 540 മീററർ വരെ പൂർത്തിയാക്കി.

(ഡി) മുനമ്പം മൽസ്യബന്ധന തുറമുഖം.—ഈ തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. തെക്കേ ബ്രേക്ക് വാട്ടറിന്റെ പണി നടന്നുകൊണ്ടിരിക്കുന്നു. 120 മീറററോളം പൂർത്തിയാക്കി. വീഡ്ജ് ബ്രീഡ്ജിന്റെയും അപ്രോച്ച് റോഡിന്റെയും പണി പൂർത്തിയായി. അഡ്മിനിസ്ട്രേററീവ് ഓഫീസിന്റെ പണിക്കുള്ള ടെൻഡർ വിളിച്ചിട്ടുണ്ട്.

(ഇ) പുതിയാപ്പ മൽസ്യബന്ധന തുറമുഖം.—ഈ തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 527 ലക്ഷം രൂപ ചിലവു വരുമെന്ന് കണക്കാക്കിയിരിക്കുന്നു. സൗത്ത് ബ്രേക്ക് വാട്ടറിന്റെ 450 മീറററും വെസ്ററ് ബ്രേക്ക് വാട്ടറിന്റെ 430 മീറററും പണി പൂർത്തിയാക്കി. അഡ്മിനിസ്ട്രേററീവ് ബ്ലോക്കിന്റെയും സ്റേറാർ ഷെഡ്ഡിന്റെയും, ക്യാൻറീനിന്റെയും, പ്രൊവിഷൻ സ്റേറാറിന്റെയും, ലോക്കർ റൂമിന്റെയും ഇൻേറണൽ റോഡിന്റെയും പണി പൂർത്തിയാക്കി. ഈ തുറമുഖത്തിന്റെ പണി 1994-ൽ പൂർത്തിയാകുമെന്നു പ്രതീക്ഷിക്കുന്നു.

(എഫ്) മാപ്പിള ബേ മൽസ്യബന്ധന തുറമുഖം.—564 ലക്ഷം രൂപ ചെലവു പ്രതീക്ഷിക്കുന്ന ഈ തുറമുഖത്തിന്റെ പണിക്ക് 1992-ൽ അനുമതി ലഭിച്ചു. ഇതിന്റെ തറക്കല്ലിടൽ കർമ്മം 28-2-1993-ൽ മുഖ്യമന്ത്രി നിർവഹിച്ചു. 50 ശതമാനം കേന്ദ്രസഹായമുള്ള ഈ തുറമുഖത്തിന്റെ പ്രാഥമിക പണികൾ ആരംഭിച്ചു.

(ജി) ചോമ്പാൽ മൽസ്യ ബന്ധന തുറമുഖം.—50 ശതമാനം കേന്ദ്ര സഹായത്തോടുകൂടി ഈ തുറമുഖത്തിന് 1992-ൽ അനുമതി ലഭിച്ചു. ഇതിനു കണക്കാക്കിയിരിക്കുന്ന ആകെ ചിലവ് 556 ലക്ഷം രൂപയാണ്.

ഇതിനുവേണ്ട ഭൂമി ഏറ്റെടുക്കൽ പരിപാടി കഴിഞ്ഞു. ഇതിന്റെ തറക്കല്ലിടീൽ കർമ്മം ബഹുമാനപ്പെട്ട മുഖ്യമന്ത്രി 28-2-1993-ൽ നിർവ്വഹിച്ചു. പണികൾ നടന്നുകൊണ്ടിരിക്കുന്നു.

(എച്ച്) യന്ത്രവൽകൃത ബോട്ടുകൾ കരയ്ക്കടുപ്പിക്കുന്നതിനുള്ള കേന്ദ്രങ്ങൾ.—50 ശതമാനം കേന്ദ്രസഹായമുള്ള ഈ പദ്ധതിയിൽ 10 ലാൻറിംഗ് കേന്ദ്രങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 7 ലാൻറിംഗ് കേന്ദ്രങ്ങളുടെ പണി പൂർത്തീകരിച്ചു. ചേററുവായ് ലാൻറിംഗ് കേന്ദ്രത്തിന്റെ പണി നടന്നുകൊണ്ടിരിക്കുന്നു. പാലക്കോടിനുവേണ്ടി അഡീഷണൽ സ്ഥലം ആവശ്യമാണ്. ഭൂമി അക്വയർ ചെയ്യുന്നതിനുള്ള പ്രാരംഭ നടപടികൾ നടന്നുകൊണ്ടിരിക്കുന്നു. സൗത്ത് പരവൂരിന്റെ പണി വേണ്ടെന്നു വച്ചിരിക്കുകയാണ്, കാരണം ഇത് തങ്കശ്ശേരി മൽസ്യബന്ധന തുറമുഖത്തിന്റെ അടുത്താണ്.

## 5. പരമ്പരാഗത മൽസ്യതൊഴിലാളികൾക്ക് മൽസ്യം കരയ്ക്കടുപ്പിക്കുന്നതിനുള്ള കേന്ദ്രങ്ങൾ

50 ശതമാനം കേന്ദ്രസഹായത്തോടുകൂടി ഈ പദ്ധതിക്ക് 179.92 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതി അനുസരിച്ച് വിഴിഞ്ഞം സൗത്ത്, വിഴിഞ്ഞം നോർത്ത്, വള്ളിക്കുന്ന്, ചാലിൽ ഗോപാലപേട്ട, വെള്ളയിൽ ബീച്ച്, പള്ളിത്തോട്ടം, അർത്തുങ്കൽ, കൊയിലാണ്ടി എന്നീ ലാൻറിംഗ് കേന്ദ്രങ്ങൾ വരും. വെള്ളയിൽ ബീച്ചും, വള്ളക്കുന്നും കമ്മീഷൻ ചെയ്തു. ഇതിൽ വിഴിഞ്ഞം സൗത്തിന്റെ 90 ശതമാനം പണി പൂർത്തിയായി. ചാലിൽ ഗോപാലപേട്ട ലാൻറിംഗ് കേന്ദ്രത്തിന്റെ അഡ്മിനിസ്ട്രേററീവ് ഓഫീസിന്റെയും സെക്യൂരിററി ഓഫീസിന്റെയും സോർട്ടിംഗ് പ്ളാററ്ഫോമിന്റെയും പണി നടന്നുകൊണ്ടിരിക്കുന്നു. സ്ഥലവാസികളുടെ എതിർപ്പുമൂലം വിഴിഞ്ഞം നോർത്തിന്റെ പണി നിർത്തിവച്ചിരിക്കുകയാണ്. പള്ളിത്തോട്ടം ലാൻറിംഗ് കേന്ദ്രം തങ്കശ്ശേരി മൽസ്യബന്ധന തുറമുഖത്തിന് അടുത്തു വരുന്നതുകൊണ്ട് വേണ്ടെന്നു വെച്ചിരിക്കുകയാണ്. അർത്തുങ്കൽ ലാൻറിംഗ് കേന്ദ്രത്തിന്റെ പ്രാഥമിക പണികൾ ആരംഭിച്ചു. കൊയിലാണ്ടി ലാൻറിംഗ് കേന്ദ്രത്തിനുവേണ്ടി ഭൂമി ഏറെറടുത്തു. പ്രാരംഭപണികൾക്ക് വേണ്ടിയുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുന്നു.

## 6. മൽസ്യസംസ്ക്കരണം, വിപണനം, പരിരക്ഷണം, ഐസ്പ്ലാൻറുകളും ശീത സംഭരണികളും മൽസ്യവിപണനത്തിനുള്ള ധനസഹായവും

ഐസ് പ്ളാൻറുകളുടേയും ശീത സംഭരണികളുടേയും നവീകരണത്തിനും മൽസ്യവിപണനമേഖലയിൽ ആവശ്യമായ സ്ററാളുകളും മററും ഉണ്ടാക്കുന്നതിനും വേണ്ടി 1992-93-ൽ 15 ലക്ഷം രൂപ വകയിരുത്തിയിരുന്നു. 1992-93-ൽ 6.30 ലക്ഷം രൂപ ചെലവായിട്ടുണ്ട്. നീണ്ടകരയിൽ ഒരു വനിതാ ബാങ്ക് സ്ഥാപിച്ചു. ഈ ബാങ്ക് മൂലം മൽസ്യതൊഴിലാളി വനിതകൾക്ക് മൽസ്യവിപണനത്തിനുവേണ്ടി സാമ്പത്തിക ധനസഹായം നൽകുന്നുണ്ട്.

## 7. മൽസ്യബന്ധന ബോട്ടുകളുടെ യന്ത്രവൽക്കരണവും മെച്ചപ്പെടുത്തലും

(എ) ആഴക്കടൽ മൽസ്യബന്ധനം.—50 ശതമാനം കേന്ദ്രസഹായമുള്ള ഒരു പദ്ധതിയാണിത്. പുറം കടലിലുള്ള മൽസ്യസമ്പത്ത് ചൂഷണം

ചെയ്യുന്നതിന് ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ ധനസഹായത്തോടെ ആഴക്കടൽ മൽസ്യബന്ധന ബോട്ടുകൾ പ്രവർത്തിപ്പിക്കുന്നതിനും അതിന്റെ വിജയ സാദ്ധ്യതകളെയുംപററി പഠിപ്പിക്കുന്നതിനും സ്വകാര്യ മേഖലകളെ പ്രോൽസാഹിപ്പിക്കുന്നതിനും വേണ്ടി നടപ്പു വർഷം 20 ലക്ഷം രൂപ വകയിരുത്തിയിരുന്നു. (സംസ്ഥാന വിഹിതം 10 ലക്ഷം രൂപ) റിപ്പോർട്ടു വർഷം കൊച്ചിയിൽവെച്ച് ഒരു വർക്ക്ഷോപ്പ് നടത്തുകയുണ്ടായി. മൽസ്യഫെഡ്മൂലം നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ റിപ്പോർട്ടുവർഷം 7.50 ലക്ഷം രൂപ ചെലവായി.

(ബി) മൽസ്യബന്ധന വള്ളങ്ങളുടെ യന്ത്രവൽക്കരണം.—50 ശതമാനം കേന്ദ്രസഹായമുള്ള ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. 50 ശതമാനം സബ്സിഡി നിരക്കിൽ പരമ്പരാഗത മൽസ്യതൊഴിലാളികൾക്ക് (സബ്സിഡി തുല്യമായി കേന്ദ്രവും സംസ്ഥാനവും വഹിക്കുന്നു) ഔട്ട് ബോർഡ് എൻജിനുകൾ വിതരണം ചെയ്യുകയാണ് പദ്ധതി ലക്ഷ്യം. റിപ്പോർട്ട് വർഷം 596 ഔട്ട്ബോർഡ് എൻജിനുകൾ വിതരണം ചെയ്തു. 1992-93-ൽ 60 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. (സംസ്ഥാന വിഹിതം 15 ലക്ഷം രൂപ) റിപ്പോർട്ടു വർഷം 25 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

8. കേരള സമുദ്ര മൽസ്യബന്ധന നിയന്ത്രണനിയമം നടപ്പിലാക്കൽ

കേരള സമുദ്ര മൽസ്യബന്ധന നിയന്ത്രണ നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുവേണ്ടി പോലീസ് സൂപ്രണ്ടിന്റെ മേൽനോട്ടത്തിൽ ഒരു പ്രത്യേക വിഭാഗം ഫിഷറീസ് വകുപ്പിൽ പ്രവർത്തിക്കുന്നുണ്ട്. 1992-93-ൽ 35 ലക്ഷം രൂപ ഇതിനുവേണ്ടി വകയിരുത്തിയിരുന്നു. 1992-93-ൽ 35.27 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

9. മൽസ്യതൊഴിലാളികളുടെ സാമൂഹിക സുഖസൗകര്യങ്ങൾ

(എ) സബ്സിഡി നിരക്കിലുള്ള ഭവനനിർമ്മാണം.— ഹഡ്കോ ധനസഹായത്തോടെ നടപ്പിലാക്കിവരുന്ന ഒരു ഭവന നിർമ്മാണപദ്ധതിയാണിത്. വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കിവരുന്ന ഈ പദ്ധതിയുടെ 4-ാം ഘട്ടത്തിൽ ഏറെറടുത്ത വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. ഒന്നും, രണ്ടും, മൂന്നും, ഘട്ടങ്ങളിലെ അവശേഷിച്ച വീടുകളുടെ പണി പൂർത്തിയാക്കുന്നതിനും 4-ാം ഘട്ടത്തിലെ വീടുകളുടെ പണികൾക്കുമായി 1992-93-ൽ സംസ്ഥാന വിഹിതമായി 50 ലക്ഷം രൂപ വകയിരുത്തിയിരുന്നു. മൽസ്യഫെഡിന്റെ മേൽനോട്ടത്തിൽ നിർമ്മിച്ചുവരുന്നു. 4-ാം ഘട്ടത്തിൽപ്പെടുന്ന ഒരു വീടിന് 20,000 രൂപയാണ് സബ്സിഡി. ഒന്നും, രണ്ടും, മൂന്നും, ഘട്ടങ്ങളിലായി 28,150 വീടുകളുടെ പണി പൂർത്തിയായിട്ടുണ്ട്. 858 വീടുകളുടെ പണി വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു.

(ബി) നാഷണൽ ഫിഷർമെൻ വെൽഫയർ ഫണ്ടിന്റെ ധനസഹായത്തോടെയുള്ള ഭവന നിർമ്മാണ പദ്ധതി.—നാഷണൽ ഫിഷർമെൻ വെൽഫയർ ഫണ്ടിന്റെ 50 ശതമാനം ധനസഹായത്തോടെ തെരഞ്ഞെടുത്ത മൽസ്യബന്ധന ഗ്രാമങ്ങളിൽ ഭവന നിർമ്മാണം നടത്തിവരുന്നുണ്ട്. 1992-93-ൽ പദ്ധതിയുടെ നടത്തിപ്പിന് 140 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ഇതിൽ 70 ലക്ഷം രൂപ സംസ്ഥാന വിഹിതവും 70 ലക്ഷം രൂപ ദേശീയ മൽസ്യതൊഴിലാളി ക്ഷേമനിധിയിൽ നിന്നുള്ള വിഹിതവുമാണ്. നടപ്പു വർഷം 120.30 ലക്ഷം രൂപ ചെലവായിട്ടുണ്ട്. 957 വീടുകളുടെ പണി ഏറെറടുത്തു നടത്തിവരുന്നതിൽ നാളിതുവരെ 810 വീടുകളുടെ പണി പൂർത്തിയായിട്ടുണ്ട്. 144 വീടുകളുടെ പണി വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. പുതിയ പദ്ധതി അനുസരിച്ചു 330 വീടുകളുടെ പണി ഏറെറടുത്തിട്ടുണ്ട്.

### 10. മൽസ്യതൊഴിലാളി ക്ഷേമനിധി

മൽസ്യതൊഴിലാളികൾക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ്.— മൽസ്യതൊഴിലാളി ക്ഷേമനിധി ബോർഡിന്റെ മേൽനോട്ടത്തിൽ മൽസ്യതൊഴിലാളി ക്ഷേമ പരിപാടികൾ നടപ്പിലാക്കി വരുന്നു. ജനറൽ ഇൻഷ്വറൻസ് കോർപ്പറേഷൻ വഴി മൽസ്യതൊഴിലാളികളുടെ ക്ഷേമത്തിനായി ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു.

മൽസ്യബന്ധനത്തിനിടയിൽ അപകടമോ മരണമോ സംഭവിക്കുന്ന ഓരോ തൊഴിലാളിക്കും സാമ്പത്തിക സഹായം നൽകുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഗ്രൂപ്പ് ഇൻഷ്വറൻസ് പ്രീമിയം കേന്ദ്ര സംസ്ഥാന സർക്കാരുകൾ തുല്യമായിട്ടാണ് വഹിക്കുന്നത്. 1992–93-ൽ 16 ലക്ഷം രൂപ വകയിരുത്തിയിരുന്നു. (സംസ്ഥാന വിഹിതം 6 ലക്ഷം രൂപ). 1992–93-ൽ 14.39 ലക്ഷം രൂപ മൽസ്യതൊഴിലാളി ക്ഷേമനിധി ബോർഡിന് കൈമാററം ചെയ്തിട്ടുണ്ട്.

### 11. മൽസ്യഫെഡിനും മൽസ്യതൊഴിലാളി വികസന ക്ഷേമ സംഘങ്ങൾക്കുമുള്ള ഓഹരിമൂലധനവും ഭരണ നിർവഹണ സഹായവും

മൽസ്യഫെഡ്, ജില്ലാസംഘങ്ങൾ, മൽസ്യതൊഴിലാളി ക്ഷേമ വികസന സഹകരണസംഘങ്ങൾ, ഉൾനാടൻ മൽസ്യതൊഴിലാളി ക്ഷേമ സഹകരണ സംഘങ്ങൾ എന്നിവയുടെ ഓഹരി മൂലധനത്തിനും, ഭരണനിർവഹണത്തിനുമായി 60 ലക്ഷം രൂപ 1992–93-ൽ വകയിരുത്തിയിരുന്നു.

### 12. പ്രോജക്ററ് സെൽ ശക്തിപ്പെടുത്തൽ

ഫിഷറീസ് പ്രോജക്ററ് സെല്ലിൽ പ്രവർത്തിച്ചുവരുന്ന ഡിപ്പാർട്ടുമെൻറിലെ ജീവനക്കാരുടെ ശമ്പളം, മററു ചെലവുകൾ എന്നിവ നൽകുന്നതിനുവേണ്ടി 1992–93-ൽ 3 ലക്ഷം രൂപ വകയിരുത്തിയിരുന്നു.

### 13. സ്പെഷ്യൽ കമ്പോണൻറ് പ്ലാൻ

പട്ടികജാതി മൽസ്യതൊഴിലാളികളുടെ ഉന്നമനത്തിനുവേണ്ടി സ്പെഷ്യൽ കമ്പോണൻറ് പ്ലാനിൽപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികൾക്ക് 1992–93-ൽ 130 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഈ പദ്ധതിയനുസരിച്ച് വള്ളവും, വലയും, ഔട്ട്ബോർഡ് എഞ്ചിനും വിതരണം ചെയ്യുക, സൈക്കിൾ, ഓട്ടോറിക്ഷ എന്നിവ വാങ്ങുന്നതിനുള്ള ധനസഹായം നൽകുക, ചില്ലറ വില്പനശാലകൾ ആരംഭിക്കുക, മൽസ്യകൃഷിക്ക് ആവശ്യമായ ധനസഹായവും സാങ്കേതിക സഹായവും നൽകുക, മൽസ്യ കച്ചവടത്തിന് മൂലധനം നൽകുക, ഭവനനിർമ്മാണത്തിനു ധനസഹായം നൽകുക, എന്നിവയാകുന്നു. 1992–93-ൽ 189.15 ലക്ഷം രൂപ ചിലവായിട്ടുണ്ട്.

### 14. ട്രൈബൽ സബ്പ്ളാൻ

ഈ പദ്ധതിയനുസരിച്ച് പട്ടികവർഗ്ഗക്കാർക്ക് ഓട്ടോ റിക്ഷയും സൈക്കിളും നൽകുക, മൽസ്യവിപണന ശാലകൾ ആരംഭിക്കുന്നതിന്

ധനസഹായം നൽകുക, കുളങ്ങളിലും ജലസംഭരണികളിലും മൽസ്യകൃഷി നടത്തുന്നതിനുവേണ്ടി ധനസഹായവും സാങ്കേതിക പരിജ്ഞാനവും നൽകുക, വീടു വെയ്ക്കുന്നതിന് ധനസഹായം നൽകുക എന്നിവ യാകുന്നു. 1992-93-ൽ 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 19.85 ലക്ഷം രൂപ ചെലവായി.

15. തീരദേശ സാമൂഹ്യസൗകര്യങ്ങളും വികസനവും

മൽസ്യതൊഴിലാളികളുടെ ഉന്നമനത്തിനുവേണ്ടി റോഡുകൾ, ഡിസ്പെൻസറികൾ, ഗൈഡ്ലൈററുകൾ എന്നിവയുടെ നിർമ്മാണത്തിനു വേണ്ടി 1992-93-ൽ 20 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഇതിൽ 15.35 ലക്ഷം രൂപ ചെലവായി.

16. സ്ഥിതിവിവരകണക്കു വിഭാഗം ശക്തിപ്പെടുത്തൽ

ഫിഷറീസ് ഡെവലപ്പുമെൻറിലെ ആസൂത്രണ സ്ഥിതി വിവര കണക്ക് വിഭാഗത്തിൽ പ്രവർത്തിച്ചുവരുന്ന ജീവനക്കാരുടെ ശമ്പളം, മററു ചെലവുകൾ എന്നിവയ്ക്കായി 50 ശതമാനം കേന്ദ്രസഹായത്തോടുകൂടി നടപ്പിലാക്കി വരുന്ന ഒരു പദ്ധതിയാണിത്. 1992-93-ൽ 12 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഇതിൽ 6.54 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

17. സമഗ്ര മൽസ്യ ബന്ധന വികസന പ്രോജക്ററ്

(എ) എൻ. സി. ഡി. സി. ധനസഹായ പദ്ധതി.—ദേശീയ സഹകരണ വികസന കോർപ്പറേഷൻെറ ധനസഹായത്തോടെ തെരഞ്ഞെടുത്ത മൽസ്യ ബന്ധന ഗ്രാമങ്ങളിൽ സമഗ്ര മൽസ്യബന്ധന വികസനത്തിനുള്ള ഒരു പ്രോജക്ററ് നടപ്പിലാക്കി വരുന്നുണ്ട്. തെരഞ്ഞെടുത്ത 81 ഗ്രാമങ്ങളിൽ മൽസ്യബന്ധനോപകരണങ്ങൾ വിതരണം ചെയ്യുക, മൽസ്യവിപണനത്തിന് ധനസഹായം നൽകുക, ഗ്രാമതല അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചെടുക്കുക എന്നിവയാണ് പദ്ധതി ലക്ഷ്യം. 1992-93-ൽ 100 ലക്ഷം രൂപ സംസ്ഥാന വിഹിതമായും 546 ലക്ഷം രൂപ എൻ. സി. ഡി. സി. വിഹിതമായും പദ്ധതി നടത്തിപ്പിനു വകയിരുത്തിയിരുന്നു. സംസ്ഥാനവിഹിതമായി 96.65 ലക്ഷം രൂപയും എൻ. സി. ഡി. സി. വിഹിതമായി 546 ലക്ഷം രൂപയും മൽസ്യ ഫെഡിനു കൈമാററം ചെയ്തിട്ടുണ്ട്.

ഈ പദ്ധതിയുടെ ഒന്നാംഘട്ടം പൂർത്തിയാക്കി. രണ്ടാം ഘട്ടത്തിൽ ഇതുവരെ 972.23 ലക്ഷം രൂപ ചെലവായിട്ടുണ്ട്. മൂന്നാം ഘട്ടത്തിൽ 1,100 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 991.10 ലക്ഷം രൂപ വിലവരുന്ന 997 ഒ. ബി. എം-മുകളും 715 ക്രാഫ്ററുകളും 116.221 ടൺ വലയും 59.89 ലക്ഷം രൂപ വിലക്കുള്ള മററു ഉപകരണങ്ങൾ 8,233 മൽസ്യതൊഴിലാളികൾ ഉൾക്കൊള്ളുന്ന 1,364 ഗ്രൂപ്പുകൾക്ക് മൂന്നാം ഘട്ടത്തിൽ വിതരണം ചെയ്തു.

(ബി) ബാങ്കുകളുടെ സഹായത്തോടെയുള്ള പരിപാടികൾ.—ദേശീയ സഹകരണ വികസന കോർപ്പറേഷൻെറ സഹായത്തോടെ നടപ്പിലാക്കുന്ന മൽസ്യബന്ധന ഉപകരണങ്ങളുടെ വിതരണം ചില സ്ഥലങ്ങളിൽ നടപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല. അവിടെ ബാങ്കുകളുടെ ധനസഹായത്തോടെ പ്രസ്തുത പരിപാടി നടപ്പാക്കുന്നതിന് 1992-93-ൽ 1.50 ലക്ഷം രൂപ വകയിരുത്തിയിരുന്നു.

(സി) ഹഡ്കോ ധനസഹായത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രാഥമിക ശുചീകരണ പദ്ധതികൾ.—ഹഡ്കോയുടെ ധനസഹായത്തോടെ മൽസ്യതൊഴിലാളികൾക്ക് ഭവനനിർമ്മാണ പദ്ധതിയനുസരിച്ച് വീട് കിട്ടിയിട്ടുണ്ടെങ്കിൽ അവിടെ കക്കൂസ് നിർമ്മിക്കുന്നതിന് സാമ്പത്തികസഹായം നൽകുന്ന ഈ പദ്ധതി നടപ്പിലാക്കുന്നതിൽ 1992-93-ൽ 22.50 ലക്ഷം രൂപ സബ്സിഡിയായി വകയിരുത്തിയിരുന്നു. ഈ പദ്ധതി മൽസ്യഫെഡാണ് നടപ്പാക്കുന്നത്. നടപ്പുവർഷം 21.64 ലക്ഷം രൂപ ചിലവായി.

## 18. കുവൈററ് ഫണ്ടിൻെറ സഹായത്തോടെ സമഗ്ര ചെമ്മീൻ കൃഷി വികസനം

1,500 ഹെക്ടർ വരുന്ന ഓരു ജലാശയങ്ങളിൽ ചെമ്മീൻകൃഷി നടപ്പിലാക്കുന്നതിനുവേണ്ടി കുവൈററു ഫണ്ടിൻെറ ധനസഹായത്തോടെയുള്ള ഒരു പദ്ധതിയാണിത്. അഡാക്ക് ആണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 1992-93-ൽ 1,100 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഇതിൽ 40 ലക്ഷം രൂപ ചിലവായിട്ടുണ്ട്.

## 19. വിതരണത്തിനും അററകുററപണികൾക്കും വേണ്ടിയുള്ള കേന്ദ്രങ്ങൾ

മൽസ്യബന്ധന മേഖലയിൽ തൊഴിൽ സാദ്ധ്യത കുറയുന്ന മാസങ്ങളിൽ മററുമേഖലയിൽ തൊഴിൽ സാദ്ധ്യത കൂടുന്നതിനുവേണ്ടി നടപ്പിലാക്കിയിട്ടുള്ള ഒരു പദ്ധതിയാണിത്. മൽസ്യഫെഡാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. താങ്ങു വള്ളങ്ങളുടെ അററകുററപണി, ബോട്ടുകളിലെ യന്ത്രങ്ങളുടെ പണികൾ, വല തുന്നൽ, മൽസ്യം സംസ്ക്കരിച്ചു വിപണിയിലെത്തിക്കുക, മൽസ്യത്തീററ നിർമ്മിക്കുക, മൽസ്യകുഞ്ഞുല്പാദനം എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. 1992-93-ൽ 7 ലക്ഷം രൂപ വകയിരുത്തിയിരുന്നു.

## 20. വിഭവനിയോഗ സെൽ രൂപീകരിക്കൽ

കാലാകാലങ്ങളിൽ മൽസ്യബന്ധനത്തിൻെറ വിനിയോഗ നിരക്കും അതിൻെറ അളവും കണക്കാക്കുന്നതിനും അതു വർദ്ധിപ്പിക്കുന്നതിനും വേണ്ട പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുന്നതിനുവേണ്ടി 1992-93-ൽ 2 ലക്ഷം രൂപ വകയിരുത്തിയിരുന്നു. റിപ്പോർട്ടുവർഷം 1.76 ലക്ഷം രൂപ ചെലവായി.

## 21. മൽസ്യതൊഴിലാളികൾക്കുള്ള സമ്പാദ്യ ക്ഷേമ പദ്ധതി

50 ശതമാനം കേന്ദ്രസഹായമുള്ള ഒരു പദ്ധതിയാണിത്. മൽസ്യബന്ധനമേഖലയിൽ മൺസൂൺ കാലയളവിൽ തൊഴിൽ സാദ്ധ്യത കുറവായതിനാൽ മൽസ്യതൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിനുള്ള ഒരു പദ്ധതിയാണിത്. ഓരോ മൽസ്യതൊഴിലാളിയും മാസംതോറും 45 രൂപ നിരക്കിൽ മൽസ്യബന്ധനം നടക്കുന്ന 8 മാസക്കാലം ഈ പദ്ധതിയിൽ അടക്കേണ്ടതാണ്. കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും ഇതുപോലെ തുല്യവിഹിതം വീതം നൽകുന്നതും അങ്ങനെ സ്വരൂപിക്കുന്ന 1,080 രൂപ പഞ്ഞ മാസങ്ങളിൽ ഒരു മാസം 270 രൂപ നിരക്കിൽ 4 മാസഗഡുക്കളായി ഓരോ മൽസ്യതൊഴിലാളികൾക്കും നൽകുന്ന ഒരു പദ്ധതിയാണിത്. ഈ പദ്ധതിക്ക് 1992-93-ൽ 400 ലക്ഷം രൂപ വകയിരുത്തിയിരുന്നു. 378 ലക്ഷം രൂപ റിപ്പോർട്ടു വർഷം ചിലവായി.

## 1991_92-ലെയും 1992_93-ലെയും പ്ലാൻ, നോൺ പ്ലാൻ പദ്ധതികളുടെ ധനപരമായ അവലോകനം

(രൂപ ലക്ഷത്തിൽ)

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | 1991_92 | | 1992_93 | |
|---|---|---|---|---|---|
| | | ബഡ്ജറ്റ് പ്രകാരം അനുവദിച്ച തുക | ചെലവാക്കിയ തുക | ബഡ്ജറ്റ് പ്രകാരം അനുവദിച്ച തുക | ചെലവാക്കുന്ന തുക |
| 1 | 2 | 3 | 4 | 5 | 6 |
| | 1. പ്ലാൻ സ്കീമിൽപ്പെടുത്തിയ പദ്ധതികൾ | | | | |
| | (എ) സംസ്ഥാന പദ്ധതികൾ | | | | |
| 1 | മൽസ്യം വളർത്തൽ കേന്ദ്രങ്ങളും മൽസ്യക്കുഞ്ഞുൽപ്പാദന കേന്ദ്രങ്ങളും .. | 38·00 | 23·51 | 20·00 | 8·60 |
| 2 | ഗവേഷണം, വിദ്യാഭ്യാസം, പരിശീലനം .. | 35·00 | 22·94 | 55·00 | 30·30 |
| 3 | ഉൾനാടൻ മൽസ്യവികസനം .. | 70·50 | 46·50 | 137·00 | 109·10 |
| 4 | മൽസ്യബന്ധന തുറമുഖങ്ങളും മൽസ്യം കരയ്ക്കടുപ്പിക്കുന്നതിനുള്ള കേന്ദ്രങ്ങളും .. | 207·00 | 206·50 | 283·00 | 265·30 |
| 5 | പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്ക് മൽസ്യം കരയ്ക്കടുപ്പിക്കുന്നതിനുള്ള കേന്ദ്രങ്ങൾ .. | 20·00 | 5·87 | 12·00 | 6·93 |
| 6 | സംസ്ക്കരണവും കേടുവരാതെ സൂക്ഷിക്കലും വിപണനവും .. | 15·00 | 10·41 | 21·00 | 121·80 |

| | | | | | |
|---|---|---|---|---|---|
| 7 | നാടൻ വള്ളങ്ങൾ നവീകരിക്കൽ .. | 30·00 | 15·00 | 45·00 | 12·50 |
| 8 | സമുദ്ര മൽസ്യബന്ധന നിയന്ത്രണ നിയമം നടപ്പിലാക്കൽ .. | 80·00 | 43·87 | 50·00 | 36·78 |
| 9 | സാമൂഹ്യ സുഖ സൗകര്യങ്ങൾ (ഭവനനിർമ്മാണം) | 72·00 | 56·09 | 120·00 | 60·15 |
| 10 | മൽസ്യത്തൊഴിലാളി ക്ഷേമനിധി .. | 8·00 | 8·74 | 8·00 | 7·20 |
| 11 | മൽസ്യഫെഡിനുള്ള ഓഹരി മൂലധനവും മാനേജീരിയൽ സബ്സിഡിയും .. | 85·00 | 30·00 | 60·00 | .. |
| 12 | ഫിഷറീസ് പ്രോജക്ട് സെൽ ശക്തിപ്പെടുത്തൽ .. | 3·00 | 1·32 | 3·00 | 0·48 |
| 13 | സ്ഥിതിവിവരക്കണക്കുവിഭാഗം ശക്തിപ്പെടുത്തൽ .. | 5·00 | 6·08 | 6·00 | 5·64 |
| 14 | മൽസ്യത്തൊഴിലാളികൾക്കുവേണ്ടിയുള്ള തൊഴിലധിഷ്ഠിത വികസന പദ്ധതി .. | 168·00 | 168·00 | 100·00 | 96·65 |
| 15 | ബാങ്ക് വായ്പ ലഭിക്കുന്ന പദ്ധതികൾ .. | 10·00 | 10·00 | 1·50 | .. |
| 16 | പുറമെനിന്നുള്ള ധനസഹായ പദ്ധതികൾ .. | 2·00 | .. | .. | .. |
| 17 | മൽസ്യത്തൊഴിലാളികൾക്കുവേണ്ടിയുള്ള അടിസ്ഥാനപരമായ ആരോഗ്യരക്ഷാ പദ്ധതി .. | 22·50 | .. | 22·50 | 21·64 |
| 18 | ചെമ്മീൻ വളർത്തലിനുവേണ്ടിയുള്ള ഫിഷറീസ് ഡെവലപ്പ്മെൻറ് പ്രോജക്ട് .. | 50·00 | .. | 1100·00 | 40·00 |
| 19 | വിതരണത്തിനും സർവീസിനുമുള്ള കേന്ദ്രങ്ങൾ സ്ഥാപിക്കൽ .. | 10·00 | .. | 7·00 | .. |
| 20 | വിഭവ വിനിയോഗ സെൽ സ്ഥാപിക്കൽ .. | 2·00 | 0·17 | 2·00 | 1·76 |
| 21 | മൽസ്യത്തൊഴിലാളികൾക്കുവേണ്ടിയുള്ള സമ്പാദ്യ സഹായ പദ്ധതി .. | 222·00 | 62·17 | 200·00 | 189·00 |
| 22 | എഫ്. എ. ഒ. യുടെ സഹായമുള്ള ഫുഡ് ഫോർ വർക്ക് പദ്ധതി .. | 2·00 | .. | 5·00 | .. |
| 23 | കൃത്രിമ കടൽപ്പുററ് പദ്ധതിയും വിഴിഞ്ഞം പുനരധിവാസ പദ്ധതിയും .. | 12·32 | 24·74 | 12·00 | 0·32 |
| 24 | ജില്ലാ കൗൺസിലിൽനിന്നും തിരിച്ചെടുത്ത പദ്ധതികൾ | | | | |
| | (1) മൽസ്യകർഷക വികസന ഏജൻസി .. | 30·00 | 30·00 | .. | .. |
| | (2) മത്സ്യക്കൃഷിക്കുവേണ്ടിയുള്ള ഇൻഷ്വറൻസ് പദ്ധതി .. | 5·00 | 5·52 | .. | .. |

# 1991_92-ലെയും 1992_93-ലെയും പ്ലാൻ, നോൺ പ്ലാൻ പദ്ധതികളുടെ ധനപരമായ അവലോകനം—(തുടർച്ച)

(രൂപ ലക്ഷത്തിൽ)

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | 1991_92 | | 1992_93 | |
|---|---|---|---|---|---|
| | | ബഡ്ജറ്റ് പ്രകാരം അനുവദിച്ച തുക | ചെലവാക്കിയ തുക | ബഡ്ജറ്റ് പ്രകാരം അനുവദിച്ച തുക | ചെലവാക്കിയ തുക |
| 1 | 2 | 3 | 4 | 5 | 6 |
| | (3) പ്രത്യേക ഘടക പദ്ധതികൾ .. | 110·00 | 106·52 | 130·00 | 129·15 |
| | (4) ഗിരിവർഗ്ഗ പദ്ധതി .. | 20·00 | 19·15 | 20·00 | 19·85 |
| 25 | ജില്ലാ കൗൺസിലുകൾ മുഖേന നടപ്പിലാക്കിയ പദ്ധതികൾ | | | | |
| | (1) ഊർജ്ജിത ഓരുജല മത്സ്യ/ചെമ്മീൻകൃഷി .. | 5·00 | 3·36 | .. | .. |
| | (2) സാമൂഹ്യ മത്സ്യ കൃഷി .. | 3·00 | 2·58 | .. | .. |
| | (3) സമ്മിശ്ര മത്സ്യ കൃഷി .. | 3·00 | 1·01 | .. | .. |
| | (4) വിദ്യാഭ്യാസവും പരിശീലനവും .. | 30·00 | 13·35 | .. | .. |
| | (5) ആഴക്കടൽ മത്സ്യബന്ധനം .. | 5·00 | .. | 10·00 | 7·50 |
| | (6) സാമൂഹ്യ സുഖസൗകര്യങ്ങൾ വർദ്ധിപ്പിക്കൽ .. | 30·00 | 23·07 | 20·00 | 15·35 |
| | | | | 2450·00 | 1186·00 |
| | | | | 722·00 | |
| | ആകെ .. | 1410·32 | 946·48 | 1728·00 | 1186·00 |

### 50 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതികൾ

| | | | | | | |
|---|---|---|---|---|---|---|
| 1 | പൊതുമേഖലയിലെ ഓരുജല മൽസ്യം വളർത്തൽ കേന്ദ്രം | .. | 15·00 | 4·86 | 15·00 | 4·62 |
| 2 | ചെമ്മീൻ കുഞ്ഞുൽപാദന കേന്ദ്രം | .. | 20·00 | .. | 5·00 | .. |
| 3 | വിഴിഞ്ഞം മൽസ്യബന്ധന തുറമുഖം | .. | 45·00 | .. | 45·00 | .. |
| 4 | നീണ്ടകര മൽസ്യബന്ധന തുറമുഖം | .. | 10·00 | .. | 5·00 | .. |
| 5 | പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്ക് മൽസ്യം കരയ്ക്കടുപ്പിക്കുന്നതിനുള്ള കേന്ദ്രങ്ങൾ | .. | 20·00 | 5·87 | 10·00 | 6·94 |
| 6 | മൽസ്യത്തൊഴിലാളികൾക്ക് ഉള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി | .. | 8·00 | 8·74 | 8·00 | 7·19 |
| 7 | ഓരുജല മൽസ്യകർഷക വികസന ഏജൻസി | .. | 27·50 | 27·50 | 33·00 | 33·00 |
| 8 | മുനമ്പം മൽസ്യബന്ധന തുറമുഖം | .. | 40·00 | 42·05 | 50·00 | 48·68 |
| 9 | തങ്കശ്ശേരി മൽസ്യബന്ധന തുറമുഖം | .. | 40·00 | 45·43 | 75·00 | 108·05 |
| 10 | യന്ത്രവൽക്കൃത മൽസ്യബന്ധന ബോട്ടുകൾ കരയ്ക്കടുപ്പിക്കുന്നതിനുള്ള കേന്ദ്രങ്ങൾ | .. | 5·00 | 12·36 | 2·00 | 5·62 |
| 11 | പുതിയാപ്പ മൽസ്യബന്ധന തുറമുഖം | .. | 60·00 | 58·58 | 50·00 | 48·41 |
| 12 | നാടൻ വള്ളങ്ങൾ യന്ത്രവൽക്കരിക്കൽ | .. | 15·00 | 15·00 | 30·00 | 12·50 |
| 13 | സ്ഥിതി വിവരക്കണക്ക് വിഭാഗം ശക്തിപ്പെടുത്തൽ | .. | 5·00 | 1·08 | 6·00 | 0·90 |
| 14 | സമുദ്ര മൽസ്യബന്ധന നിയന്ത്രണ നിയമം നടപ്പിലാക്കൽ | .. | 40·00 | .. | 15·00 | .. |
| 15 | പൊന്നാനി മൽസ്യബന്ധന തുറമുഖം | .. | 5·00 | .. | 2·00 | .. |
| 16 | വൻകിട ജലശേഖരങ്ങളുടെ വികസനവും പ്രയോജനപ്പെടുത്തലും | .. | 10·00 | .. | 10·00 | .. |
| 17 | ചെറുകിട ചെമ്മീൻ ഉൽപ്പാദന കേന്ദ്രം | .. | 3·00 | .. | .. | .. |
| 18 | മൽസ്യബന്ധന തുറമുഖങ്ങളുടെ നടത്തിപ്പും പരിപാലനവും | .. | 2·00 | .. | 2·00 | .. |
| 19 | മൽസ്യബന്ധന യാനങ്ങളുടെ വികസനം | .. | 15·00 | .. | 15·00 | .. |
| 20 | മൽസ്യത്തൊഴിലാളികൾക്കുവേണ്ടിയുള്ള സമ്പാദ്യ സഹായ പദ്ധതി | .. | 222·00 | 62·17 | 200·00 | 189·00 |

40/329—5

## 1991-92-ലെയും 1992-93-ലെയും പ്ലാൻ, നോൺ പ്ലാൻ പദ്ധതികളുടെ ധനപരമായ അവലോകനം—(തുടർച്ച)

(രൂപ ലക്ഷത്തിൽ)

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | 1991-92 ബഡ്ജറ്റ് പ്രകാരം അനുവദിച്ച തുക | 1991-92 ചെലവാക്കിയ തുക | 1992-93 ബഡ്ജറ്റ് പ്രകാരം അനുവദിച്ച തുക | 1992-93 ചെലവാക്കിയ തുക |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 21 | ജില്ലാ കൗൺസിലുകളിൽനിന്നും തിരിച്ചെടുത്ത പദ്ധതികൾ | | | | |
| | (1) മൽസ്യകർഷക വികസന ഏജൻസികൾ .. | 30·00 | 30·00 | 37·00 | 37·00 |
| | (2) മൽസ്യക്കൃഷിക്കുവേണ്ടിയുള്ള ഇൻഷ്വറൻസ് പദ്ധതി .. | 5·00 | .. | .. | .. |
| 22 | ജില്ലാ കൗൺസിലുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ | | | | |
| | (1) ആഴക്കടൽ മൽസ്യബന്ധനം .. | 5·00 | .. | 10·00 | .. |

| | | | | | |
|---|---|---|---|---|---|
| 23 | എൻ.എഫ്.ഡബ്ല്യു.എഫ്-ന്റെ ധനസഹായത്തോടെയുള്ള ഭവന പദ്ധതി .. | 22·00 | 6·08 | 70·00 | 60·15 |
| 24 | മൽസ്യോൽപ്പന്ന നിർമ്മാണ യൂണിററ് .. | .. | .. | 3·00 | .. |
| 25 | മൽസ്യം ശീതീകരിച്ചുള്ള വിപണനം .. | .. | .. | 3·00 | 49·50 |
| 26 | നേഴ്സറികുളങ്ങളുടെ നിർമ്മാണം .. | .. | .. | 20·00 | .. |
| 27 | ദേശീയ വിത്തുൽപ്പാദന ഫാമുകൾ .. | .. | .. | 10·00 | .. |
| 28 | മൽസ്യരോഗവും നിവാരണ മാർഗ്ഗവും .. | .. | .. | 5·00 | .. |
| 29 | ചോംബാൽ മൽസ്യബന്ധന തുറമുഖം .. | .. | .. | 27·00 | 14·73 |
| 30 | മാപ്പിളബേ മൽസ്യബന്ധന തുറമുഖം .. | .. | .. | 27·00 | 14·27 |
| | ആകെ (ബി) .. | 669·50 | 319·72 | 790·00 | 640·56 |
| | (സി) 100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതി | | | | |
| 1 | എൻ.സി.ഡി.സി. സഹായമുള്ള മൽസ്യബന്ധന വികസനത്തിനായിട്ടുള്ള സമഗ്ര പൈലററ് പദ്ധതി .. | 899·00 | 899·00 | 546·00 | 546·00 |
| 2 | വലനിർമ്മാണ യൂണിററ് വിപുലീകരിക്കൽ .. | .. | .. | 900·251 | 900·251 |
| | ആകെ (സി) .. | 899·00 | 899·00 | 1446·251 | 1446·251 |
| | ആകെ മൊത്തം (എ,ബി,സി) .. | 2978·82 | 2165·20 | 3964·251 | 3272·811 |
| | നോൺ പ്ലാൻ പദ്ധതികൾ | | | | |
| 1 | ഭരണവും നടത്തിപ്പും .. | 177·92 | 202·94 | 238·92 | 224·50 |
| 2 | ഉൾനാടൻ മൽസ്യബന്ധനം, പട്ടികജാതി മൽസ്യത്തൊഴിലാളികളുടെ വികസനത്തിനുവേണ്ടിയുള്ള പദ്ധതി പ്രത്യേക പദ്ധതി വിഹിതം .. | .. | 0·17 | .. | .. |
| 3 | കുളങ്ങളിൽ മൽസ്യങ്ങളെ ശേഖരിക്കലും ഊർജ്ജിതമായി മൽസ്യക്കുഞ്ഞുങ്ങളെ വളർത്തലും .. | 2·13 | 1·29 | 2·18 | 1·42 |

40/329—5a

## 1991–92-ലേയും 1992–93-ലേയും പ്ലാൻ, നോൺ പ്ലാൻ പദ്ധതികളുടെ ധനപരമായ അവലോകനം—(തുടർച്ച)

(രൂപ ലക്ഷത്തിൽ)



| ക്രമ നമ്പർ | പദ്ധതിയുടെ പേര് | 1991–92 ബഡ്ജറ്റ് പ്രകാരം അനുവദിച്ച തുക | 1991–92 ചെലവാക്കിയ തുക | 1992–93 ബഡ്ജറ്റ് പ്രകാരം അനുവദിച്ച തുക | 1992–93 ചെലവാക്കിയ തുക |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| | **നോൺ പ്ലാൻ പദ്ധതികൾ—(തുടർച്ച)** | | | | |
| 4 | വൻകിട ജലശേഖരങ്ങളുടെ വികസനവും പ്രയോജനപ്പെടുത്തലും .. | 15·89 | 17·05 | 20·85 | 17·53 |
| 5 | കായലിൽ മൽസ്യങ്ങളെ വളർത്തൽ .. | 1·22 | 1·60 | 1·38 | 1·72 |
| 6 | മൽസ്യക്കുഞ്ഞുൽപ്പാദന ഫാമുകൾ .. | 1·43 | 2·88 | 2·34 | 2·15 |
| 7 | പൊതുമേഖലയിലെ ഓരുജല മൽസ്യക്കൃഷി .. | 9·20 | 9·73 | 13·80 | 11·30 |
| 8 | ദേശീയ വിത്തുൽപ്പാദന പരിപാടി സ്ഥാപിക്കൽ .. | 9·16 | 10·66 | 11·57 | 12·00 |
| 9 | നാടൻ വള്ളങ്ങളും സജ്ജീകരണങ്ങളും മെച്ചപ്പെടുത്തൽ .. | 15·24 | 11·18 | 16·52 | 11·84 |
| 10 | ചെമ്മീൻ കുഞ്ഞുൽപ്പാദനം .. | 0·72 | 0·74 | 0·89 | 0·75 |
| 11 | വഴികാട്ടി വിളക്കുകൾ സ്ഥാപിക്കൽ .. | 0·35 | 1·93 | 0·45 | 0·39 |
| 12 | യന്ത്രവൽകൃത മൽസ്യബന്ധനം .. | .. | 0·001 | .. | .. |

| | | | | | |
|---|---|---|---|---|---|
| 13 | ബോട്ടു നിർമ്മാണശാലകൾ .. | 31·59 | 34·58 | 45·03 | 34·91 |
| 14 | ബോട്ടുകൾ ഇൻഷ്വർ ചെയ്യുന്നതിനുള്ള പ്രീമിയം .. | 8·00 | 8·00 | 8·00 | 8·00 |
| 15 | കടൽ രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടി മൽസ്യത്തൊഴിലാളികൾക്കും വിദഗ്ദ്ധർക്കും നൽകുന്ന പരിശീലന പരിപാടി .. | 2·50 | 8·99 | 2·50 | 0·40 |
| 16 | മൽസ്യബന്ധന തുറമുഖങ്ങളുടെ സംരക്ഷണവും നടത്തിപ്പും .. | 25·00 | 29·77 | 28·57 | 28·28 |
| 17 | ഐസ് പ്ലാൻറുകളും കോൾഡ് സ്റ്റോറേജുകളും .. | 28·85 | 32·17 | 39·34 | 37·95 |
| 18 | സംസ്കരണം, കേടുവരാതെ സൂക്ഷിക്കൽ എന്നിവയ്ക്കുള്ള സൗകര്യം വർദ്ധിപ്പിക്കൽ .. | .. | 0·12 | .. | .. |
| 19 | ഗവേഷണ പദ്ധതി .. | 8·85 | 8·26 | 9·34 | 10·29 |
| 20 | മൽസ്യബന്ധന സ്കൂളുകളും പരിശീലന കേന്ദ്രങ്ങളും .. | 48·49 | 55·45 | 66·34 | 59·65 |
| 21 | ജില്ലാ കൗൺസിലിനുവേണ്ടിയുള്ള ഗ്രാൻറ് .. | 139·98 | 51·52 | 9·72 | 3·22 |
| 22 | മൽസ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനുള്ള ഭവന പദ്ധതി .. | .. | 2·25 | .. | .. |
| 23 | മൽസ്യത്തൊഴിലാളി ക്ഷേമനിധിയിലേക്കുള്ള വിഹിതം .. | 400·00 | 380·25 | 216·00 | 216·00 |
| 24 | രജിസ്റ്റർ ചെയ്ത മൽസ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യം .. | .. | 102·57 | 130·00 | 115·19 |
| 25 | കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ ഇൻഷ്വർ ചെയ്തിട്ടുള്ള യന്ത്രവൽകൃത ബോട്ടുകളുടെ കേടുപാടുകൾ തീർക്കുന്നതിനുള്ള ചെലവ് .. | 0·25 | .. | 00·001 | .. |
| 26 | ഉൾനാടൻ മൽസ്യബന്ധന സ്ഥിതിവിവരക്കണക്കുകൾ .. | .. | 0·01 | .. | .. |
| 27 | ഗവൺമെൻറ് ഗ്യാരൻറി നിന്നതുനിമിത്തമുള്ള വായ്പ— കേരള ഫിഷറീസ് കോർപ്പറേഷനുവേണ്ടി ഇന്ത്യൻ ഓവർസീസ് ബാങ്കിൽ കൊടുക്കേണ്ട തുക .. | 24·79 | 26·57 | 25·00 | 28·34 |
| 28 | തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് നൽകിയ വായ്പകൾക്ക് ഗവൺമെൻറ് ഗ്യാരൻറി നിന്നതുനിമിത്തമുള്ള വായ്പകൾക്ക് തിരുവനന്തപുരം ജില്ലാ ഉത്തര മേഖല മൽസ്യവിപണന സഹകരണസംഘം നമ്പർ എഫ് (റ്റി) 110 (അഞ്ചുതെങ്ങ്) സംഘത്തിനുള്ള വായ്പ.. | 37·28 | 37·28 | 16·00 | 16·00 |

## 1991–92-ലേയും 1992–93-ലേയും പ്ലാൻ, നോൺ പ്ലാൻ പദ്ധതികളുടെ ധനപരമായ അവലോകനം—(തുടർച്ച)

(രൂപ ലക്ഷത്തിൽ)

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | 1991–92 | | 1992–93 | |
|---|---|---|---|---|---|
| | | ബഡ്ജററ് പ്രകാരം അനുവദിച്ച തുക | ചെലവാക്കിയ തുക | ബഡ്ജററ് പ്രകാരം അനുവദിച്ച തുക | ചെലവാക്കിയ തുക |
| 1 | 2 | 3 | 4 | 5 | 6 |
| | **നോൺ പ്ലാൻ പദ്ധതികൾ—(തുടർച്ച)** | | | | |
| 29 | മലബാർ സഹകരണ ബാങ്ക് നൽകിയ വായ്പയ്ക്ക് ഗവൺമെൻറ് ഗ്യാരൻറി നിന്നതുനിമിത്തമുള്ള വായ്പ കരം കോഴിക്കോട് മേഖലാ മൽസ്യവിപണന സഹകരണ സംഘം പുതിയാപ്പ എഫ് (റ) 174 ക്കുള്ള വായ്പ . . | 25·38 | 28·38 | 9·00 | 9·00 |
| 30 | യന്ത്രവൽക്കൃത ബോട്ടുകൾ വിതരണം ചെയ്യുന്നതിനുള്ള വായ്പകൾ . . | . . | 0·05 | . . | . . |
| | നോൺ-പ്ലാൻ ആകെ . . | 1014·12 | 1055·29 | 913·74 | 850·83 |

## പൊതുവിഭാഗം

1. കയററുമതിയും വിദേശമാർക്കററും.—1991–92-ൽ 44446.73 ലക്ഷം രൂപയ്ക്കുളള 58.743 മെട്രിക്ടൺ മത്സ്യ ഉൽപ്പന്നങ്ങരം കയററുമതി ചെയ്തിട്ടുണ്ട്. 1992–93-ൽ 41,425·39 ലക്ഷം രൂപയ്ക്കുളള 49·094 മെട്രിക്ടൺ മത്സ്യ ഉൽപ്പന്നങ്ങരം കയററുമതി ചെയ്തിട്ടുണ്ട്. ജപ്പാൻ, യു. കെ., സ്പെയിൻ, ഇററലി, ഫ്രാൻസ്, ഗ്രീസ്, യു. എസ്. എ., സിംഗപ്പൂർ, ഹോംകോംഗ് തുടങ്ങിയ രാജ്യങ്ങളിലേക്കാണ് കേരളത്തിൽ നിന്നും ഈ ഉൽപ്പന്നങ്ങരം പ്രധാനമായും കയററി അയയ്ക്കുന്നത്.

2. വരവും ചെലവും.—റിപ്പോർട്ടുവർഷം 0405 ഫിഷറീസ് ഹെഡിൽ വിവിധയിനങ്ങളിലായി 1,83,44,173 രൂപ വരവുണ്ടായിട്ടുണ്ട്. മുൻവർഷത്തെ വരവ് 1,29,74,013 രൂപയായിരുന്നു. (അനുബന്ധം 18 കാണുക). 2405, 4405, 6405 എന്നീ ഫിഷറീസ് ഹെഡുകളിലും 5054 എന്ന പി. ഡബ്ല്യു. ഡി. ഹെഡ്ഡിലും കൂടി ഫിഷറീസ് പ്ലാനിൽ നടപ്പുവർഷം 3272.81 ലക്ഷം രൂപയും (സംസ്ഥാന വിഹിതം 1,18,600 ലക്ഷം രൂപയും കേന്ദ്രഗവൺമെൻറിൻെറയും ധനകാര്യസ്ഥാപനങ്ങളുടെയും വിഹിതം 2086.81 ലക്ഷം രൂപയും) നോൺ പ്ലാനിൽ 850.83 ലക്ഷം രൂപയും ചെലവായിട്ടുണ്ട്. മുൻവർഷം പ്ലാനിലും നോൺ പ്ലാനിലും ഉണ്ടായ ചെലവ് യഥാക്രമം 2165·20 ലക്ഷം രൂപയും 1055.16 ലക്ഷം രൂപയും ആണ് (അനുബന്ധം 19 കാണുക).

3. വിവിധ പരിശീലനത്തിനയയ്ക്കപ്പെട്ട ഉദ്യോഗസ്ഥർ.—ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥൻമാരെ കോ-ഓപ്പറേററീവ് ട്രെയിനിംഗിന് അയയ്ക്കുന്നുണ്ട്. നടപ്പുവർഷം 12 ഉദ്യോഗസ്ഥൻമാർ പരിശീലനം പൂർത്തിയാക്കി. 12 ഉദ്യോഗസ്ഥൻമാരെ ട്രെയിനിംഗിന് അയച്ചിട്ടുണ്ട്.

ബോംബെ സെൻട്രൽ ഇൻസ്ററിററ്യൂട്ട് ഓഫ് ഫിഷറീസ് എഡ്യൂക്കേഷനിൽ 1992–93-ൽ പ്രൊപ്പഗൻറാ അസിസ്ററൻറായ ശ്രീ. ററി. ഡി. വേലായുധൻ പരിശീലനം പൂർത്തിയാക്കി.

4. മലയാളം ഭരണഭാഷയായി ഉപയോഗിക്കുന്നതിലുണ്ടായ പുരോഗതി.—മലയാളം ഭരണഭാഷയായി ഉപയോഗിക്കുന്നതിൽ നടപ്പുവർഷം ഗണ്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്. ഡിപ്പാർട്ടുമെൻറിൽ ഉപയോഗിച്ചുവരുന്ന രജിസ്ററുകരം ഫാറങ്ങരം എന്നിവ മിക്കവാറും മലയാളത്തിൽ ആക്കിക്കഴിഞ്ഞിട്ടുണ്ട്. ഭരണറിപ്പോർട്ട് മലയാളത്തിലാണ് തയ്യാറാക്കുന്നത്. ജില്ലാ ഓഫീസുകളിൽ നിന്നും ഡയറക്ടറേററിലേയ്ക്കും ഡയറക്ടറേററിൽ നിന്നും ജില്ലാ ഓഫീസുകളിലേക്കും ഉളള എല്ലാ കത്തിടപാടുകളിലും അസംബ്ലി ചോദ്യോത്തരങ്ങളിലും മററും മലയാളം മുൻവർഷത്തേക്കാരം കൂടുതലായി ഉപയോഗിച്ചുവരുന്നു.

5. പട്ടികജാതി/പട്ടികവർഗ്ഗക്കാരായ ഉദ്യോഗസ്ഥരുടെ വിവരങ്ങരം.—റിപ്പോർട്ടുവർഷം ഡിപ്പാർട്ടുമെൻറിൽ 62 ഗസററഡ് ഉദ്യോഗസ്ഥൻമാരും 718 നോൺ ഗസററഡ് ഉദ്യോഗസ്ഥൻമാരും 426 ലാസ്ററ്ഗ്രേഡ് ഉദ്യോഗസ്ഥൻമാരും ഉണ്ടായിരുന്നു. ഗസററഡ് ഉദ്യോഗസ്ഥൻമാരിൽ 10 പേരും നോൺ ഗസററഡ് ഉദ്യോഗസ്ഥൻമാരിൽ 79 പേരും ലാസ്ററ് ഗ്രേഡിൽ 57 പേരും പട്ടികജാതിയിൽപ്പെട്ടവരാണ്. നോൺ ഗഡററഡ് ഉദ്യോഗസ്ഥൻമാരിൽ 5 പേരും ലാസ്ററ്ഗ്രേഡ് ഉദ്യോഗസ്ഥൻമാരിൽ 3 പേരും പട്ടികവർഗ്ഗത്തിൽ പെട്ടവരാണ്.

6. ഇരുപതിന പരിപാടിയിൽപ്പെടുന്ന പദ്ധതികൾ.—വമ്പിച്ച വിളവെടുപ്പ്, സ്പെഷ്യൽ കംപോണൻറ് പ്ലാൻ, ട്രൈബൽ സബ് പ്ലാൻ, ഭവനനിർമ്മാണം എന്നിവയാണ് ഫിഷറീസ് മേഖലയിൽ വരുന്ന പുതുക്കിയ 20 ഇന പരിപാടിയിൽപ്പെടുന്ന പദ്ധതി പ്രവർത്തനങ്ങൾ. 1992–93-ൽ ഈ പദ്ധതിക്ക് യഥാക്രമം 1598 ലക്ഷം രൂപയും 130 ലക്ഷം രൂപയും 20 ലക്ഷം രൂപയും 212·50 ലക്ഷം രൂപയും വകയിരുത്തിയിരുന്നു. റിപ്പോർട്ടുവർഷം യഥാക്രമം 354·84 ലക്ഷം രൂപയും, 141·94 ലക്ഷം രൂപയും, ചെലവായിട്ടുണ്ട്. റിപ്പോർട്ടുവർഷം 42,390 മെട്രിക് ടൺ ഉൾനാടൻ മത്സ്യവും പിടിച്ചെടുത്തിട്ടുണ്ട്. മത്സ്യക്കുഞ്ഞുങ്ങളുടെ ഉൽപ്പാദനം വിതരണം എന്നിവയിലും മത്സ്യക്കൃഷി നടപ്പിലാക്കുന്നതിലും കാര്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്.

സ്പെഷ്യൽ കംപോണൻറ് പ്ലാൻ, ട്രൈബൽ സബ് പ്ലാൻ എന്നിവയിലൂടെ 2014 മത്സ്യത്തൊഴിലാളികൾക്കും പട്ടികജാതിക്കാർക്കും 311 പട്ടികവർഗ്ഗ മത്സ്യതൊഴിലാളികൾക്കും പ്രയോജനം ലഭിച്ചിട്ടുണ്ട്.

നാളിതുവരെ 28,150 വീടുകൾ പൂർത്തിയാക്കുകയും 850 വീടുകളുടെ പണി നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. 1,295 വീടുകളിൽ കക്കൂസ് നിർമ്മിച്ച് കൊടുക്കുകയും ചെയ്തു.

7. പൊതുവിലുള്ളവ.—റിപ്പോർട്ടുവർഷം ഫിഷറീസ് ഡയറക്ടർ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ വ്യത്യസ്ഥ നിലകളിൽ പ്രവർത്തനം നടത്തിയിരുന്നു. വിശദവിവരം താഴെ ചേർക്കുന്നു:—

(1) കേരള ഫിഷറീസ് കോർപ്പറേഷൻ—ബോർഡ് ഓഫ് ഡയറക്ടേഴ്സ് മാനേജിംഗ് ഡയറക്ടർ.

(2) കേരള ഫിഷർമെൻ വെൽഫയർ കോർപ്പറേഷൻ—ചെയർമാൻ.

(3) കേരള ഇൻലാൻറ് ഫിഷറീസ് ഡെവലപ്പ്മെൻറ് കോർപ്പറേഷൻ—ഡയറക്ടർ ബോർഡ് മെമ്പർ.

(4) കേരള സംസ്ഥാന മത്സ്യവികസന സഹകരണഫെഡറേഷൻ—മാനേജിംഗ് ഡയറക്ടർ.

(5) കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്—ഡയറക്ടർ ബോർഡ് എക്സ് ഒഫിഷ്യോ മെമ്പർ.

(6) കൊച്ചിൻ യൂണിവേഴ്സിററി എം. എസ്. ഡി. ഇൻഡസ്ട്രിയൽ ഫിഷറീസ്—ബോർഡ് ഓഫ് സ്ററഡീസ്—മെമ്പർ.

(7) കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിററി—ബോർഡ് ഓഫ് സ്ററഡീസ്—മെമ്പർ.

(8) ഹാർബർ സെക്യൂരിററി കമ്മിററി—കൊച്ചിൻ പോർട്ട് ട്രസ്ററ് മെമ്പർ.

(9) ഫിഷറീസ് സർവെ ഓഫ് ഇൻഡ്യ—കൊച്ചിൻ ബേസ് മാനേജ്മെൻറ് കമ്മിററി ചെയർമാൻ.

